വിഷവൃക്ഷത്തിന്റെ അടിവേരുകൾ തേടി

ജി. ശക്തിധരൻ

Sreejith S. C.S
9400278176

പ്രസാധനം
റൗണ്ട്ടേബിൾ
കൊച്ചിൻ – 24.

VISHAVRIKSHATHINTE AΔIVERUKAL THEDI
By G.Sakthidharan. Publishers Round Table Cochin - 24
Printed at P Krishna Pillai Memorial Printing
and Publishing Company Private Ltd.Trivandrum 1989 June.

Cover C.N. Karunakaran *Price: Rupees Five.*

ആമുഖം

മലയാള മനോരമയുടെ നൂറ് വർഷത്തെ സജീവ ചരിത്ര സാക്ഷ്യത്തിന്റെ സംസാരിക്കുന്ന തെളിവുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ദേശാഭിമാനി പത്രത്തിൽ പതിനാലു ലക്കങ്ങളിലായി (1988 ഒക്ടോബർ 17–31) പ്രസിദ്ധീകരിച്ച പരമ്പരയുടെ പുനഃപ്രകാശനമാണിത്.

ഒരു സഹജീവിയെയും അതിനെ ചൂഴ്ന്നു നിൽക്കുന്ന വ്യവസായ സാമ്രാജ്യത്തിന്റെ നിഗൂഢതകളെയും ചരിത്രത്തിന്റെ ഏടുകൾ ചികഞ്ഞ് പരിശോധിക്കുന്നതിൽ അസാധാരണത്വമുണ്ട് എന്നത് സത്യം. മലയാള മനോരമയുടെ ചരിത്ര രചനാ വ്യഗ്രതയിൽ അസാധാരണമായ ചിലതു തെളിഞ്ഞു കണ്ടതുകൊണ്ട് മാത്രമാണ് ഇതിന് മുതിരേണ്ടിവന്നത്. മൗലികവീക്ഷണത്തിൽ ധ്രുവങ്ങളുടെ അകലമുള്ള രണ്ട് പത്രങ്ങൾ തമ്മിലുള്ള സംവാദമായി ഇതിനെ ചുരുക്കി കണ്ടുകൂടാ. ഏതു സ്ഥാപനവും അതിന്റെ താൽപര്യങ്ങൾക്കും വർഗാഭിമുഖ്യത്തിനും അനുരൂപമായി അതിന്റെ മുൻകാല ചെയ്തികളെയും പാരമ്പര്യത്തെയും ന്യായീകരിച്ചേക്കാം. ആ നിലക്ക് മനോരമയുടെ ചരിത്ര ഗ്രന്ഥങ്ങളിലൂടെയും ജൂ[illegible]ആഘോഷങ്ങളിലൂടെയുമുള്ള പാരമ്പര്യ സാധൂകരണം സ്വാഭാവികം മാത്രം. പക്ഷെ തന്റെയും തന്റെ കുടുംബത്തിന്റെയും ചരിത്രത്തെ രാജ്യത്തിന്റെ ചരിത്രവുമായി കൂട്ടിക്കുഴച്ച് വരും തലമുറകളുടെ കൂടി രക്തധമനികളെ വിഷമയമാക്കാനുള്ള ശ്രമം മാപ്പർഹിക്കുന്നതല്ല.

മലയാള മനോരമ പ്രസിദ്ധീകരിച്ച ചരിത്ര ഗ്രന്ഥങ്ങളുടേയും ആവിഷ്കരിച്ച പ്രചാരണ തന്ത്രങ്ങളുടേയും ഫലമായി കേരളീയ ജീവിതത്തിന്റെ ഒരു നിർണായക ചരിത്രഘട്ടത്തിന്റെ യാഥാർഥ്യം വികൃതമാക്കപ്പെട്ടുകൂടെന്ന താൽപര്യമായിരുന്നു ഈ അന്വേഷണത്തിന്റെ പ്രേരണ. ഇത് ഇന്നേക്കുവേണ്ടിയുള്ള ഒരു പുലഭ്യവർഷമായി കരുതി കലിതുള്ളുന്നവർക്കും സമാശ്വസിക്കുന്നവർക്കും തെറ്റുപറ്റി. ഇത് നാളേക്കുള്ളതാണ്. വളരുന്നതും വരുന്നതുമായ തലമുറകൾക്കുള്ളതാണ്. ജനങ്ങളുടെ ഏതു തീരുമാനങ്ങളെയും സ്വാധീനിക്കാൻ കെൽപുണ്ടെന്ന് അടുത്ത കാലം വരെ തെറ്റായി ചിത്രീകരിക്കപ്പെട്ടിരുന്ന മനോരമയുടെ പൂർവ ചരിത്രത്തെ അനിഷേധ്യമായ രേഖകളുടെ പിൻബലത്തോടെ അപഗ്രഥിക്കാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. കേരളത്തിന്റെ പൊതു ജീവിതത്തിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന ഈ വടവൃക്ഷം ജനങ്ങളുടേയും രാജ്യത്തിന്റെയും ഭാഗധേയം നിശ്ചയിക്കുന്ന ചരിത്ര സന്ധികളിൽ ഇന്നെന്നപോലെ മുമ്പും ഒരു വിഷവൃക്ഷമായിരുന്നുവെന്ന സത്യം ഈ രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എതിരായ വിദ്വേഷപ്രകടനം ഈ അന്വേഷണത്തിന്റെ വിദൂര ലക്ഷ്യം പോലുമായിരുന്നില്ല. വിപുലമായ ഒരു ചരിത്ര ദൗത്യ നിർവഹണത്തിന്റെ ചുമതലയാണിതിൽ ഉൾച്ചേർന്നിരിക്കുന്നത്. മനോരമയുടെ ഇന്നത്തെ സാരഥികളിലും ആസ്ഥാന വിദ്വാൻമാരിലും ഈ അന്വേഷണം കാലേക്കൂട്ടി അസഹിഷ്ണുത സൃഷ്ടിച്ചത് സ്വാഭാവികം മാത്രം. ആധികാരിക രേഖകളിൽ ഊന്നി സമചിത്തതയോടെ നടത്തുന്ന ഇത്തരം ഒരന്വേഷണത്തെ "ഇഷ്ടമില്ലാത്തവരുടെ തന്തക്കു വിളിക്കലായി" വിശേഷിപ്പിച്ച് (മലയാളമനോരമ 1988 ഒക്ടോബർ 24) അവരിൽ ചിലർ യജമാന ഭക്തി ആവർത്തിച്ചുറപ്പിച്ചു. രാജ്യത്തിന്റെയും സമൂഹത്തിന്റെയും ജീവിതവുമായി ബന്ധപ്പെട്ട വ്യക്തിപരമായ കർമങ്ങൾപോലും സൂക്ഷ്മാന്വേഷണത്തിനും നിശിതാപഗ്രഥനത്തിനും വിധേയമാക്കലാണ് ചരിത്രത്തിന്റെ പ്രാഥമികമായ നിയോഗം. ആ നിലക്ക് ഇത്തരത്തിലുള്ള ഏതു പരിശോധനയും ആരുടെയെങ്കിലും പൂർവികൻമാരെ വിമർശിക്കലാകാതെ തരമില്ല. ആ അർഥത്തിൽ മാനവിക ചരിത്രവും ലോക ചരിത്രവും ആകെ ഇപ്പറഞ്ഞ

വിശേഷണത്തിലൊതുങ്ങുകയും ചെയ്യും.

മലയാള മനോരമയുടെ ജൻമദിനത്തിൽപോലും ഇന്ന് മായം കലർന്നിരിക്കുന്നു. മനോരമ പത്രം പുറത്തിറങ്ങിയ ദിവസം അടിസ്ഥാനമാക്കിയാൽ 1990 മാർച്ച് 22നാണല്ലോ ശതാബ്ദി ദിനം. 1890 മാർച്ച് 22ന് ഒന്നാം വാർഷികം ആഘോഷിച്ചത് സ്വാഭാവികം. ഇരുപത്തിഅഞ്ചാം വാർഷികമായ രജത ജൂബിലി 1915 ലായതിലും അസാധാരണത്വമില്ല. ഷഷ്ടിപൂർതിയെത്തിയപ്പോഴും വജ്ര ജൂബിലിയാഘോഷം മുറപ്രകാരം 1950ൽ തന്നെ കൊണ്ടാടി. പക്ഷെ പ്ലാറ്റിനം ജൂബിലിയും കഴിഞ്ഞു ജൻമശതാബ്ദിയിലെത്തിയപ്പോൾ സ്വന്തം ജൻമദിനത്തെ രണ്ടുവർഷത്തേക്ക് പിന്നോട്ടുപിടിച്ചുവലിച്ചു. എന്താണിതിന്റെ പൊരുൾ?

മലയാളമനോരമയുടെ നെറ്റിത്തടത്തിലെ മുഖമുദ്രയും കാലം മാറിയതനുസരിച്ച് മാറ്റി. " വിശ്വമാതാവായ വിക്ടോറിയ ചക്രവർതിനി തിരുമനസ്സിനെയും മൂലമാകുന്ന തിരുനാളിൽ അവതരിച്ചരുളുന്ന വലിയ തമ്പുരാൻ മൂലം തിരുനാൾ തിരുമനസിനെയും" തൃപ്തിപ്പെടുത്താൻ നെറ്റിക്കെട്ടെഴുത്തിൽ സിംഹക്കുട്ടികളെയും ആനക്കുട്ടികളെയും പ്രതിഷ്ഠിച്ച മനോരമ അധികാര സിംഹാസനത്തിലെ മാറ്റത്തിനനുസരിച്ച് മുഖമുദ്രയും മാറ്റി. സ്വാതന്ത്ര്യാനന്തരം കോൺഗ്രസ് അധികാരമേറ്റതോടെ സിംഹക്കുട്ടികളെ വലിച്ചെറിഞ്ഞ് കോൺഗ്രസിന്റെ പതാകയെ നെറ്റിത്തടത്തിൽ അവരോധിച്ചു. ഈ ചേരിമാറ്റം അംഗീകരിക്കപ്പെട്ട ശേഷമാണ് കോൺഗ്രസ് പതാക ഒഴിവാക്കി മുഖമുദ്ര ഇന്നത്തെ രൂപത്തിലാക്കിയത്.

ചരിത്ര വസ്തുതകൾ ഇവിടെ സൂക്ഷ്മതയോടെ അവതരിപ്പിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അൽപം പോലും പിഴച്ചിട്ടുണ്ടെങ്കിൽ ആർകും അത് ചൂണ്ടിക്കാണിക്കാം. ആരെയെങ്കിലും മനഃപൂർവം വേദനിപ്പിക്കാൻ വരികളിലോ വരികൾകിടയിലോ മുതിർന്നിട്ടില്ല. എങ്കിലും ചില സത്യങ്ങൾ വെളിപ്പെട്ടപ്പോൾ ചിലർക് വേദനിച്ചിരിക്കാം. അത് കരുതിക്കൂട്ടിയല്ല.

രേഖകളുടെ പിൻബലത്തോടെ മാത്രമെ ഇവിടെ നിഗമനങ്ങളിൽ എത്തിയിട്ടുള്ളു. പുരാസ്തു രേഖകൾ സൂക്ഷിക്കുന്ന ന്യൂദൽഹിയിലെയും തിരുവനന്തപുരത്തെയും സെൻട്രൽ ആർകൈവ്സുകൾ തിരുവനന്തപുരം സെക്രട്ടറിയേറ്റിലെ ഇംഗ്ലീഷ് റിക്കാർഡ് സെക്ഷൻ, കേരള ഹൈക്കോടതി എന്നിവയുടെ സേവനം നന്ദിയോടെ അനുസ്മരിക്കുന്നു. മലയാള മനോരമ കുടുംബാഗങ്ങളിൽ ചിലർ സൗമനസ്യത്തോടെ നൽകിയ വിവരങ്ങളും വിലപ്പെട്ടതായിരുന്നു. പരമ്പര തയ്യാറാക്കുന്നതിലും ഇതിന്റെ പ്രകാശനത്തിലും നിസ്തന്ദ്രമായ സഹായങ്ങൾ നൽകിയ ഓരോരുത്തർകും ആത്മാർഥമായ കൃതജ്ഞത രേഖപ്പെടുത്തുകയാണ്.

മനോരമയുടെ അവകാശവാദങ്ങളും ചരിത്രത്തിന്റെ ഏടുകളും ഒത്തുനോക്കി സത്യം ചികഞ്ഞെടുക്കാൻ അന്വേഷണ കുതുകികളെ ഇതു സഹായിക്കുമെന്നാണ് വിശ്വാസം. ഒന്നുകൂടി പറയട്ടെ, ഉപരി വർഗത്തിന്റെ പാചകരുചിയെ നിയന്ത്രിക്കുന്ന ലാഘവത്തോടെ കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയാഭിരുചികളെയും ചരിത്ര രചനകളെയും നിയന്ത്രിക്കാമെന്ന് മനോരമ കരുതുന്നത് വെറും വ്യാമോഹം ആണ്; എത്രവലിയ ഉച്ചഭാഷിണി കയ്യിലുണ്ടെങ്കിലും.

ദേശാഭിമാനി
കൊച്ചി
1–6–1989

ജി. ശക്തിധരൻ

1. അക്ഷര മുറജപം

തിരുവിതാംകൂർ രാജാക്കന്മാർ മാർത്താണ്ഡവർമയുടെ കാലം മുതൽ ആറുകൊല്ലം കൂടുമ്പോൾ മുറജപം നടത്താറുണ്ടായിരുന്നു. രാജ്യം വെട്ടിപ്പിടിക്കുന്നതിനിടക്ക് ചെയ്യേണ്ടി വരുന്ന കൊടുംക്രൂരതക്കും ഹിംസക്കും പാപപരിഹാരമായി. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് പ്രത്യേകം ക്ഷണിച്ചുവരുത്തിയ പ്രഗത്ഭ ഓത്തന്മാരായ നമ്പൂതിരിമാർ കഴുത്തറ്റം വെള്ളത്തിലിറങ്ങിനിന്നു നടത്തുന്ന ജപവിധിയാണിത്.

നൂറാം പിറന്നാൾ ആഘോഷിച്ച 'മലയാള മനോരമ' കാട്ടിക്കൂട്ടുന്ന കോലാഹലം ഈ മുറജപത്തെ അനുസ്മരിപ്പിക്കുന്നു. ഡോക്ടർ എം ജെ കോശി, ഡോ. കെ എം തരകൻ, മൂർക്കോത്ത് കുഞ്ഞപ്പ, ടി കെ ജി നായർ, വി കെ ബി നായർ, കെ ആർ ചുമ്മാർ തുടങ്ങിയവരാണ് കഴുത്തറ്റം പ്രതിഫലത്തിൽ മുങ്ങിനിന്ന് മുഖസ്തുതിയുടെ പുതിയ മുറജപം അനുഷ്ഠിക്കുന്നതെന്നു മാത്രം. സ്വാതന്ത്ര്യ സമര തീർഥത്തിൽ മുക്കി മനോരമക്ക് പാപമുക്തി നൽകുന്ന വിലപിടിച്ച ദൗത്യമാണ് ഇക്കൂട്ടർ ഏറ്റെടുത്തിട്ടുള്ളത്. പക്ഷേ ഈ അക്ഷരമുറജപം കൊണ്ടൊന്നും കഴുകി കളയാവുന്നതല്ല മനോരമയുടെ ശരീരത്തിലും ആത്മാവിലും പതിഞ്ഞ സാമ്രാജ്യദാസ്യത്തിന്റെയും രാജാധികാരദാസ്യത്തിന്റെയും കളങ്കമുദ്രകൾ.

മലയാള മനോരമയുടെ ഇന്നത്തെ പണക്കൊഴുപ്പിൽ തെഴുത്ത അച്ചുകൂടങ്ങൾ എത്രയെത്ര സ്വന്തം "ചരിത്ര"ങ്ങൾ ഓരോ വർഷവും പടച്ചുകൂട്ടുന്നു. ഈ ഗ്രന്ഥകൂമ്പാരങ്ങളും സെമിനാറുകളും തമസ്കരിച്ചുപോരുന്ന ചരിത്ര യാഥാർഥ്യങ്ങൾ ആ പ്രക്രിയയുടെ തുടർപ്രവാഹത്തിൽ വിസ്മൃതിയിലാണ്ടുപോകും എന്നാവാം അവരുടെ ആശ്വാസം. മനോരമയുടെയും മാമ്മൻ മാപ്പിളയുടെയും സംഭവ ബഹുലമായ ജൈത്രയാത്രയുടെ ധന്യമുഹൂർത്തങ്ങൾ മഹാഗ്രന്ഥ പരമ്പരകളായി പുറത്തിറക്കാൻ ഒരു വ്യാഴവട്ടം മുൻപ് കെ എം മാത്യുവിന് ആഗ്രഹമുണ്ടായത് സ്വാഭാവികം. പുത്രൻ പണംകൊടുത്തെഴുതിക്കുന്ന ഗ്രന്ഥങ്ങളിൽ പുത്രൻതന്നെ പിതാവിനെ "ഉദ്ബുദ്ധ കേരളത്തിന്റെ മഹാശിൽപിയുടെ" കിരീടമണിയിക്കുന്നതും മനസിലാക്കാവുന്നതേയുള്ളു. "നൂറ്റാണ്ടിന്റെ തിളക്കമാർന്ന പൈതൃകത്തിന്റെ ശോഭ" കെടുത്തുന്ന കളങ്കപ്പുറ്റുകൾക്ക് സ്വർണം പൂശിക്കാൻ കെ എം മാത്യുവിന് സ്വർണഖനികളിലേക്ക് ആഴ്ന്നിറങ്ങിയ ധനധമനികൾ തന്നെയുണ്ടല്ലോ. പക്ഷേ ഈ ജൈത്രയാത്രയുടെ ഉരുൾചക്രത്തിനടിയിൽ ചതഞ്ഞരഞ്ഞ കൂടപ്പിറപ്പുകളുടെ ഹൃദയരോദനം മനോരമ തറവാടിന്റെ പൂമെത്തകളിൽ ഇന്ന് ഉറങ്ങുന്നവരുടേയും സ്വൈരം കെടുത്തുന്നുണ്ട്. ആ കൂടപ്പിറപ്പുകളിൽ പലരും ഇന്നും തോരാത്ത കണ്ണീരിലാണ്. ചുട്ടുപൊള്ളുന്ന ഹൃദയവ്യഥ പകർത്തിവെക്കാൻ അവർക്ക് അത്യാധുനിക അച്ചുകൂടങ്ങളില്ല. കൂലിയെഴുത്തിന് സാഹിത്യത്തരകന്മാരില്ല. അവരുടെ ഓർമക്കുറിപ്പുകൾ ചെത്തി ചിന്തേരിട്ടു ബഹുവർണ ഗ്രന്ഥങ്ങളാക്കിയാൽ പ്രകാശനം ചെയ്യാൻ രാഷ്ട്രപതിമാർ എഴുന്നെള്ളുകയുമില്ല. എന്നാൽ കെ എം മാത്യുവിന്റെ നില അതല്ല. ഈ വ്യാജ ചരിത്രഗ്രന്ഥങ്ങൾ പ്രകാശനം ചെയ്യാൻ രാഷ്ട്രപതിമാർ മനോരമാ തറവാട്ടിന്റെ തിരുമുറ്റത്തെത്തും. അത്യാധുനിക അച്ചുകൂടങ്ങൾ കണ്ണുചിമ്മിയാൽ ലക്ഷക്കണക്കിന് സ്തുതിഗീതങ്ങൾ വർണചിറകുകളോടെ പറന്നുയരും. കെ എം മാത്യുവിന്റെ കാർമികത്വത്തിൽ ഒരു വ്യാഴവട്ടത്തിനുള്ളിൽ പ്രകാശനം ചെയ്ത കുടുംബ പുരാണപരമ്പരകൾ ശ്രദ്ധിച്ചു വായിച്ചുനോക്കു. ആത്മസ്തുതിയേക്കാൾ അപഹാസ്യമായ ആ പൂർവിക സ്മൃതികളുടെ അടിയിൽ അപരാധബോധത്തി

ൻെറ മുദ്രകൾ തെളിഞ്ഞുകാണാം.

മനോരമ തറവാട്ടിൽചെന്ന ഇന്ത്യയുടെ ആറാമത്തെ രാഷ്ട്രപതി ആർ വെങ്കിട്ടരാമൻ 1989 മാർച്ചിൽ പ്രകാശനം ചെയ്ത ഡോ. കെ എം മാത്യുവിൻെറ 'പോർട്രെയിറ്റ് ഓഫ് കെ സി മാമ്മൻ മാപ്പിള" (വില 160 രൂപ) ആണ് ഗ്രന്ഥപരമ്പരയിലെ അവസാനത്തെ കണ്ണി. തമിഴ്നാട് ഗവർണർ പി സി അലക്സാണ്ടറുടെ ആമുഖം കൂടി കെ എം മാത്യു ഇതിൽ തുന്നിച്ചേർത്തപ്പോൾ ഭരണവർഗത്തോടുള്ള ആശ്രിതത്വം പ്രതീകാത്മകമായി. കേരള സർവകലാശാലയിലെ ചരിത്ര വിഭാഗം തലവനായിരുന്ന ഡോ. എം ജെ കോശി ഒരു വ്യാഴവട്ടം മുമ്പ് പുറത്തിറക്കിയ "കെ സി മാമ്മൻ മാപ്പിള—ദി മാൻ ആൻറ് ഹിസ് വിഷൻ" (മാമ്മൻ മാപ്പിള വ്യക്തിത്വവും വീക്ഷണവും വില 120 രൂപ) എന്ന ബൃഹത് ഗ്രന്ഥത്തോട് കിടപിടിക്കുന്നതാണ് തരകൻെറ ഗവേഷണ ഗ്രന്ഥവും. ഇതിലും കമനീയമാണ് മൂർക്കോത് കുഞ്ഞപ്പ തയ്യാറാക്കിയ സാംസ്കാരിക തരംഗിണിയും (വില 20 രൂപ) സംസ്കാര നവോത്ഥാനവും (വില 50 രൂപ). കുഞ്ഞപ്പയുടെ ഗവേഷണ യജ്ഞം നിലച്ചിട്ടില്ല. മാമ്മൻ മാപ്പിളകളുടെ സന്തതി പരമ്പരകളുടെ അമൂല്യ സംഭാവനകളിലേക്ക് കുഞ്ഞപ്പയുടെ ചിന്താതരംഗിണി ഇനി ഊളിയിട്ടിറങ്ങാനിരിക്കുന്നതേയുള്ളു. സാഹിത്യ സാംസ്കാരിക രംഗങ്ങളിലെ നാൽപതോളം പ്രമാണിമാരെ അണിനിരത്തി "മാമ്മൻ മാപ്പിള ഒരു പഠനം" കമനീയമായ മറ്റൊരു ഗ്രന്ഥ (വില 25 രൂപ) മാണ്. വളരുന്നതും വരുന്നതുമായ തലമുറകളോട് 'സംവേദനം നടത്താൻ മാമ്മൻ മാപ്പിള യുടെ ജീവിതസ്മരണികൾ മലയാളത്തിലും (വില 25 രൂപ) ഇംഗ്ലീഷിലും (വില 60 രൂപ) ഒരു വ്യാഴവട്ടമായി കാത്തിരിക്കുന്നു. ജീവിത സായാഹ്നത്തിൽ മാമ്മൻ മാപ്പിള എഴുതിവെച്ചിരുന്നതായി കരുതപ്പെടുന്ന കയ്യെഴുത്തു പ്രതി പിൽകാലത്ത് 'ജീവിത സ്മരണകളാക്കി' വെളിച്ചം കാണിച്ചതും കെ എം മാത്യുതന്നെ. ഈ നൂറ്റാണ്ടിൻെറ മധ്യകാലം വരെയുള്ള മനോരമയുടെ പൈതൃകം എഴുനൂറിലേറെ പുറങ്ങളുള്ള ഷഷ്ടിപൂർതി സ്മാരകഗ്രന്ഥത്തിൽ തുടിച്ചു നിൽകുന്നു. പ്ലാററിനം ജൂബിലിക്കും ശതാബ്ദിക്കും പ്രകാശനം ചെയ്ത പ്രത്യേക പതിപ്പുകൾ ഇവക്കെല്ലാം പുറമേ മനോരമയുടെ പെരുമ വിളിച്ചറിയിക്കുന്നു. ദോഷം പറയരുതല്ലോ, മനോരമ കമ്പനിയുടെ സ്ഥാപകനായ കണ്ടത്തിൽ വർഗീസ് മാപ്പിളയെകുറിച്ചും മേമ്പൊടിക്ക് ഒരു പുസ്തകം എ ഡി ഹരിശർമയെകൊണ്ട് എഴുതിച്ചിട്ടുണ്ട്. ഇന്ത്യയിലെ മറ്റേതെങ്കിലും കുത്തക കുടുംബം സ്വന്തം മാഹാത്മ്യം വിളിച്ചറിയിക്കാൻ ഇത്രയേറെ വിലപിടിപ്പുള്ള പുസ്തകങ്ങൾ പ്രകാശനം ചെയ്തിട്ടുണ്ടോ എന്ന് സംശയം.

കണ്ണഞ്ചിക്കുന്ന ഈ പുസ്തക കൂമ്പാരങ്ങളാകെ ഭസ്മധൂളികളാക്കാൻ പോന്ന ഉഗ്രശക്തിയുള്ള സ്ഫോടക വസ്തുവാണ് സാറാജോർജിൻെറ 'ജയിലിലെ വല്യപ്പൻ'. അരനൂറ്റാണ്ടുകാലം മലയാള മനോരമയുടെ ജീവവായുവായിരുന്ന കെ സി മാമ്മൻ മാപ്പിളയുടെ അനുജൻ കെ സി ഈപ്പൻെറ ഏക മകളാണ് സാറാ ജോർജ്. മാമ്മൻ മാപ്പിളയുടേയും സന്തതിപരമ്പരയുടേയും വ്യവസായ വിജയത്തിൻെറ വഴിത്താരയിൽ വെളിച്ചം പകർന്ന് മെഴുകുതിരിപോലെ എരിഞ്ഞടങ്ങിയ സ്വന്തം പിതാവ് കെ സി ഈപ്പൻെറ ജീവിതകഥ 112 പുറങ്ങളുള്ള ഈ പുസ്തകത്തിൽ സാറാ ജോർജ് ഒരു ചിമിഴിലെന്നോണം ഒതുക്കിയിരിക്കുന്നു. സാറാ ജോർജ് അനുഗ്രഹീതയായ എഴുത്തുകാരിയല്ല. സ്തുതിഗീതങ്ങൾ എഴുതാൻ കെ എം മാത്യു ചെല്ലും ചെലവും കൊടുത്തണി നിരത്തിയ അന്വേഷണ പടുക്കളുടെ തലയെടുപ്പോ സരസ്വതീ വിലാസമോ സാറാ ജോർജിനില്ല. തി

രുവിതാംകൂർ സ്വാതന്ത്ര്യ സമര പ്രക്ഷോഭത്തിൻെറ മുന്നണിപ്പോരാളിയായിരുന്ന കെ സി ജോർജ് ആമുഖത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ "സത്യം പുറത്തുകൊണ്ടുവരുവാൻ വീർപുമുട്ടുന്ന ഒരു ഹൃദയത്തിൻെറ ഉരുൾപൊട്ടൽ" അതിൻെറ താളുകളിൽ കാണാം. "നാണയ മനസ്ഥിതിക്കാർ വമ്പിച്ച പണം കൊടുത്തെഴുതിച്ച ജീവചരിത്രങ്ങൾ പല വീടുകളിലെയും ബുക്ഷെൽഫുകളിൽ ഒരു കാഴ്ചവസ്തുവായി കണ്ടിട്ടുള്ളതുപോലെ ഇതും ഒരു കാഴ്ചവസ്തുവാകരുതെന്ന്" സാറാജോർജ് ഉള്ളുരുകി ആഗ്രഹിച്ചു. 'സത്യം മായ്ക്കാനുള്ള ഒരു റബർ കോടിക്കണക്കിന് രൂപ വരുമാനമുള്ള മദ്രാസ് റബർ ഫാക്ടറിയിൽ ഉണ്ടാക്കാൻ സാധിക്കാത്തത് എൻെറ ഭാഗ്യം"— സത്യത്തിൻെറ അപ്പോസ്തലൻ ചമയുന്ന മലയാള മനോരമയുടെ തിരുമുറ്റത്ത് നിന്ന് സാറാ ജോർജ് ഉരുവിട്ട വാക്കുകളിൽ ഒരു വിലാപത്തിൻെറ ദൈന്യതയെക്കാളധികം പരിഹാസത്തിൻെറ തീക്ഷ്ണതയാണുള്ളത്. സത്യം മായ്ചു കളയാനുള്ള റബർ എം ആർ എഫിനു നിർമിക്കാനായില്ലെങ്കിലും സത്യം പുറത്തറിയിക്കാതെയിരിക്കാനുള്ള കൗശലം എം ആർ എഫിൻെറ ഉടമകൾക് ഉണ്ടെന്ന് സാറാ ജോർജ് ഓർതിരിക്കില്ല. കേരളത്തിലെമ്പാടുമുള്ള പുസ്തകക്കടകളിൽ നിന്ന് ഈ പുസ്തകത്തിൻെറ അവസാനകോപ്പിവരെ ഏതോ അദൃശ്യഹസ്തം തൂത്തുവാരി രസഹ്യഗുദാമുകളിലേക്കു മാറ്റി. "അനേകരുടെ കൈപ്പാടുകൾ' ഈ പുസ്തകത്തിൽ പതിയണ"മെന്ന് കൊതിച്ച സാറാ ജോർജിനെ അങ്ങനെയും തോൽപിച്ചു. സ്വന്തം പ്രസിദ്ധീകരണങ്ങൾ വിറ്റഴിച്ചിട്ടു മാത്രമല്ല എതിരായവ മൊത്തമായി വിലക്കെടുത്തിട്ടും സത്യത്തെ തമസ്കരിക്കുന്ന ഈ തന്ത്രം പിൽകാലത്തും മനോരമ സമർഥമായി നടപ്പിലാക്കിയിട്ടുണ്ട്. പണം കുന്നുകൂട്ടാനുള്ള അത്യാർതിയോടെ വ്യവസായ സാമ്രാജ്യത്തിൻെറ കൊടുമുടികളിലേക്ക് കുതിച്ചുകയറുന്നതിനിടയിൽ മാമ്മൻ മാപ്പിള കൂടപ്പിറപ്പുകളോടു പോലും ദയ കാട്ടാൻ മറന്നു.

2. ഗാന്ധിജിക്കും കോൺഗ്രസിനുമെതിരെ

ജനസേവനത്തിനുള്ള ഒരു നൂറ്റാണ്ടിൻെറ പൈതൃകത്തിൽ മലയാള മനോരമ പത്രാധിപർ കെ എം മാത്യു ഇന്ന് ഊറ്റം കൊള്ളുമ്പോൾ പഴയ തലമുറക്കാരുടെ ഉള്ളിൽ ചിരിപൊട്ടും. "ദേശീയ സ്വാതന്ത്ര്യ സമര പോർക്കളത്തിൽ ഏറ്റ മുറിവുകളുടേയും നേരിട്ട കഷ്ടപ്പാടുകളുടേയും കൊടി"കൂടിയേന്തുമ്പോൾ പ്രത്യേകിച്ചും. അഭിപ്രായ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പത്രപ്രവർതന ചരിത്രത്തിൽ ഏറ്റവും കനത്ത വിലയാണ് മലയാള മനോരമ നൽകിയതെന്ന് കെ എം മാത്യു ഊറ്റംകൊള്ളുമ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും രാജവാഴ്ചയുടെ കൊടുംപാതകങ്ങൾകും ചൂട്ടുപിടിച്ചുകൊടുത്ത മനോരമയുടെ ബാല്യവും കൗമാരവും യൗവ്വനവും ഒരു ചോദ്യചിഹ്നമായി ഉയർന്നു നിൽകുന്നു. ആയുസിൻെറ ഏറിയ പങ്കും ദേശീയ സ്വാതന്ത്ര്യസമരത്തേയും നേതാക്കളേയും ചെളിവാരിയെറിഞ്ഞിരുന്ന പഴയ ഏടുകളും കെ എം മാത്യുവിൻെറ പുതിയ വെളിപാടുകളും തമ്മിൽ പൊരുത്തപ്പെടുന്നതേയില്ല.

'ചരിത്രത്തിനു സാക്ഷ്യം വഹിച്ച നൂറുവർഷങ്ങളിൽ നേർ പകുതികാലത്തോളം മനോരമയുടെ ചുക്കാൻ പിടിച്ച മാമ്മൻ മാപ്പിളക്കുപോലും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ഓർകുമ്പോൾ മുഖത്ത് ജാള്യത പടരും. അത് തുറന്നു സമ്മതിക്കാനുള്ള ആർജവമെങ്കിലും മാമ്മൻ മാപ്പിള കാട്ടി. തിരുവനന്തപുരത്ത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ "സ്മ

പ്രതിഷ്ഠാ" ചടങ്ങിൽ തലകുമ്പിട്ടിരുന്ന മാമ്മൻ മാപ്പിളയുടെ ചിത്രം ഇപ്പോഴും പഴമക്കാരുടെ മനസിൽ തെളിയുന്നുണ്ടാവും. കെ പി സി സി പ്രസിഡണ്ടായിരുന്ന ഉറ്റസുഹൃത്ത് കുമ്പളത്ത് ശങ്കുപിള്ളയുടെ നിർബന്ധത്തിൽ 1125 കന്നി പതിനെട്ടിന് വൈകിട്ട് നാല് പതിനഞ്ചിന് കെ സി മാമ്മൻ മാപ്പിള ഈ ചടങ്ങിൽ നടത്തിയ സുദീർഘ പ്രസംഗത്തിലെ പ്രസക്തഭാഗം മനോരമയുടെ ഏടുകളിൽ നിന്നുതന്നെ ഉദ്ധരിക്കട്ടെ:

"എനിക്ക് എഴുപത്തിയാറ് വയസിൽ കൂടുതൽ പ്രായമുണ്ട്. സാധാരണമട്ടിൽ കടന്ന ബ്ളഡ്പ്രഷറും ഹാർട്ട്ഡിസീസും എന്നെ ബാധിച്ചിട്ടുള്ളതായി കഴിഞ്ഞ മാസത്തിൽ മദ്രാസിലെ പ്രസിദ്ധ വിദഗ്ധനായ ഒരു ഡോക്ടർ എന്നെ ശരീരപരിശോധന നടത്തിയശേഷം അഭിപ്രായപ്പെടുകയുണ്ടായി. അതിനാൽ പബ്ളിക് പ്ലാറ്റ്ഫോമുകളിൽ ഞാൻ ദുർലഭമായി പ്രത്യക്ഷപ്പെടുന്നത് സന്തോഷത്തോടുകൂടിയല്ലെന്നും നിർബന്ധവും പരിഭവവും ഒഴിച്ചുവെക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ–ഏതായാലും 76 വയസായല്ലോ. ഇനി വരുന്നതു വരട്ടെ. എന്നുള്ള മനോഭാവത്തോടുകൂടി മാത്രമാണെന്നും ഒന്നാമതായി പ്രസ്താവിച്ചുകൊള്ളുന്നു. മഹാത്മജിയുടെ നിസഹകരണം. സഹനസമരം. സത്യാഗ്രഹം മുതലായ സമരമുറകളോടുകൂടിയ സ്വാതന്ത്ര്യ പ്രക്ഷോഭം ആരംഭിച്ചപ്പോൾ അതുവരെ ദേശീയ നേതൃത്വം വഹിച്ചിരുന്ന സുരേന്ദ്രനാഥ് ബാനർജി, പണ്ഡിറ്റ് മാളവ്യ ശ്രീനിവാസ ശാസ്ത്രി മുതലായ മഹാന്മാർ, ആ പ്രസ്ഥാനത്തിൽ നിന്നും സംശയാലുക്കളായി പിൻവലിയുകയുണ്ടായല്ലോ. അത് അവർ രാജ്യഭക്തിയിലോ ത്യാഗസന്നദ്ധതയിലോ പിന്നോക്കമായിരുന്നിട്ടല്ലെന്നും മഹാത്മജിയുടെ സമരമുറകളുടെ സാധ്യതകൾ കാണുന്നതിനുള്ള ദീർഘദൃഷ്ടിയുടെ അഭാവത്തിൽ മാത്രമായിരുന്നുവെന്നും നിസംശയമാണല്ലോ. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് ഇന്ത്യക്ക് സമ്പൂർണ വിമോചനം സമ്പാദിക്കണമെന്നും ഇന്ത്യയെ പരിപൂർണ സ്വാതന്ത്ര്യമുള്ള ഒരു രാജ്യമാക്കി പ്രഖ്യാപനം ചെയ്യണമെന്നും മഹാത്മജി തീർച്ചയാക്കിയപ്പോൾ ആ ആദർശത്തിൻെറ സാധ്യതകളെപറ്റിയോ അദ്ദേഹത്തിൻെറ സമരമുറകളെപ്പറ്റിയോ വിശ്വാസം ഇല്ലായിരുന്നുവെങ്കിലും തങ്ങളുടെ ഉത്തമ വിശ്വാസപ്രകാരം യഥാർഥ രാജ്യാഭിമാനികളായിരുന്നു നേതാക്കന്മാർ. 1947ൽ ബ്രിട്ടീഷുകാർ എന്നെന്നേക്കുമായി ഇന്ത്യ വിട്ടൊഴിഞ്ഞുപോവുകയും ഇന്ത്യക്ക് ഭൂമുഖത്തുള്ള മറ്റേത് രാജ്യത്തോടും സമനിലയിലുള്ള ഒരു സ്വതന്ത്ര രാജ്യത്തിൻെറ പദവി ലഭിക്കുകയും ചെയ്ത ഘട്ടത്തിൽ. മേൽപറഞ്ഞ നേതാക്കന്മാർ ജീവിച്ചിരുന്നെങ്കിൽ തങ്ങളുടെ സംശയങ്ങളും ഭീതികളുമെല്ലാം അസ്ഥാനത്തായി പോയതായി അവർ പരസ്യമായി ഏറ്റുപറയുകയും മഹാത്മജിയുടെ മിക്കവാറും അമാനുഷികമായ ദീർഘദൃഷ്ടിയെയും ധീരതയെയും സർവാത്മനാ പ്രശംസിക്കുകയും ചെയ്യുമായിരുന്നുവെന്ന് നമുക്ക് വിശ്വസിക്കാവുന്നതാണ്........ ആ സമരമുറകളുടെ പ്രയോജനത്തെപ്പറ്റിയോ പ്രായോഗികതയെപറ്റിയോ അന്ന് വിശ്വാസമില്ലാത്തവരായിരുന്നു ഈ രാജ്യവാസികളിൽ ഭൂരിപക്ഷമാളുകളും എന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഏതായാലും ഞാൻ ഈ അവിശ്വാസികളുടേയും ഭീരുക്കളുടേയും കൂട്ടത്തിൽ ഒരാളായിരുന്നു എന്നുള്ള പരമാർഥം അദ്ദേഹത്തിൻെറ ആദർശങ്ങൾക്കും ജീവിതോദ്ദേശ്യങ്ങൾക്കും പരിപൂർണ്ണസാഫല്യം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ പരസ്യമായി ഏറ്റുപറഞ്ഞു കൊള്ളുന്നു". ('മലയാള മനോരമ വജ്രജൂബിലി പതിപ്പ്'– കെ സി മാമ്മൻ മാപ്പിളയുടെ പ്രസംഗം– പേജ് 485,86,87.)

ഒരു നൂറ്റാണ്ടിൻെറ പൈതൃകത്തോടൊപ്പം, ഐതിസാഹികമായ ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ പൈതൃകവും വിലക്കു വാങ്ങിയതിൻെറ സായൂജ്യം 'മനോരമ'യുടെ പുതിയ സാരഥികളുടെ മുഖത്ത് ഓളം വെട്ടുന്നുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിൻെറ വേലിയേറ്റത്തിൽ രാജ്യമാകെ ഇളകി മറിഞ്ഞ നിർണായക മുഹൂർത്തങ്ങളിൽ 'മനോരമ' കാട്ടിയ ഭീരുത്വം ഓർത്ത് പിൽകാലത്ത് കെ സി മാമ്മൻ മാപ്പിള ലജ്ജിച്ചു തലതാഴ്ത്തുകയുണ്ടായി. എന്നാൽ അദ്ദേഹത്തിൻെറ സന്തതിപരമ്പരകൾ നിയോഗിച്ച മുറജപക്കാരിൽ ഒരാളായ ഡോ. കെ എം തരകൻ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത് നോക്കുക: "ആധുനിക ഇന്ത്യയുടെ സൃഷ്ടാക്കളിൽ ഒരാളായിരുന്നു കെ സി മാമ്മൻ മാപ്പിള. പക്ഷേ മലയാളികളുടെ ലോകത്തിനപ്പുറം വളരെകുറച്ചേ അദ്ദേഹം അറിയപ്പെടുന്നുള്ളു." (കെ സി മാമ്മൻ മാപ്പിളയുടെ രേഖാചിത്രം—ഡോ. കെ എം തരകൻ പേജ് ഒന്ന്).

തിരുവിതാംകൂർ എന്ന നാട്ടുരാജ്യത്തിലെ സ്വാതന്ത്ര്യസമരം നയിച്ചത് മാമ്മൻ മാപ്പിളയായിരുന്നുവെന്ന് കരുതികൂട്ടി വിശ്വസിക്കുകയും അദ്ദേഹത്തിൻെറ പ്രശസ്തി രാജ്യാന്തരങ്ങളിലേക്ക് വ്യാപിക്കാത്തതിൽ പരിതപിക്കുകയും ചെയ്യുന്ന യജമാനസ്തുതി മറ്റെന്തായാലും ചരിത്രസത്യമല്ല. സത്യം മറ്റൊന്നാണ്. ഇന്ത്യയിലെ ദേശീയ പ്രസ്ഥാനം കല്ലും മുള്ളും നിറഞ്ഞ ആദ്യകാലങ്ങളിലൂടെ കടന്നുപോയപ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് തിരുവിതാംകൂറിലെ 'ഉച്ചഭാഷിണി'യായിരുന്നു കോട്ടയത്തെ മലയാള മനോരമ. സ്വാതന്ത്ര്യ സമരസേനാനിയും പ്രമുഖ കോൺഗ്രസ് നേതാവും 'മാതൃഭൂമി'യുടെ മുഖ്യ പത്രാധിപരുമായിരുന്ന കെ എ ദാമോദരൻ മേനോൻ വെട്ടിത്തുറന്നു പറയുന്നതു കേൾക്കൂ: "മാമ്മൻമാപ്പിള ആദ്യകാലത്ത് ഒരു ബ്രിട്ടീഷ് പക്ഷപാതിയായിരുന്നുവെന്ന കാര്യം ആർക്കും നിഷേധിക്കാവുന്നതല്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും മഹാത്മാഗാന്ധിയെയും സംശയദൃഷ്ടിയോടെ മനോരമ വീക്ഷിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു" (മാമ്മൻ മാപ്പിള ഒരു പഠനം–കെ എ ദാമോദരമേനോൻ പേജ് 29.) ആ കാലം മാറി. ഗാന്ധിജിയെ നിരാശയിലാഴ്ത്തികൊണ്ടാണെങ്കിലും രാജ്യം സ്വാതന്ത്ര്യം നേടുകയും കോൺഗ്രസ് പുതിയ ഭരണവർഗമാവുകയും ചെയ്തതോടെ മനോരമയുടെ സംശയദൃഷ്ടി നീങ്ങി. അതോടെ കോൺഗ്രസ് പ്രേമവും ഗാന്ധിഭക്തിയും 'മനോരമ' കുടുംബത്തിൽ നാമ്പിട്ടു: തഴച്ചു. 'മനോരമ'യുടെ മറ്റൊരു സഹജീവിയായ 'എക്സ്പ്രസ്' മാറ്റത്തെ സൂക്ഷ്മമായി ഇങ്ങനെ നിരീക്ഷിക്കുന്നു: "മാമ്മൻ മാപ്പിളയുടെ ജീവിതം ബഹുമുഖമായിരുന്നു. ഒരു പത്രാധിപർ, ഒരു പ്രസിദ്ധീകരണകാരൻ. ഒരു ജന്മി, ഒരു തോട്ടമുടമ. ഒരു വ്യവസായി എന്നിങ്ങനെ പല നിലകളിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ബാങ്കിങ്ങിലും അദ്ദേഹത്തിന് കൈയുണ്ടായിരുന്നുവെന്ന കഥ പ്രസിദ്ധമാണല്ലോ. ഇതിനെല്ലാം പുറമേ അടുത്ത കാലത്തായി പൊളിറ്റിക്സിലും മാമ്മൻ മാപ്പിളയെ കാണാമായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിവരെ കോൺഗ്രസുമായി ഒരിടപാടും ഇല്ലാതിരുന്ന അദ്ദേഹം മറ്റു പലരേയും പോലെ കോൺഗ്രസ് ചേരിയിലാണ് നാലഞ്ചുകൊല്ലമായി നിലയുറപ്പിച്ചിരുന്നത്. കോൺഗ്രസിൻെറ നയപരിപാടികൾ നിർണയിക്കുന്നതിലും മന്ത്രിസഭയുടെ തലക്കുറികൾ എഴുതുന്നതിലും മറ്റും അടുത്ത കാലത്തായി മനോരമയുടെ കൈകളെ കാണാമായിരുന്നു. വാസ്തവത്തിൽ മാമ്മൻ മാപ്പിളയുടെ നഷ്ടം ആ വഴിക്കു പലരേയും ബാധിച്ചേക്കും." (എക്സ്പ്രസ് മുഖപ്രസംഗം 1954 ജനുവരി 3 ഞായർ).

മാർക്സിസ്റ്റു വിരോധം തുപ്പുന്ന കാലത്താണ് എക്സ്പ്രസ് ഇതെഴുതിയതെന്നു കൂടി ഓർക്കുക. മനോരമയുടെ ഈ കാപട്യത്തിൻെറ കഥ പഴയ തലമുറക്ക് ഒരു വിവാദവിഷയം പോലുമല്ല. സർവോദയ നേതാവ്

പ്രൊഫ. എം പി മന്മഥൻ ന്യായീകരണവ്യഗ്രതയോടെയാണെങ്കിൽ കൂടി ആ കാലഘട്ടത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്: "ഇന്ത്യൻ നാഷണൽ കോൺഗ്രസിനും ഗാന്ധിജിക്കും ആദ്യകാലത്ത് പിന്തുണ നൽകാൻ മാമ്മൻ മാപ്പിള മടികാണിച്ചിരുന്നെങ്കിൽ അതിന്റെ മൂലകാരണം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സ്വതന്ത്ര ഭാരതത്തിൽ സുരക്ഷിതമായിരിക്കുമോ എന്ന ആശങ്ക മാത്രമായിരുന്നു".
(പ്രൊഫ. എം പി മന്മഥൻ—മാമ്മൻ മാപ്പിള ഒരു പഠനം—പേജ് 39).

ബ്രിട്ടീഷ് പക്ഷപാതവും കോൺഗ്രസ് വിരോധവും മുറ്റി നിന്ന 'മനോരമ'യുടെ പഴയ ഏടുകൾ തന്നെ എത്രവേണമെങ്കിലും നിരത്തിവെക്കാനാവും. സ്വാതന്ത്ര്യ സമരത്തിൽ നിർണായക വഴിത്തിരിവ് കുറിച്ച സംഭവങ്ങൾ ഒന്നൊന്നായി പിന്നിട്ടുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ ബ്രിട്ടന്റെ മേൽക്കോയ്മയെ വാഴ്ത്താൻ 'മനോരമ' അച്ചിൽ മഷി പുരട്ടി. ദേശാഭിമാനത്തെ ജ്വലിപ്പിക്കുവാനും, ദേശീയാഭിലാഷങ്ങൾക്ക് മൂർച്ച കൂട്ടുവാനും 'മനോരമ' യുടെ അച്ചിൽ ഒരു തുള്ളി മഷി പോലും വീണില്ല.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കടപുഴക്കാൻ ജനകോടികളിൽ ദേശീയബോധം ഉണർത്തുന്ന പത്രങ്ങൾ പല നാട്ടുരാജ്യങ്ങളിലും ഉയർന്നു വന്ന സുപ്രധാനകാലഘട്ടത്തിലാണല്ലോ 'മനോരമ'യുടെ ജനനം. രാജവാഴ്ചക്ക് 'സ്തുതിഗീതങ്ങളുമായി' മനോരമയുടെ ആദ്യലക്കം കോട്ടയത്തുനിന്ന് പുറത്തിറങ്ങുന്നതിന് അഞ്ചുവർഷം മുമ്പേ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപം കൊണ്ടിരുന്നു. മൂർച്ചയേറിയ തൂലികകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കുത്തിമുറിവേൽപിച്ച ലോകമാന്യ തിലകൻ. ചരിത്ര പ്രസിദ്ധ വിചാരണക്കുശേഷം ആറുവർഷം ബർമയിലെ മാൻഡലേ ജയിലിൽ അടക്കപ്പെട്ടത് ആ കാലഘട്ടത്തിന്റെ ആവേശമുണർത്തുന്ന ഒരധ്യായമാണ്. 'മഹാരാഷ്ട്രാ കേസരി' എന്നറിയപ്പെടുന്ന തിലകനെ 'കേസരി'യിൽ എഴുതിയ ലേഖനത്തിന് തടവിലാക്കിയപ്പോൾ ബോംബെയിൽ തൊഴിലാളികൾ പണിമുടക്കി പ്രതിഷേധ കൊടുങ്കാറ്റുയർത്തിയതും ആ കാലത്തുതന്നെ. തിരുവിതാംകൂറിൽ 'സ്വദേശാഭിമാനി' രാമകൃഷ്ണപിള്ളയെ നാടുകടത്തിയത് ആ കാലഘട്ടത്തിൽ രാജവാഴ്ചക്കെതിരെ പത്രങ്ങൾ നടത്തിയ പോരാട്ടങ്ങളുടെ തിളക്കമാർന്ന മറ്റൊരധ്യായമാണ്. അഞ്ചു ഡസനിലേറെ പത്രങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്വമോ നാട്ടുരാജാക്കന്മാരോ കഴുത്തുഞെരിച്ചുകൊന്നതും അക്കാലത്തെ പത്രധ്വംസനത്തിന്റെ ഭീകരചിത്രം വെളിവാക്കുന്നു; ഒപ്പം 'ദേശാഭിമാനി' കളായ പത്രാധിപൻമാരുടെ ആവേശകരമായ ചെറുത്തുനിൽപിന്റെയും. ആ ഭീകരാവസ്ഥയിൽ പോലും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും പത്രസ്വാതന്ത്ര്യത്തിനും വേണ്ടി ധീരവും സാഹസികവുമായ നിലപാട് സ്വീകരിക്കാൻ ഇന്ത്യയിൽ പത്രങ്ങളും പത്രാധിപൻമാരുമുണ്ടായിരുന്നു. ലോകമാന്യതിലകന്റെ അന്ത്യത്തിനുശേഷം ഗാന്ധിയുഗത്തിന് വഴിതുറന്നപ്പോൾ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലെമ്പാടും ദേശീയ പ്രസ്ഥാനത്തിന് ആക്കം കൂട്ടാൻ ഒട്ടേറെ പ്രാദേശിക പത്രങ്ങൾ ജൻമമെടുത്തു. 'മാതൃഭൂമി' അടക്കമുള്ള പത്രങ്ങൾ മലയാളത്തിൽ ഉയിർകൊണ്ടതും ദേശീയബോധത്തിന്റെ ഈ വേലിയേറ്റത്തിലായിരുന്നു.

പൂർണസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭം നിയമലംഘനമായും ഉപ്പുസത്യാഗ്രഹമായും മറ്റു പല രൂപങ്ങളിലും അലയടിച്ചപ്പോൾ കേരളത്തിലും അതിനു ആവേശകരമായ മാറ്റൊലി ഉണ്ടായി. എന്നാൽ ഈ ചരിത്രസന്ധികൾക്കെല്ലാം സാക്ഷ്യം വഹിച്ച മനോരമയുടെ കൂറ് ആരോടായിരുന്നു? ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടൊ ദേശീയ പ്രസ്ഥാനത്തോടോ?.

തിരുവിതാംകൂറിന്റെ ദേശീയ പ്രബുദ്ധതയിൽ നിന്ന് ഉയിർകൊണ്ട

താണ് 'മനോരമ' എന്നു ഇന്നു ചരിത്രരേഖ ചമക്കുന്ന മാസശമ്പളക്കാർ വായിച്ചറിയാൻ ഇതാ മനോരമ കമ്പനിയിലേക്ക് ഓഹരിക്കാരെ ക്ഷണിച്ചുകൊണ്ട് 1890 മെയ് 24ന് കണ്ടത്തിൽ വർഗീസ് മാപ്പിള പ്രസിദ്ധപ്പെടുത്തിയ 'പ്രതിഷ്ഠാപന പരസ്യം': 'മലയാളത്ത് സ്വദേശികളുടെ വകയായി ഒരു നല്ല അച്ചടിശാലയും തിരുവിതാംകോട്ടു ജാതിമതാദി പക്ഷപാതം കൂടാതെയുള്ള വർത്തമാനപത്രവും കൂട്ടുകച്ചവടയോഗങ്ങളിൽ മുതൽമുടക്കി ആദായമുണ്ടാക്കുന്ന സമ്പ്രദായവും നടത്തിക്കാണിപ്പാനായി ഈ കമ്പനി കൂട്ടീട്ടുള്ളതും കമ്പനി ആക്ടിൻ പ്രകാരം ഓഹരിക്കാരുടെ ബാധ്യത ക്ളിപ്തപ്പെടുത്തി മുറക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു. ഈ കമ്പനിയിൽ 26 ഓഹരികളിൽ അധികം ഇനിയും പേരിൽ പതിയുവാനില്ലാത്തതിനാൽ അപേക്ഷയുള്ള ആളുകൾ ഉടനെ ഒന്നാം തവണക്കുള്ള 25 രൂപയോടു കാര്യസ്ഥന്റെ പേർക്ക് എഴുതി അയക്കേണ്ടതാകുന്നു". (മലയാള മനോരമ 1890 മെയ് 24).

ദേശീയ പ്രബുദ്ധതയും പത്രധർമത്തിലുൾചേർന്ന സ്വാതന്ത്ര്യ സ്വപ്നങ്ങളും ഈ വിളംബരത്തിൽ മഷിയിട്ടു നോക്കിയാലും കാണാനില്ല. എന്നാൽ ബ്രിട്ടീഷ് ചക്രവർതിനി മുതൽ വില്ലശിപായി വരെയുള്ള അധികാരികളുടെ മുമ്പിൽ മുട്ടുമടക്കി മുഖസ്തുതി ഉരുവിട്ടു നിൽകുന്ന മ്ളേഛമായ ദാസ്യം ആദ്യലക്കത്തിലെ "പ്രസ്താവന"യിൽ തന്നെ ചുരന്നൊഴുകുന്നതു കാണുക: "വിശ്വമാതാവായ വിക്ടോറിയ ചക്രവർതിനി തിരുമനസിലെ വിശിഷ്ട രാജ്യഭാരമാകുന്ന കൽപക വൃക്ഷത്തിൽ വിളയുന്ന വിവിധ ഫലങ്ങളെ അപ്പഴപ്പോൾ തന്റെ പ്രജകളെ അസാധാരണമായ മാധുര്യത്തോടുകൂടി ആസ്വദിച്ചുകൊണ്ടിരിപ്പാൻ തന്നെ മൂലമാകുന്ന തിരുനാളിൽ അവതരിച്ചരുളുന്ന നമ്മുടെ വലിയതമ്പുരാൻ തിരുമനസിലെയും അവിടത്തെ ആജ്ഞാനവാഹിയായി പ്രജാക്ഷേമൈക തൽപരനായിരിക്കുന്ന ഈ. രാമരായരു ദിവാൻജി അവർകളുടെ കാലത്തു തങ്ങളാൽ ഭരിക്കപ്പെട്ടുവരുന്ന രാജ്യാതിർത്തിയിൽ എങ്ങും യഥോചിതമായി ഒരു വർത്തമാനപത്രം ഇല്ലാതെയിരിക്കുന്നതിനെ കുറിച്ച് അൽപമെങ്കിലും ആലോചിക്കുന്നവരിൽ ആർകാണു അൽപമല്ലാത്ത ലജ്ജ തോന്നാതിരിക്കുന്നത്. (മലയാള മനോരമ 1890 മാർച് 22 ശനി.)

പുതിയ ഭാഷയിലും പുതിയ ശൈലിയിലും, ഈ അധികാരദാസ്യം അനുസ്യൂതം തുടരുന്നതും നാം കാണുന്നു. മലയാള മനോരമയുടെ ബാല്യവും കൗമാരവും യൗവ്വനവും രാജവാഴ്ചയുടെ പരിചയും പടവാളുമായി പൊടിപൊടിച്ചു. ആശ്രിതത്വത്തിന്റെ പ്രതീകമായ രാജമുദ്രയും പ്രത്യുപകാരത്തിന്റെ പ്രതിഫലമായ വീരശൃംഖലയും രത്നകവചിത മോതിരവും രാജഭരണം സമ്മാനിച്ചപ്പോൾ മനോരമയുടെ സാരഥികൾ ആഹ്ളാദം കൊണ്ടു തുള്ളിച്ചാടി. സീനിയർ മഹാറാണി ലക്ഷ്മിഭായി തിരുമനസുകൊണ്ടും ജൂനിയർ മഹാറാണി പാർവതീഭായി തിരുമനസുകൊണ്ടും കുട്ടികളായിരിക്കെ മനോരമ സന്ദർശിച്ചപ്പോൾ ആ കുഞ്ഞിക്കാലുകൾ പതിഞ്ഞ മൺതരി പോലും മനോരമയുടെ സാരഥികൾ തൊട്ടുവന്ദിച്ചു. അന്ന് മനോരമ നൽകിയ മംഗളപത്രമായിരുന്നു പൊതുജനങ്ങളിൽ നിന്ന് റാണി കുട്ടികൾ സ്വീകരിച്ച ഒന്നാമത്തെ മംഗളപത്രം. ശ്രീമൂലം തിരുനാളിന്റെ ഖജനാവിൽ നിന്നുപോലും എല്ലാ ജനുവരിയിലും ഓരോ പവൻ കുമ്പിട്ടു വണങ്ങി വാങ്ങുന്നതിനും ചരിത്രം സാക്ഷ്യം വഹിച്ചു. ശ്രീചിത്തിര തിരുനാൾ ബാലരാമവർമ മഹാരാജാവിന്റെ ജന്മനക്ഷത്രത്തിൽ നടത്താറുണ്ടായിരുന്ന കോസ്മോപോളിറ്റൻ ഡിന്നറിന്റെ ജനയിതാക്കളും മറ്റാരുമല്ല.

രാജകുടുംബത്തിന് മനോരമ കുടുംബത്തോടുള്ള ആശ്രിതവാൽസല്യ

പ്പും അതിരറ്റതായിരുന്നു. മാമ്മൻ മാപ്പിളയുടെ സഹോദരിയുടെ കല്യാണത്തിന് സീനിയർ മഹാറാണി ഒരു സാരിയും വലിയകോയിത്തമ്പുരാൻ ഒരു മധുരതുപ്പട്ടാവും സമ്മാനമായി കൊടുത്തയച്ചു. പ്രതാപത്തിന്റെയും പ്രൗഢിയുടെയും പ്രതീകമായി പൊലീസും ബാൻറും വിവാഹ ചടങ്ങിന് അയച്ചുകൊടുത്തിരുന്നു. കാർത്തിക തിരുനാളിന്റെ പുത്രൻ അവിട്ടം തിരുനാൾ ജനിച്ചപ്പോൾ മനോരമ കുടുംബം കവടിയാർ കൊട്ടാരത്തിൽ പോയി തലവണങ്ങി. ഓരോരുത്തർക്കും ഓരോ ചെറിയ പനവട്ടി നിറച്ചു പഞ്ചസാരയും പഴവും പിന്നെ വെറ്റില, പാക്ക് എന്നിവയും കിട്ടി. മാമ്മൻ മാപ്പിളയുടെ അനുജൻ കെ സി ഈപ്പന്റെ മകൻ കെ ഇ ചെറിയാന്റെ കല്യാണത്തിന് ചുവന്ന സ്യൂട്ട്കേസ് സമ്മാനമായി കൊടുത്തയച്ച് ദിവാൻ സി പി രാമസ്വാമി അയ്യരും സൗഹൃദം പ്രകടിപ്പിച്ചു.

അശ്വതി തിരുനാൾ തിരുമനസ്സിന്റെ തൃക്കയ്യിൽ നിന്ന് കസവ് തുപ്പട്ടാവ് സമ്മാനമായി ലഭിച്ചതിന്റെ സായൂജ്യം മാമ്മൻ മാപ്പിളയുടെ ജീവിതസ്മരണകളെ കോരിത്തരിപ്പിക്കുന്നതു നോക്കു: "അന്നു നാടുവാണിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുമനസ്സിലെ ഭാഗിനേയനായിരുന്ന അശ്വതി തിരുനാൾ തിരുമനസ്സിലേക്ക് വർഗീസ് മാപ്പിളയെപ്പറ്റി വലിയ വാത്സല്യമായിരുന്നു. ഒരിക്കൽ വർഗീസ് മാപ്പിള അശ്വതി തിരുനാളിന് ഒരു കത്തെഴുതിയ കൂട്ടത്തിൽ തിരുമേനി ഇനി കോട്ടയത്ത് എഴുന്നള്ളുമ്പോൾ എന്റെ പിതൃവ്യന് (പോത്തച്ചൻ) ഒന്നു മുഖംകാണിക്കാൻ അവസരം അനുവദിച്ചാൽ കൊള്ളാമെന്ന് അഭ്യർഥിക്കുന്നുവെന്നും തദവസരത്തിൽ കാരുണ്യപൂർവം തിരുവുള്ളസൂചനയേതെങ്കിലും രൂപത്തിൽ ദൃശ്യമാകുന്നത് ഞങ്ങൾക്കെല്ലാം വളരെ അഭിമാനകരമായിരിക്കുമെന്നും ഉണർത്തിച്ചിരുന്നു. തിരുമനസ് ഈ അപേക്ഷയെ സസന്തോഷം അനുവദിക്കുകയും പോത്തച്ചൻ മുഖം കാണിക്കാൻ ചെന്ന അവസരത്തിൽ ഒരു കസവുതുപ്പട്ടാവ് സമ്മാനമായി നൽകുകയും ചെയ്തു. ഈ രാജസമ്മാനം പോത്തച്ചനെ എത്രമാത്രം ആനന്ദിപ്പിച്ചുവെന്നും അഭിമാനത്തിന് ഹേതുവാക്കിയെന്നും വിവരിക്കേണ്ടതില്ലല്ലോ. അദ്ദേഹം പിന്നീട് വളരെകാലത്തേക്ക് തന്നെ ചെന്നു കാണുന്നവരെയെല്ലാം ഈ കസവുതുപ്പട്ടാവ് എടുത്തുകാണിക്കുകയും ഇതൊക്കെ സാധിച്ച കൊച്ചു വറീതിന്റെ (വർഗീസ് മാപ്പിള) സ്വാധീന മാഹാത്മ്യത്തെപ്പറ്റി അഭിമാന പ്രസംഗങ്ങൾ ചെയ്യുകയും പതിവായിരുന്നു.' (മലയാള മനോരമ വാരിക കെ സി മാമ്മൻ മാപ്പിള 1957 മാർച്ച് ഒമ്പത്).

'മലയാള മനോരമ' എന്ന ഓമനപ്പേര് വീണുകിട്ടിയത് കേരളവർമ വലിയ കോയിത്തമ്പുരാന്റെ തിരുവായിൽ നിന്നായിരുന്നുവല്ലോ. രാജഭരണത്തിന്റെ ദാസ്യവേലക്ക് സർകാരിന്റെ ഔദ്യോഗിക ചിഹ്നമായ 'ആനയും ശംഖും' മനോരമയുടെ നെറ്റിപ്പട്ടത്തിൽ പതിഞ്ഞുകിട്ടുകയും ചെയ്തു. ലോകമാന്യതിലകനും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും മറ്റും വെട്ടിത്തെളിച്ച കല്ലുംമുള്ളും നിറഞ്ഞ പാതയിലൂടെ കാലഗതിക്കൊത്ത് മുന്നേറാൻ 'മനോരമ' കൂട്ടാക്കിയില്ലെന്ന് മാത്രമല്ല അതിനെതിരെ സഞ്ചരിച്ച് ഏറെകാലം രാജപ്രീതിയുടെ പൊട്ടുംപൊടിയും കൈപ്പറ്റുകയും ചെയ്തു. അധികാര കസേരയുടെ അത്യുന്നതങ്ങളിൽ വാഴുന്നവരെ മുഖംകാണിച്ച് തിരുവുള്ള സൂചനയായി എന്തെങ്കിലും കിട്ടുന്നതിന്റെ സാഫല്യം മാമ്മൻ മാപ്പിളയുടെ ചെറുമക്കളിലും വിട്ടുമാറിയിട്ടില്ലെന്ന് കെ എം മാത്യുവിന്റെ മകൻ ഫിലിപ്പ് മാത്യു അടുത്തയിടെ തെളിയിച്ചു. പാകിസ്താൻ പട്ടാളമേധാവിയായിരുന്നസിയാ ഉൾഹക്കിനെ മുഖം കാണിക്കാൻ ചെന്നപ്പോൾ തിരുവുള്ള സൂചനയായി വില പിടിച്ച സാരി ഫിലിപ്പ് മാത്യുവിന്റെ ഭാര്യക്ക് സമ്മാനിച്ചതിന്റെ ആനന്ദാതിരേകം മലയാള മനോരമയുടെ താളുകളിൽ അടുത്തയിടെ നിറഞ്ഞുതുളുമ്പി. മുത്തച്ഛന്റെ കാലത്ത് കസവുതുപ്പട്ടാവ് ചെറുമകന്റെ കാലത്ത് പട്ടുസാരിയായപ്പോൾ കാലമേ മാറിയുള്ളു. കഥ മാറിയിട്ടില്ല.

കൽപാന്തകാലത്തോളം ബ്രിട്ടീഷുമേൽകോയ്മയും രാജവാഴ്ചയും തുടരുമെന്ന ദൃഢവിശ്വാസിയായിരുന്നു മാമ്മൻമാപ്പിള. അതുകൊണ്ടുതന്നെ ദേശീയ പ്രസ്ഥാനത്തിന്റെ എതിർ ചേരിയിൽ ഏറെകാലം നിലയുറപ്പിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ കടുത്ത ശത്രുക്കളുടെ ചേരിയിൽ മാമ്മൻ മാപ്പിള എങ്ങനെ അകപ്പെട്ടുവെന്ന് "മലയാള മനോരമ"യുടെ പഴയ താളുകൾ തന്നെ ചുരുൾ നിവർതിയാൽ കാണാം: "നമ്മുടെ രാജ്യത്തിലെ സ്വേച്ഛാധിപത്യപരമായ രാജവാഴ്ചക്കും ദിവാൻ ഭരണത്തിനും അടുത്തകാലത്തെങ്ങും മാറ്റംവരാൻ സാധ്യതയുണ്ടെന്ന്, അന്നത്തെ സംഗതി പോകട്ടെ ഈ പരിവർതനം നടന്നുകഴിഞ്ഞ സമയത്തുപോലും ഞാൻ സ്വപ്നേവി വിചാരിച്ചിരുന്നില്ല. അതിനാൽ പൗരാവകാശങ്ങളുടെ സമ്പാദനത്തിലും പതിത സമുദായങ്ങളുടെ ഉദ്ധാരണത്തിലും സ്വേച്ഛാധിപത്യത്തിന്റെ നിയന്ത്രണത്തിലും കവിഞ്ഞ ഒരു രാഷ്ട്രീയ കാര്യപരിപാടിയിൽ ശ്രദ്ധിക്കേണ്ട ആവശ്യമുള്ളതായി സി പി യുടെ ദുർഭരണം മൂർധന്യത്തെ പ്രാപിച്ച സമയംവരെ ഞാൻ വിശ്വസിച്ചിരുന്നില്ല.

"അന്നത്തെ സ്വേച്ഛാധിപത്യ ഗവർമെണ്ടിനോട് മല്ലുവെട്ടി വലിയ അപകടങ്ങളിൽ ചാടുന്നതിനെപറ്റി എനിക്ക് താൽപര്യമുണ്ടായിരുന്നില്ല..... അതിനാൽ തിരുവിതാംകൂർ ഭരണഘടനയുടെ അടിസ്ഥാനത്തിന് കോട്ടം തട്ടാനിടയാകാത്ത വിധത്തിലുള്ള വിമർശനങ്ങളല്ലാതെ വിധ്വംസകങ്ങളായ പ്രക്ഷോഭണങ്ങൾ ന്യായീകരിക്കാവുന്നതല്ലെന്ന് അന്നെന്നപോലെ ഇന്നും പരമാർഥമായും ദൃഢമായും വിശ്വസിക്കുന്നു. കാലത്തിനതീതമായി പ്രവർതിക്കാൻ സാധിച്ചിട്ടുള്ള ഒരു മഹത്വം ഞാൻ ഒരിക്കലും അവകാശപ്പെട്ടിട്ടില്ല". (മലയാള മനോരമ വജ്രജൂബിലി സ്മാരകഗ്രന്ഥം പേജ് 488–489.)

തിരുവിതാംകൂർ നിവർതന പ്രക്ഷോഭത്തിന്റെ സഹയാത്രികനായി ഒളിഞ്ഞും തെളിഞ്ഞും നിന്നിരുന്ന കെ സി മാമ്മൻ മാപ്പിളയുടെ മൗലികസാമൂഹ്യവീക്ഷണത്തിന്റെ മാനിഫെസ്റ്റോയാണിത്. 'ആധുനിക ഇന്ത്യയുടെ സ്രഷ്ടാവെന്ന് ഡോ. കെ എം തരകനും യുഗസ്രഷ്ടാവായ മഹാശക്തി' യെന്ന് കെ എം മാത്യുവും കൊട്ടിഘോഷിക്കുന്ന മാമ്മൻ മാപ്പിളയുടെ രാഷ്ട്രീയ പ്രബുദ്ധതയുടെ തനിനിറം തെളിച്ചുകാട്ടുന്ന എത്ര ഉദാഹരണം വേണമെങ്കിലും നിരത്താൻ കഴിയും.

3. സ്വദേശാഭിമാനിയും മനോരമയും

നിർഭയത്വത്തിന്റെ തീപ്പന്തമായി തിരുവിതാംകൂർ മണ്ണിൽ ജ്വലിച്ചു നിന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ തൂലിക ദിവാൻഭരണത്തിന് പേക്കിനാവായിരുന്നു. പത്രത്തറവാട്ടിലെ ആഢ്യൻമാരായിരുന്ന കെ സി മാമ്മൻമാപ്പിളക്കും മറ്റും രാമകൃഷ്ണപിള്ള അതുകൊണ്ടു തന്നെ ചതുർഥിയും. രാജഭക്തിക്ക് കോട്ടം തട്ടുന്ന വിമർശനങ്ങളിൽ പത്രങ്ങൾ ഏർപ്പെടുന്നത് കെ സി മാമ്മൻമാപ്പിളയുടെ രാഷ്ട്രീയ തത്വശാസ്ത്രത്തിന് രുചിച്ചില്ല. അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ഡോ. എം ജെ കോശി ഈ നിരുത്വത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു:

തുല്യ പൗരത്വത്തിനുള്ള ആവശ്യം പോലും സഫലമാകാതിരിക്കെ രാഷ്ട്രീയ അവകാശങ്ങൾക്കുവേണ്ടി ഗവർമെണ്ടുമായി, പ്രത്യേകിച്ചും ദിവാൻ ഭര

ണത്തിൽ, തുറന്ന ഏറ്റുമുട്ടലിനുള്ള തീരുമാനം അപക്വവും അസമയത്തുള്ളതുമാണെന്ന് മാമ്മൻമാപ്പിള കരുതി" (മാമ്മൻമാപ്പിള— വ്യക്തിയും വീക്ഷണവും പേജ്–206)

മാമ്മൻമാപ്പിളക്കു മാത്രമല്ല രാജഭക്തന്മാരായ പല പത്രാധിപന്മാർകും രാമകൃഷ്ണപിള്ളയുടെ ചങ്കുറപ്പുള്ള നിലപാട് ദഹിച്ചില്ല. 'മലബാർ ഡെയ്‌ലി ന്യൂസും' 'കൊച്ചിൻ ആര്‌ഗസും' രാമകൃഷ്ണപിള്ളയുടെ നേർകുള്ള രാജഭരണത്തിൻെറ കോപാഗ്നിയിൽ എണ്ണ പകർന്നു. തിരുവിതാംകൂറിൻെറ തലസ്ഥാനമായിരുന്ന തിരുവനന്തപുരത്തുവെച്ച് 1910 സപ്തംബർ 26നായിരുന്നു രാമകൃഷ്ണപിള്ളയെ അറസ്റ്റുചെയ്ത് നാടുകടത്തിയത്. രാജഭരണത്തിൻെറ കിങ്കരൻമാരായ പല പത്ര സഹജീവികളും രാജ്യദ്രോഹകുറ്റത്തിന് രാമകൃഷ്ണപിള്ളയെ നാടുകടത്തുമെന്ന പ്രചാരണം എട്ടൊമ്പതു മാസം മുമ്പുതന്നെ കെട്ടഴിച്ചു വിട്ടിരുന്നു. രാമകൃഷ്ണപിള്ളയെ നാടുകടത്തുന്നതിന് നാൽപത്തിയെട്ടുമണിക്കൂർ മുമ്പ് (1910 സപ്തംബർ 8 ന് രാവിലെ 10ന്) 'വെസ്റ്റേൺ സ്റ്റാറി'ൻെറ സി ജെ കുര്യൻ, ചില പത്രാധിപൻമാരുടെ രഹസ്യ യോഗം വിളിച്ചുകൂട്ടി. നാടുകടത്തൽ വിളംബരം പുറത്തുവരുമ്പോൾ പത്രങ്ങൾ പ്രതിഷേധമുയർത്താതിരിക്കാനുള്ള മുൻകരുതലായിരുന്നു ഇത്. രാജഭരണത്തിൻെറ കിങ്കരൻമാർ മാമ്മൻ മാപ്പിളയെയും രഹസ്യമായി ഈ തീരുമാനം അറിയിച്ചു. ദിവാൻ പി രാജഗോപാലാചാരിയുടെ ദൗത്യവുമായി ചില ക്രിസ്തീയ പ്രമാണിമാർ മാമ്മൻ മാപ്പിളയെ കോട്ടയത്തുചെന്നുകണ്ടു. രാജവാഴ്ചയോട് കൂറുകാട്ടി നിന്നാൽ കിട്ടാവുന്ന നേട്ടങ്ങൾ അവർ നിരത്തിവെച്ചപ്പോൾ മാമ്മൻമാപ്പിളക്ക് കണ്ണഞ്ചിപ്പോയി. രണ്ടു സൂര്യോദയം കൂടി കഴിഞ്ഞപ്പോൾ ക്രൈസ്തവ പ്രമാണിമാർ സൂചിപ്പിച്ചതുപോലെ രാമകൃഷ്ണപിള്ളയെ നാടുകടത്തി. ഇന്ത്യയാകെ പ്രതിഷേധം അലയടിച്ചിട്ടും മലയാളമനോരമക്ക് ഇതിനെതിരെ ഉരിയാടാൻ നാവുപൊന്തിയില്ല.

രാമകൃഷ്ണപിള്ളയെ നാടുകടത്തിയപ്പോൾ മൗനം ദീക്ഷിച്ച മാമ്മൻ മാപ്പിള നാലു പതിറ്റാണ്ടിനു ശേഷം ജനകീയ ഭരണത്തിൽ, കണ്ണൂരിലെ പയ്യാമ്പലം കടപ്പുറത്തെ ശവകുടീരത്തിൽ നിന്ന് രാമകൃഷ്ണപിള്ളയുടെ ചിതാഭസ്മം തിരുവനന്തപുരത്തേക്ക് കൊണ്ടുവരാൻ മുന്നിട്ടിറങ്ങി! മുഖ്യമന്ത്രിയായിരുന്ന പട്ടംതാണുപിള്ള പോലും മാമ്മൻമാപ്പിളയുടെ ഉളുപ്പില്ലായ്മയെ പരിഹസിച്ചു. "വളരെ കുറച്ചുമാത്രം നഷ്ടപ്പെടാനുണ്ടായിരുന്ന പട്ടംതാണുപിള്ളക്ക് അങ്ങനെയൊക്കെപ്പറയാം" (കെ സി മാമ്മൻമാപ്പിള ഒരു രേഖാചിത്രം— ഡോ. കെ എം തരകൻ പേജ് 10) എന്നാണ് മാമ്മൻ മാപ്പിളയുടെ ജീവചരിത്രകാരൻ ഡോ. കെ എം തരകൻ ഇതിന് കണ്ടുപിടിക്കുന്ന ന്യായീകരണം.

ശരിയാണ് മാമ്മൻമാപ്പിളക്ക് നഷ്ടപ്പെടാൻ ഏറെയുണ്ടായിരുന്നു. മ
റ്റുപലതിനും പുറമെ രാജകുടുംബത്തിൻെറ ആശ്രിതവാത്സല്യം വരെ. ആ
രുടെയും മുമ്പിൽ നട്ടെല്ല് വളയാത്ത രാമകൃഷ്ണപിള്ളയുടെ ചിതാഭസ്
മം നാലുപതിറ്റാണ്ടിനുശേഷം പയ്യാമ്പലം ശവകുടീരത്തിൽ നിന്നു തലസ്
ഥാനത്തേക്ക് കൊണ്ടുപോകാൻ പുറപ്പെട്ടവരുടെ മുൻനിരയിൽ മാമ്മൻ
മാപ്പിളയെപോലെ മറ്റ ചില തിരുക്കളെയും കണ്ടിട്ടാകാം രാമകൃഷ്ണപി
ള്ളയുടെ വിധവ ബി കല്യാണിഅമ്മ ഇങ്ങനെ ഹൃദയമുരുകി യാചിച്ചത്:
'എൻെറ പുണ്യക്ഷേത്രത്തെ നിങ്ങൾ തകർകരുതേ! മണ്ണോടു മണ്ണായി ല
യിച്ചുചേർന്നിട്ടുള്ള ഭൗതികാവശിഷ്ടങ്ങളെ അശുദ്ധഹസ്തങ്ങളാൽ സ്പർ
ശിക്കാതിരിക്കണേ". (ധന്യയായ് ഞാൻ – കെ ഗോമതി അമ്മ) നാടുകടത്ത
ലിനെതിരെ മനോരമ മൗനം ദീക്ഷിച്ചതിനു പിന്നിലെ അന്തർ നാടകങ്ങൾ

കെ സി മാമ്മൻമാപ്പിള തന്നെ വെളിപ്പെടുത്തുന്നതു നോക്കൂ:

"അദ്ദേഹത്തിൻെറ നാടുകടത്തൽ സംബന്ധിച്ച എൻെറ നയത്തെപ്പറ്റി ചില അവാസ്തവ പ്രസ്താവനകൾ വളരെ നാളായി പ്രചരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനാൽ അതു സംബന്ധിച്ചുണ്ടായ ചില രഹസ്യചർച്ചകളെപ്പറ്റി ഇപ്പോൾ തുറന്നുപറയുന്നതുകൊണ്ട് എന്തെങ്കിലും ആപത്തുവരാനില്ലല്ലോ. ശ്രീമാൻ രാമകൃഷ്ണപിള്ളയെ നാടുകടത്തിയപ്പോൾ മനോരമ സർവശക്തിയും പ്രയോഗിച്ചു ഗവർമെണ്ടിൻെറ നയത്തെയും നടപടിയെയും പിന്താങ്ങിയെന്നുള്ളതാണ് പലപ്പോഴുമുണ്ടായിട്ടുള്ള ആരോപണം. എന്നാൽ യഥാർഥത്തിൽ നടന്ന സംഗതി താഴെ കാണുന്ന പ്രകാരമായിരുന്നു.

രാമകൃഷ്ണപിള്ളയെ രാജാവിൻെറ അസാധാരണാധികാരം പ്രയോഗിച്ചു നാടുകടത്താൻ ഗവർമെണ്ട് തീർച്ചയാക്കിയിരിക്കുന്നതായി എന്നെ മുമ്പുകൂട്ടി ഗവർമെണ്ടിനു വേണ്ടി ചിലർ അറിയിക്കുകയും ഈ സംഗതിയിൽ ഞാൻ ഗവർമെണ്ടിനു സർവ പ്രകാരേണയും ഉള്ള പിന്തുണ നൽകണമെന്ന് അവർ എന്നോട് ആവശ്യപ്പെടുകയും ചെയ്തു. ഇങ്ങനെ ഒരു കാര്യത്തിനായി എന്നെ സമീപിച്ചത് അന്നു തിരുവിതാംകൂറിലെ ക്രിസ്ത്യൻ സമുദായത്തിലെ പ്രഥമ ഗണനീയൻമാരായ രണ്ടു വ്യക്തികളായിരുന്നു. ഇവരുടെ നിർബന്ധത്തിന് ഞാൻ ഒരിക്കലും വഴിപ്പെടുന്നതല്ലെന്നു കണ്ടപ്പോൾ സംപൂജ്യനായ മറ്റൊരു വ്യക്തിയെയും ഇവർ കൂട്ടുപിടിച്ചുകൊണ്ട് എന്നെ മനസ്സ് തിരിക്കാനുള്ള പരിശ്രമം തുടർന്നു. ഇവരിൽ മൂന്നാമത്തെ ആളുടെ നിർദേശം എനിക്ക് തിരസ്കരിക്കാൻ തീരെ നിവൃത്തിയില്ലാതെയുമിരുന്നു. അദ്ദേഹം അവസാനത്തിൽ "ഡുനോട്ട് ക്രിട്ടിസൈസ് അഡ്‌വേർസ്‌ലി" (പ്രതികൂലമായി വിമർശിക്കരുത്) എന്നൊരു അന്ത്യശാസനം കമ്പിവഴി എനിക്ക് നൽകിയതനുസരിച്ച് ഈ നാടുകടത്തലിനെപറ്റി മനോരമ മൗനം ദീക്ഷിക്കുകയാണ് ചെയ്തത്. "ഞാൻ ഗവർമെണ്ടിനെ ഈ വിഷമസന്ധിയിൽ കഴിയുന്നത്ര സഹായിച്ചാൽ ക്രിസ്ത്യൻ സമുദായത്തിനും എനിക്കു വ്യക്തിപരമായും പല ഗുണങ്ങളുമുണ്ടാകുമെന്നും പ്രതികൂല മനോഭാവം കൊണ്ട് നേരെ മറിച്ചുള്ള ഫലമാണുണ്ടാകാൻ പോകുന്നതെന്നും എന്നെ ഇവരിൽ ചിലർ ധരിപ്പിക്കാതിരുന്നില്ല. എൻെറ ബഹുമാന ഗുരുജനങ്ങളിൽ നിന്ന് അന്ത്യശാസനം കിട്ടാതിരുന്നു എങ്കിൽ തന്നെ ശ്രീ രാമകൃഷ്ണപിള്ളയുടെ പ്രക്ഷോഭണ ഹളങ്ങളോട് താരതമ്യപ്പെടുത്താവുന്ന വിധത്തിലുള്ള സമര കോലാഹലങ്ങളിൽ ഞാൻ ഉൾപെടാനിടയില്ലായിരുന്നു" (മലയാള മനോരമ വജ്രജൂബിലി സ്മാരക ഗ്രന്ഥം— പേജ് 487, 488).

തിരുവനന്തപുരത്തെ പൗരാവലി 1125 കന്നി 10ന് തിങ്കളാഴ്ച വൈകിട്ട് 4.15ന് സ്വദേശാഭിമാനിയുടെ ഭസ്മ പ്രതിഷ്ഠാ ചടങ്ങിൽ ശംഖുമുഖം ആസൂത്രയിൽ നിന്നാണ് കെ സി മാമ്മൻമാപ്പിളയുടെ ഈ പ്രസംഗം കേട്ടത്.

മുപ്പത്തിയെട്ട് വർഷം മുമ്പ് രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൻെറ മണ്ണിൽ നിന്ന് നാടുകടത്താൻ ദിവാൻ ഭരണവുമായി ഗൂഢാലോചനയിലേർപെടുമ്പോൾ കാലചക്രം പാടെ തകിടം മറിയുമെന്ന് മാമ്മൻമാപ്പിള ഓർതിരിക്കില്ല. കാലത്തിനൊത്ത് കോലം കെട്ടാൻ നിപുണരായ മാമ്മൻമാപ്പിളയുടെ സന്തതികളാകട്ടെ എഴുപത്തിയെട്ടു വർഷം മുമ്പ് പത്രലോകത്തിനാകെ അപമാനമായി മാറിയ ഈ കൊടും ചതിയെ മനഃപൂർവം മറവിയിൽ മറച്ചുകൊണ്ട് ജൻമശതാബ്ദി പതിപ്പിൽ രാമകൃഷ്ണപിള്ളയെ നൂറു മഹാരഥൻമാരുടെ വിശിഷ്ട നിരയിലിരുത്തി വീരസ്യം കാട്ടുകയും അദ്ദേഹത്തിൻെറ "സാഹസികമായ പത്രപ്രവർത്തന ശൈലിയെയും വിപ്ലവമായ വിശാലവീക്ഷണത്തെയും" വാഴ്ത്തുകയും ചെയ്യുന്നു. അങ്ങനെ

ചെയ്യുന്നതുകൊണ്ട് "ഇപ്പോൾ എന്തെങ്കിലും ആപത്ത് വരാനില്ല." തന്നെയുമല്ല പിലാത്തോസിന്റെ പിൻമുറക്കാർക്ക് ഹൃദയഭാരം ഇറക്കി വയ്ക്കാൻ അതൊരത്താണിയുമാകുമല്ലോ.

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും ജൻമശതാബ്ദി പതിപ്പിൽ രാജാവിനേക്കാൾ കവിഞ്ഞ രാജഭക്തിയോടെ കെ ആർ ചുമ്മാർ മനോരമയെ വെള്ളപൂശുന്നതു നോക്കുക:

"എത്രനാൾ ജീവിച്ചുവെന്നതിനേക്കാൾ പ്രധാനം എന്തൊക്കെ സാഹചര്യങ്ങളിൽ എങ്ങനെ ജീവിച്ചു, എന്തൊക്കെ ചെയ്തു എന്നതുതന്നെ. അങ്ങനെ നോക്കുമ്പോൾ മനോരമയുടെ കഥ വിസ്മയജനകമായ ഒരിതിഹാസമായി മാറുന്നു. പത്രത്തിൽ നിർണായക സ്വാധീനം ചെലുത്തി ഒരു കാലഘട്ടത്തിന്റെ നാദമായി, ജ്വാലയായി, കണ്ണാടിയായി. താങ്ങും തണലും പരിചയും പടവാളുമായി മനോരമ നിലനിന്നു". (ജൻമശതാബ്ദി പ്പതിപ്പ്. കെ ആർ ചുമ്മാർ പേജ് 7)

മനോരമയുടെ ആയുർദൈർഘ്യത്തിന്റെ രഹസ്യം എന്തായിരുന്നുവെന്ന് ഓരോ ചരിത്ര സന്ധികളിലും ആ പത്രം സ്വീകരിച്ച നിലപാടുകൾ പരിശോധിച്ചാൽ വ്യക്തമാകും. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ ആ സംഭവ പരമ്പരകളിലെ ഒരു ഇഴമാത്രം. ബാങ്കു തട്ടിപ്പു കേസിൽ തടവുകാരനായി മാമ്മൻമാപ്പിള തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിഞ്ഞ ഓരോ നിമിഷവും രാമകൃഷ്ണപിള്ളയുടെ ഓർമ അദ്ദേഹത്തെ വേട്ടയാടിയിട്ടുണ്ടാവും. രാഷ്ട്രീയതടവുകാരെ ജയിൽ അധികൃതർ ജോലിചെയ്യിക്കാൻ നിർബന്ധിക്കാറില്ല. മാമ്മൻമാപ്പിളയാകട്ടെ രാഷ്ട്രീയ തടവുകാരനല്ല. ബാങ്കിലെ നിക്ഷേപകരെ ചതിച്ചുവെന്നാരോപിക്കപ്പെട്ട ക്രിമിനൽ പുള്ളി. 'സ്വദേശാഭിമാനി' അച്ചടിച്ചിരുന്ന അച്ചുകൂടം തടവുപുള്ളികൾക്ക് അച്ചടി പഠിക്കാൻ ദിവാൻ ഭരണം ജയിലിന് മുതൽക്കൂട്ടാക്കിയത് മാമ്മൻമാപ്പിള ഓർതിരുന്നില്ല. ജയിലിലെ വ്യവസായ ശാലയും അച്ചടിശാലയും കാണാൻ പോയപ്പോൾ ചരിത്രത്തിന്റെ ഭാഗമായി മാറിയ ഈ അച്ചടി യന്ത്രം പല തടവുകാരും മാമ്മൻമാപ്പിളക്ക് കാട്ടിക്കൊടുത്തു. ഉത്തരവാദഭരണത്തിനു വേണ്ടി കരിനിയമങ്ങൾ ലംഘിച്ച് അറസ്റ്റിലായ സമരഭടൻമാർ തിങ്ങി നിറഞ്ഞിരുന്ന സെൻട്രൽ ജയിലിൽ ഈ അച്ചടി യന്ത്രത്തിന് മുന്നിലെത്തിയപ്പോൾ മാമ്മൻമാപ്പിള ചൂളി. സമരഭടൻമാർ അച്ചടിയന്ത്രത്തെ ഉറ്റുനോക്കി ആവേശംകൊണ്ട് മുഷ്ടി ചുരുട്ടിയപ്പോൾ മാമ്മൻ മാപ്പിളയുടെ ശിരസ് ലജ്ജകൊണ്ട് കുനിഞ്ഞു.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ മാത്രമല്ല മനോരമ. മറവിയുടെയും അവഗണനയുടെയും ഇരുട്ടറകളിൽ നിന്ന് പൊടിതട്ടിയെടുത്ത് വിശിഷ്ടരുടെ നിരയിലിരുത്തി ഇന്ന് ആദരിക്കുന്നത്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെയും മനോരമ ഇങ്ങനെ ക്രൂശിക്കുകയും ഉയിർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചമ്രം പടിഞ്ഞ് കൈവിരലുകൾ പിണച്ച് ഋഷിവര്യനെപോലെ ചിന്താമഗ്നനായിരിക്കുന്ന ഗാന്ധിജിയുടെ ചിത്രം മനോരമയുടെ പഞ്ചാംഗം മോടിപിടിപ്പിച്ച് തുടങ്ങിയിട്ട് കാലമേറെയായില്ല. ഒരു നൂറ്റാണ്ട് നീണ്ട ചരിത്രത്തിൽ പകുതിയിലേറെക്കാലം ആ സ്ഥാനമലങ്കരിച്ചിരുന്നത് ബ്രിട്ടീഷ് ചക്രവർതിമാരും തിരുവിതാംകൂർ നാടുവാഴികളുമായിരുന്നു. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭകാലത്ത് കോൺഗ്രസ് വിരോധ തിമിരം ബാധിച്ച പത്രങ്ങൾ പോലും 'മഹാത്മാഗാന്ധി'യെന്നും 'ഗാന്ധിജി'യെന്നും ആദരപൂർവം വിളിച്ചുപോന്നു. മനോരമ മിസ്റ്റർ ഗാന്ധിയെന്ന് വിളിക്കാനേ കൂട്ടാക്കിയുള്ളൂ. അതാണല്ലോ സായിപ്പിന് പഥ്യമാകുന്ന ഉപചാര ശൈലി. സ്വാതന്ത്ര്യാനന്തര വർഷങ്ങളിൽ മനോരമക്ക് ഗാന്ധിജിയോട്

പ്രേമാദരങ്ങൾ വഴിഞ്ഞൊഴുകിയപ്പോൾ പഴയ 'മിസ്റ്റർ ഗാന്ധി' പ്രയോഗം കുത്തിപ്പൊക്കി ചിലർ മാമ്മൻ മാപ്പിളയെ കളിയാക്കി. ഈ കുത്തുവാക്കുകൾ കേട്ട് സഹികെട്ടിട്ടാകാം 1950ലെ മനോരമ ഷഷ്ട്യബ്ദപൂർതി സ്മാരക ഗ്രന്ഥത്തിൽ മാമ്മൻ മാപ്പിളക്ക് ഇങ്ങനെ സ്വയം ന്യായീകരിക്കേണ്ടി വന്നു:

"കുറേ വർഷത്തേക്ക് കോൺഗ്രസിന്റെ നയത്തെ പൂർണമായി മനോരമ അനുകൂലിച്ചില്ല എന്നുള്ളത് വാസ്തവമാണ്. കോൺഗ്രസിന്റെ തീവ്രവാദത്തോട് ദേശാഭിമാനികളായ പല മിതവാദികളും ഇടക്കാലത്ത് വിയോജിക്കുകയുണ്ടായെന്നുള്ളത് ഈ അവസരത്തിൽ ഓർതിരിക്കേണ്ടതാണ്. ഗാന്ധിജിയെ 'മിസ്റ്റർ ഗാന്ധി' എന്ന് മനോരമ വിളിച്ചുവെന്നുള്ളതാണ് ചിലർ കൊണ്ടുവരുന്ന വലിയ കുറ്റാരോപണം. ശ്രീനിവാസശാസ്ത്രി മുതലായവർ ഗാന്ധിജിയെ മിസ്റ്റർ ഗാന്ധിയെന്നാണ് വിളിച്ചുവന്നത്. 'മഹാത്മാ, 'പണ്ഡിറ്റ്' മുതലായ സ്ഥാനപ്പേരുകൾ ചേർത്ത് നേതാക്കളെ ദേവൻമാരാക്കി മാറ്റുന്ന സമ്പ്രദായത്തെ ജവാഹർലാൽ നെഹ്റുവും പലപ്രാവശ്യം എതിർത്തിട്ടുണ്ട്. (മലയാളമനോരമ ഷഷ്ട്യബ്ദി പൂർതി സ്മാരക ഗ്രന്ഥം പേജ് 164)

"ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്നു ചെകുത്താനെയാണ് പ്രതിനിധീകരിക്കുന്നത്. ഈശ്വരനെ സ്നേഹിക്കുന്നവർക്ക് ചെകുത്താനുമായി ഒരു വേഴ്ചയും സാധ്യമല്ല" എന്ന് തെക്കേ ആഫ്രിക്കയിൽനിന്ന് മടങ്ങി എത്തിയ ഗാന്ധിജി വികാരാധീനനായി പ്രഖ്യാപിച്ചപ്പോൾ ഗാന്ധിജിയെ അന്തിക്രിസ്തുവായി ആർതുവിളിച്ചു പരിഹസിക്കാനും മനോരമയുടെ തൂലിക മടിച്ചില്ല. ക്രൈസ്തവർ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് ഒഴുകിപ്പോകാതിരിക്കാനും മനോരമ സ്വന്തം താളുകൾകൊണ്ട് ആവുന്നത്ര ചിറകെട്ടിനോക്കി. മാമ്മൻമാപ്പിളയുടെ രാഷ്ട്രീയതത്വചിന്ത ഉരുക്കഴിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ ഡോക്ടർ കെ എം തകരകൻ എഴുതുന്നു:

"ബ്രിട്ടീഷ് ജനാധിപത്യ സമ്പ്രദായത്തിന്റെ കടുത്ത ആരാധകനായിരുന്ന കെ സി മാമ്മൻ മാപ്പിള രാജവാഴ്ചയെ എതിർതിരുന്നില്ല. രാജാവിനെ സഹായിക്കാൻ ജനകീയ മന്ത്രിസഭ നല്ലതാണെന്ന് അദ്ദേഹം കരുതി. ജീവിതത്തിൽ ഒരിക്കൽപോലും തിരുവിതാംകൂറിലെ രാജവാഴ്ചയെ കെ സി മാമ്മൻമാപ്പിള വിമർശിച്ചിട്ടേയില്ല." (കെ സി മാമ്മൻമാപ്പിളയുടെ ജീവചരിത്രം ഡോ. കെ എം തരകൻ പേജ് 8, 9)

മാമ്മൻമാപ്പിളയുടെ യശസ് ഉയർതിക്കാട്ടാൻ അക്ഷരമന്ത്രം ജപിക്കുന്നവർക്കുപോലും മൂടിവെക്കാൻ കഴിയുന്നതല്ല അദ്ദേഹത്തിന്റെ അധികാര ദാസ്യ പാരമ്പര്യം

4 കണ്ണുരുട്ടിയപ്പോൾ മാപ്പിരന്നു

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും രാജവാഴ്ചക്കും എറാൻമൂളികഴിഞ്ഞിരുന്ന മനോരമയുടെ താളുകളിൽ ആയിരത്തിതൊള്ളായിരത്തി മുപ്പതുകളുടെ മധ്യത്തോടെ ഉണ്ടായ ഭാവപ്പകർച്ച ചെറിയൊരു ചുവടുമാറ്റമായിരുന്നു. സാമുദായിക നേതാക്കളുടെ നേതൃത്വത്തിൽ 'സംയുക്ത രാഷ്ട്രീയ സമിതി' രൂപം കൊണ്ടതോടെ അറച്ചറച്ചാണെങ്കിലും മാമ്മൻമാപ്പിളയും നിവർതന പ്രക്ഷോഭത്തിന്റെ സഹയാത്രികനായി. 'മനോരമ'യിലും അത് പ്രതിഫലിച്ചു. മനോരമയുടെ പ്രചാരവും അതോടെ പതിൻമടങ്ങായി. മാമ്മൻമാപ്പിളയുടെ ഈ ചുവടുമാറ്റം ദിവാൻ ഭരണത്തെ സ്വാഭാവികമാ

യും ചൊടിപ്പിച്ചു. 'വഴിപിഴച്ച' ഈ പോക്കിൽ നിന്ന് മനോരമയെ പിന്തിരിപ്പിക്കാൻ ദിവാന് ഒന്ന് കണ്ണുരുട്ടുകയേ വേണ്ടിവന്നുള്ളൂ. 'മിതത്വമില്ലാത്ത ഭാഷ' മേലാൽ ഒഴിവാക്കണമെന്ന് ചീഫ് സെക്രട്ടറി കെ ജോർജിൽ നിന്ന് കോട്ടയം ജില്ലാ മജിസ്ട്രേറ്റ്, ആർ വൈദ്യലിംഗ പിള്ള വഴി 'മനോരമ'ക്ക് മുന്നറിയിപ്പ് കിട്ടി. തികഞ്ഞ അപരാധിയുടെ സ്വരത്തിൽ മാമ്മൻമാപ്പിള കയ്യോടെ മറുപടി എഴുതി:

ഗവർമെണ്ട് ഉത്തരവുകൾ അനുസരിക്കാതിരിക്കുക ഒരിക്കലും മനോരമയുടെ നയമല്ലാത്തതിനാൽ ഈ മുന്നറിയിപ്പ് ഞാൻ തീർച്ചയായും വീഴ്ച കൂടാതെ ഉടൻ പ്രാവർത്തികമാക്കാം. ഗവർമെണ്ടിന് എതിർപ്പുള്ളത് ഏതെങ്കിലും പ്രത്യേക ലേഖനമാണോ, ലേഖനങ്ങളാണോ എന്ന കാര്യം, കഴിയുന്നത്ര വേഗം താങ്കൾ എന്നെ ദയവായി അറിയിച്ചാൽ എന്റെ ഭാവി പ്രവർത്തനങ്ങൾക് അത് വലിയ സഹായമായിരിക്കും. അത്തരം ലേഖനങ്ങൾ ചൂണ്ടിക്കാട്ടിത്തരികയും അതിൽ ഗവർമെണ്ടിന് എതിർപ്പുള്ളത് എന്താണെന്ന് സൂചിപ്പിക്കുകയും കൂടി ചെയ്തുതന്നാൽ ഞാൻ അങ്ങയോട് അത്യന്തം കടപ്പെട്ടവനായിരിക്കും."

(ഫയൽനമ്പർ 70/33/സി എസ്. സെക്രട്ടറിയേറ്റ് ഇംഗ്ലീഷ് റിക്കോർഡ്സ് സെക്ഷൻ)

ഈ മറുപടിയിൽ നിഴലിടുന്ന സഹതാപാർഹമായ വിധേയത്വത്തിന്റെ ആഴം അറിയണമെങ്കിൽ മനോരമക്ക് നൽകിയ മുന്നറിയിപ്പിനെതിരെ സഹജീവിയായ 'മാതൃഭൂമി' അന്ന് രോഷത്തോടെ എഴുതിയ മുഖപ്രസംഗവുമായി താരതമ്യപ്പെടുത്തണം:

"പത്രങ്ങളെ സ്വേച്ഛാപ്രകാരം നിയന്ത്രിക്കുന്നതിനുള്ള അധികാരം ഗവർമെണ്ട് നേരിട്ട് ഏറ്റെടുക്കുന്നതിന് വല്ല പ്രത്യേക സംഭവങ്ങളും തിരുവിതാംകൂറിൽ ഉണ്ടായിട്ടുണ്ടോ? നിവർത്തന പ്രസ്ഥാനക്കാർ നിയമവിരുദ്ധമായ യാതൊരു പ്രവൃത്തി പരിപാടിയും അംഗീകരിച്ചതായി ഞങ്ങൾ അറിയുന്നില്ല. ഗവർമെണ്ടിന്റെ ഏതൊരു കൃത്യത്തെക്കുറിച്ച് ആക്ഷേപിക്കുമ്പോഴും ഭാഷ അമിതമായിപ്പോയി എന്ന് ഗവർമെണ്ടിന് തോന്നുന്നത് സ്വാഭാവികമാണ്." (മാതൃഭൂമി മുഖപ്രസംഗം 1933 മെയ് 26). മനോരമയുടെ സമസ്താപരാധ കുറിപ്പും മാതൃഭൂമിയുടെ യുക്തി യുക്തമായ തിരിച്ചടിയും അക്കാലത്തെ രണ്ടു മുഖ്യ ധാരകളുടെ പ്രതിഫലനമാണ്.

പേടിച്ചരണ്ട മാമ്മൻമാപ്പിള ദിവാൻ ഭരണത്തിലെ കൽതൂണുകളോടുപോലും മാപ്പിരന്നു. കോട്ടയത്ത് സർകാർ അതിഥിമന്ദിരത്തിൽ വിശ്രമിക്കാനെത്തിയ ചീഫ് സെക്രട്ടറി കെ ജോർജിനെ നേരിൽ കണ്ടു അപരാധം പൊറുക്കണമേ എന്ന് കേണപേക്ഷിച്ചു. രണ്ടാഴ്ച കഴിഞ്ഞ് അഞ്ചു പുറങ്ങളുള്ള സുദീർഘമായ ഒരു കത്തുകൂടി ദിവാന് അയച്ചപ്പോഴേ മാമ്മൻമാപ്പിളക്ക് മനഃസമാധാനം വന്നുള്ളൂ. ബ്രിട്ടീഷ് സാമ്രാജ്യത്വം മനോരമയോട് കാട്ടുന്ന വാത്സല്യത്തിന്റെ കഥ എണ്ണി എണ്ണി പറഞ്ഞുകൊണ്ട് കത്ത് ഇങ്ങനെ ഉപസംഹരിക്കുന്നു:

ബ്രിട്ടീഷ് ഗവർമെണ്ട് പല സന്ദർഭങ്ങളിലും മനോരമയെ മാത്രം ഒറ്റതിരിച്ച് പ്രത്യേക അംഗീകാരം പ്രകടമാക്കിയിട്ടുണ്ട്—ഏതാനും സന്ദർഭങ്ങൾ ഞാൻ 'സൂചിപ്പിക്കട്ടെ. ബ്രിട്ടീഷ് ചക്രവർത്തി 'വെയിൽസ് രാജകുമാരനായി ഇന്ത്യയിൽ പര്യടനം നടത്തിയപ്പോൾ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യാൻ ദക്ഷിണേന്ത്യയിൽ നിന്ന് (മദിരാശിക്കുപുറത്ത്) ക്ഷണം ലഭിച്ച ഏക പത്രപ്രവർത്തകൻ ഞാനായിരുന്നു. മദിരാശിഗവർണർ മദിരാശിയിൽ വിളിച്ച കോൺഫ്രൻസിലും എന്നെ ക്ഷണിച്ചിട്ടുണ്ട്. മഹായുദ്ധം അതിശക്തമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇന്ത്യയിലെ ജനങ്ങളുടെ പിന്തു

ണയും സഹായവും നേടി എടുക്കാനുള്ള ബ്രിട്ടീഷ് ഗവർമെണ്ടിന്റെ അഭിലാഷമനുസരിച്ചായിരുന്നു ഈ കോൺഫ്രൻസ് വിളിച്ചുകൂട്ടിയത്. തിരുവിതാംകൂർ ദിവാൻ എന്ന പദവിയിൽ നിന്നും താങ്കൾ വിരമിക്കുന്നതിനു മുമ്പ് അംഗീകാരത്തിന്റെ എന്തെങ്കിലും തിരുവുള്ള സൂചന താങ്കളിൽ നിന്നും ലഭിക്കാൻ ഭാഗ്യമുണ്ടാകുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്" (സെക്രട്ടറിയേറ്റ് ഇംഗ്ലീഷ് റിക്കാർഡ് സെക്ഷൻ ഫയൽ നമ്പർ 77/33 C -) ബ്രിട്ടീഷ് ചക്രവർത്തിയുടേയും മദിരാശി ഗവർണറുടേയും പേരുകൾ കത്തിൽ സൂചിപ്പിച്ചത് യാദൃശ്ചികമല്ല. ദിവാന്റെ തിരുവുള്ളക്കേടിന് ഇരയായാലും മനോരമയോട് ബ്രിട്ടീഷ് ഗവർമെണ്ടിന് വാത്സല്യമുണ്ടെന്ന മുന്നറിയിപ്പായിരുന്നു ഇത്.

ഈ ചാഞ്ചാട്ടം മനോരമയുടെ പ്രചാരം കുറക്കുമെന്ന് ബോധ്യമായതോടെ മാമ്മൻമാപ്പിളക്ക് വീണ്ടുവിചാരമുദിച്ചു. വിമർശനത്തിന്റെ തൂലികക്കു മൂർച്ചകൂട്ടി മനോരമയുടെ ഇടിഞ്ഞുകൊണ്ടിരുന്ന പ്രചാരം വീണ്ടെടുത്തു. നിവർത്തന പ്രക്ഷോഭത്തിന്റെ വാർതകൾ മനോരമയുടെ താളുകളിൽ വീണ്ടും വെളിച്ചം കണ്ടുതുടങ്ങിയതോടെ ദിവാൻഭരണം ഉഗ്രതാക്കീതുമായി ചാടിവീണു. ദിവാന്റെ കാൽകൽ സാഷ്ടാംഗം വീണ് മാമ്മൻമാപ്പിള മാപ്പിരന്നു. 1933 നവംബർ 18ന് ചീഫ് സെക്രട്ടറിക്ക് മാപ്പെഴുതിക്കൊടുത്ത് നിവർത്തന പ്രക്ഷോഭത്തിന്റെ തീച്ചൂളയിൽ 'മനോരമ'യെ ആഹൂതിചെയ്യാൻ ഒരുക്കമല്ലെന്ന് മാമ്മൻമാപ്പിള ഒരിക്കൽകൂടി തെളിയിച്ചു. (സെക്രട്ടറിയേറ്റ് ഇംഗ്ലീഷ് റെക്കോഡ്സ് വിഭാഗം ഫയൽ നമ്പർ 148, ചീഫ് സെക്രട്ടറി 26 ഒക്ടോബർ 1933)

ഭരണപരമായി കേരളം മൂന്നായി മുറിഞ്ഞുകിടന്നിരുന്നെങ്കിലും 1921 ലെ നാഗ്പൂർ സമ്മേളനത്തോടെ തിരുവിതാംകൂറും കൊച്ചിയും മലബാറും കോൺഗ്രസിന്റെ ദൃഷ്ടിയിൽ ഒറ്റഘടകമായികഴിഞ്ഞിരുന്നു. ദേശീയ ബോധത്തിന്റെ അലകൾ തെക്കോട്ടും ആഞ്ഞുവീശിതുടങ്ങി. ഈ ഘട്ടത്തിലൊന്നും തിരുവിതാംകൂറിലെ സാമുദായിക നേതാക്കളുമായുള്ള ചങ്ങാത്തത്തിനപ്പുറം സ്വാതന്ത്ര്യ സമര ഭടൻമാരുമായുള്ള ഐക്യദാർഢ്യം മാമ്മൻമാപ്പിളക്ക് ചിന്തിക്കാവുന്നതായിരുന്നില്ല. സ്വാതന്ത്ര്യപ്രസ്ഥാനത്തിന് ആക്കം കൂട്ടിയ നിവർതന പ്രക്ഷോഭത്തിന്റെ ആരംഭകാലത്തും മാമ്മൻമാപ്പിള ലാഭച്ചേതങ്ങളുടെ കൂട്ടിക്കിഴിക്കലും പഴയ ചാഞ്ചാട്ടങ്ങളും തുടർന്നു. തോട്ടം ഉടമയും വ്യവസായിയും ബാങ്കറും പത്രം ഉടമയും എന്ന നിലക്കുള്ള നിക്ഷിപ്ത താൽപര്യങ്ങളെ അപകടപ്പെടുത്തുന്ന നിലപാടുകളിലേക്ക് എടുത്തുചാടാൻ മാത്രം ബുദ്ധിശൂന്യനുമായിരുന്നില്ല അദ്ദേഹം. എങ്കിലും ഉറ്റ സുഹൃത്തുക്കൾ 1933 ഡിസംബർ ഏഴിന് വൈകിട്ട് നാലിന് മാമ്മൻമാപ്പിളയെ ഒരു കെണിയിൽ കുടുക്കി. പട്ടം കൊട്ടാരത്തിൽ മഹാരാജാവിന് നിവേദനം സമർപിക്കുന്നതിനുള്ള സമുദായ പ്രതിനിധിസംഘത്തെ അന്ന് മാമൻമാപ്പിളയാണ് നയിച്ചത്. മഹാരാജാവിന്റെ തിരുവുള്ളക്കേടിന് ഇരയായോ എന്ന മനോവേദനയോടെയായിരുന്നു മാമ്മൻമാപ്പിള കൊട്ടാരത്തിൽ നിന്ന് മടങ്ങിയത്. ഈ പ്രക്ഷോഭത്തിൽ മാമ്മൻമാപ്പിള തിരനോട്ടം നടത്തിയതുതന്നെ മനസില്ലാമനസോടെയായിരുന്നു എന്ന് മൂർക്കോത്ത് കുഞ്ഞപ്പയുടെ വിവരണം തന്നെ വെളിവാക്കുന്നു.

"സജീവ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിന് മാമ്മൻമാപ്പിളക്ക് യാതൊരു അഭിനിവേശവുമുണ്ടായിരുന്നില്ല. ...പത്രത്തിന്റെ ക്രമമായ പ്രസിദ്ധീകരണത്തിനു തടസം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപെടരുതെന്ന് എത്രയോ വർഷങ്ങൾകു മുമ്പ് ദൃഢ നിശ്ചയം ചെയ്തിരുന്നതാണ്. ഏതായാലും സുഹൃത്തുക്കളായ സഹപ്രവർതകരുടെ നിർബന്ധം മൂലം അ

ദ്ദേഹം പ്രതിനിധി സംഘത്തിന്റെ നേതൃത്വം ഏറ്റെടുത്തു". (മലയാളമനോരമ– സംസ്കാര നവോത്ഥാനം, മൂർക്കോത്ത് കുഞ്ഞപ്പ പേജ് 141) മനോരമയിലൂടെയുള്ളവിമർശനത്തിന്റെ സ്വരം പൊടുന്നനെ മയപ്പെട്ടപ്പോൾ സമുദായനേതാക്കൾ അന്ധാളിച്ചു; മഹാരാജാവിനെ കണ്ട് നിവേദനം നടത്താൻ മുന്നോട്ടുവന്ന മാമ്മൻമാപ്പിള നിവർത്തന പ്രക്ഷോഭത്തിൽനിന്ന് ഭീരുത്വം കൊണ്ട് പിൻവലിയുന്നതുകൂടി കണ്ടപ്പോൾ ജനം മൂക്കത്ത് വിരൽ വെച്ചു. നിവർത്തന പ്രക്ഷോഭത്തിന് ആക്കം കൂട്ടാൻ ചെങ്ങന്നൂരും മാവേലിക്കരയിലും കോഴഞ്ചേരിയിലും യോഗങ്ങൾ ചേർന്നെങ്കിലും മാമ്മൻമാപ്പിള ഒഴിഞ്ഞുമാറി. ചെങ്ങന്നൂരിലെ ആലോചനായോഗ ദിവസം അടുത്തുവന്നതോടെ മാമ്മൻമാപ്പിളയുടെ നിറംമാറ്റം പൂർണമായി. തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ സൂക്ഷിക്കുന്ന പൊലീസ് രഹസ്യ റിപ്പോർട്ട് മാമ്മൻമാപ്പിളയുടെ മനം മാറ്റത്തിന്റെ ഗ്രാഫിക് രേഖയാണ്:

"ചെങ്ങന്നൂരിൽ പി ഇ എബ്രഹാമിന്റെ വീട്ടിൽ ജനുവരി 5 ന് ചേരുന്ന നിവർത്തന പ്രക്ഷോഭണ യോഗത്തിൽ പങ്കെടുക്കാൻ മാമ്മൻമാപ്പിളക്ക് ക്ഷണക്കത്ത് കിട്ടി. എന്നാൽ നിവർത്തന പ്രക്ഷോഭത്തിൽ പരസ്യമായി പങ്കെടുക്കാൻ പറ്റില്ലെന്ന് 'നവഭാരതി' എഡിറ്റർ കൊച്ചിപ്പൻമാപ്പിളയോടും കൊട്ടാരക്കരയിലെ ഡോ. കുഞ്ഞാണ്ടിയോടും മാമ്മൻമാപ്പിള പറഞ്ഞു. ഗവർമെണ്ടിന് തന്നോട് അനിഷ്ടമുണ്ടായിരിക്കുന്നതുകൊണ്ടും പത്രത്തിൽ നിന്നും അച്ചടിശാലയിൽ നിന്നും കിട്ടുന്ന ആദായം നഷ്ടപ്പെടുമെന്നുള്ളതുകൊണ്ടുമാണ് ഇങ്ങനെ ചെയ്യുന്നതെന്നും മാമ്മൻ മാപ്പിള അവരോട് പറഞ്ഞു". (തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ് പൊലീസ് വീക്കിലി സീക്രട്ട് ബുള്ളറ്റിൻ റിപ്പോർട്ട് 1934 ജനുവരി 6)

കോട്ടയത്തു നിന്ന് പൊലീസ് കമീഷണർ എം രാമാനുജ അയ്യങ്കാർ അയച്ച ഈ രഹസ്യ റിപ്പോർട്ട് ദിവാനെയും മറ്റും സന്തുഷ്ടരാക്കി. പക്ഷേ മാമ്മൻമാപ്പിളയുടെ ഉറ്റസുഹൃത്തുക്കളായ നിവർത്തന പ്രക്ഷോഭണ നേതാക്കൾക്ക് ഇത് ഇരുട്ടടിയായി. മാമ്മൻമാപ്പിളയുടെ നീക്കങ്ങൾ പിന്തുടർന്ന ദിവാന്റെ രഹസ്യപൊലീസ് ചെങ്ങന്നൂർ യോഗത്തിലെ പ്രധാന ചർച്ചാവിഷയം ചോർത്തിയെടുത്ത് ഇങ്ങനെ റിപ്പോർട്ട് ചെയ്തു:

"എബ്രഹാമിന്റെ വീട്ടിൽ ചേർന്നയോഗത്തിൽ മാമ്മൻമാപ്പിള നിവർത്തന പ്രക്ഷോഭത്തിൽ നിന്നു പിൻമാറി. ഈ വഞ്ചനയിൽ രോഷം പൂണ്ട എം വി ജോസഫ് ബി എ ബി എൽ, കെ ടി തോമസ് ബി എ ബി എൽ എന്നിവർ 'മനോരമ'ക്ക് ബദലായി നിവർത്തന പ്രക്ഷോഭത്തിന് വേണ്ടി പത്രം തുടങ്ങാൻ തകൃതിയായ ശ്രമം തുടങ്ങി". (തിരുവനന്തപുരം സെൻട്രൽ ആർക്കവ്സ് പൊലീസ് വീക്കിലി . സീക്രട്ട് ബുള്ളറ്റിൻ റിപ്പോർട്ട്) നിവർത്തന പ്രക്ഷോഭ നേതാക്കളുടെ അനുഗ്രഹാശിസ്സുകളോടെ പുതിയ പത്രം ഉദയം ചെയ്യുന്നത് "മനോരമ'യുടെ പ്രചാരണത്തിന് ഭീഷണിയാകുമെന്ന് മാമ്മൻമാപ്പിള മനസിലാക്കി. രാഷ്ട്രീയ മൗനവ്രതം ഇടക്കിടെ ഭഞ്ജിച്ച് നിവർത്തന പ്രക്ഷോഭ നേതാക്കളെ തൃപ്തിപ്പെടുത്താനും അതേസമയം ദൂതൻമാർ വഴി ദിവാൻ സി പി രാമസ്വാമിഅയ്യരുടെ രഹസ്യ ബന്ധത്തിന്റെ ഇഴകൾ ഊടുറ്റതാക്കാനും മാമ്മൻമാപ്പിള പുതിയ തന്ത്രം ആവിഷ്കരിച്ചു. മാമ്മൻമാപ്പിളയുടെ വ്യവസായ സാമ്രാജ്യവും മാമ്മൻമാപ്പിള ചെയർമാനായ ട്രാവൻകൂർ നാഷണൽ ആൻറ് ക്വയ്‌ലോൺ ബാങ്കും സിപിയുടെ നിർലോപ സഹായത്താൽ തഴച്ചു.

പക്ഷേ ദിവാൻ ഭരണത്തിന്റെ ആണിക്കല്ലിളക്കുന്ന കൂറ്റൻ പ്രക്ഷോഭങ്ങളുടെ വേലിയേറ്റം തിരുവിതാംകൂറിനെ പിടിച്ചുകുലുക്കുകയായിരുന്നു. മനോരമക്കും പ്രക്ഷോഭകരോടൊപ്പം നിലയുറപ്പിക്കാതിരിക്കാൻ വ

യ്യാത്ത സ്ഥിതിയായി. സ്റ്റേറ്റ് കോൺഗ്രസ് നിരോധിക്കപ്പെട്ടത് എരിതീയിൽ എണ്ണ ഒഴിച്ചു. സിപിയുടെ പൈശാചിക ഭരണം ഭീകര സത്വമായി തിരുവിതാംകൂറിനെ വേട്ടയാടി. 'മനോരമ'യുടെ പ്രസിദ്ധീകരണം തിരുവിതാംകൂറിൽ നിന്ന് കൊച്ചി രാജ്യത്തിലേക്ക് മാറ്റാൻ മാമ്മൻമാപ്പിള നടത്തിയ രഹസ്യ നീക്കം ചെവിയിലെത്തിയപ്പോൾ സി പി കോപം കൊണ്ട് തിളച്ചു. (തിരുവനന്തപുരം സെൻട്രൽ ആർകൈവ്സ് പൊലീസ് വീക്കിലി സീക്രട്ട് ബുള്ളറ്റിൻ സി ഐ ഡി എസ് പി ടി ആർ രാമൻപിള്ളയുടെ 30–6–1938ലെ റിപ്പോർട്ട്) 'മനോരമയെ രക്ഷിക്കാൻ മാമ്മൻമാപ്പിളയുടെ ദൂതൻമാർ ദിവാന്റെ താമസകേന്ദ്രമായ 'ഭക്തിവിലാസ'ത്തിൽ കയറിയിറങ്ങിയെങ്കിലും സി പി യുടെ കോപം ശമിച്ചില്ല. നിൽക്കക്കളിയില്ലാതായ മാമ്മൻമാപ്പിള ആഗസ്ത് അവസാനം വൈസ്രോയിയെക്കണ്ട് സങ്കടമുണർത്തിക്കാൻ ദൽഹിയിലേക്ക് തിരിച്ചു. സി പിയെ പ്രകോപിപ്പിക്കുന്ന വാർത്തകളൊന്നും കുത്തിനിറക്കരുതെന്ന് പത്രാധിപസമിതി അംഗങ്ങളോട് മാമ്മൻമാപ്പിള പ്രത്യേകം ചട്ടം കെട്ടിയിരുന്നു. പക്ഷേ സെപ്തംബർ ആദ്യവാരം നെയ്യാറ്റിൻകരയിലും പുതുപ്പള്ളിയിലും പട്ടാളക്കാരുടെ വെടിയുണ്ടകൾ സമരഭടൻമാരെ കൊന്നൊടുക്കിയപ്പോൾ മാമ്മൻ മാപ്പിളയുടെ വിലക്ക് ലംഘിക്കാൻ പത്രാധിപ സമിതി അംഗങ്ങൾ നിർബന്ധിതരായി. സെപ്തംബർ 2, 3, 6 തീയതികളിൽ വെടിവെപ്പുകളുടെയും ഹർത്താലിന്റെയും വാർത്തകൾ ചൂടോടെ മനോരമയിൽ പ്രത്യക്ഷപ്പെട്ടു. പക്ഷേ മുഖപ്രസംഗം മനഃപൂർവം മയപ്പെടുത്തി. ഈ പൊടിക്കൈകൊണ്ടൊന്നും സി പി യുടെ കോപം തണുത്തില്ല. മനോരമയുടെ ലൈസൻസ് 1938 സെപ്തംബർ 9ന് സർക്കാർ റദ്ദാക്കി. (തിരുവനന്തപുരം സെക്രട്ടറിയേറ്റ് ഇംഗ്ലീഷ് റിക്കാർഡ് സെക്ഷൻ ഫയൽ നമ്പർ 287/38/സി എസ്)

തിരുവിതാംകൂറിൽ അക്കാലത്ത് പ്രസിദ്ധീകരണം നിരോധിച്ച മിക്കപത്രങ്ങൾകും പിഴയും പത്രാധിപൻമാർക് തടവും ദിവാൻ ഭരണം സമ്മാനിച്ചെങ്കിലും മാമ്മൻമാപ്പിളക്കോ മനോരമകുടുംബത്തിലെ മറ്റാർക്കെങ്കിലുമോ എതിരെ സി പി രാമസ്വാമിഅയ്യർ മറ്റു നടപടികൾകൊന്നും മുതിർന്നില്ല. മനോരമയ്ക്കെതിരെ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്ത് അഡ്വക്കേറ്റ് ജനറൽ യു പത്മനാഭ കുക്കിലിയ അഭിപ്രായം രേഖപ്പെടുത്തിയ ഫയലിന്റെ മാർജിനിൽ സി പി സ്വന്തം കൈപ്പടയിൽ എഴുതിയിരിക്കുന്നു:

"കുഴപ്പം സൃഷ്ടിക്കുന്ന തലക്കെട്ടുകളും പരാമർശങ്ങളും വാർത്തയിലുണ്ടെങ്കിലും പ്രോസിക്യൂഷൻ നടപടി തൽകാലം വേണ്ട". (സെക്രട്ടറിയേറ്റ് ഇംഗ്ലീഷ് റിക്കാർഡ്സ് സെക്ഷൻ ഫയൽ നമ്പർ 302 കോൺഫിഡൻഷ്യൽ ലറ്റർ നമ്പർ AG/4 1938 സെപ്തംബർ 8)

മാമ്മൻമാപ്പിളയുടെ വിലക്ക് ലംഘിച്ച് സി പിയുമായി ഏറ്റുമുട്ടി പത്രം പൂട്ടിച്ച അന്നത്തെ എഡിറ്റർമാരുടെ നടപടിയിൽ ഇന്നത്തെ മുഖ്യ പത്രാധിപർ കെ എം മാത്യുവിന്റെ രോഷം ഡോ. കെ എം തരകൻ, ക്രോഡീകരിച്ചിരിക്കുന്നത് കാണുക:

"സി പി രാമസ്വാമി അയ്യരുടെ ഗവർമെണ്ടുമായി മലയാള മനോരമ ശണ്ഠയിലായിരുന്ന ഘട്ടത്തിൽ മാമ്മൻമാപ്പിളയുടെ പത്രാധിപ സമിതി അംഗങ്ങൾ കാട്ടിയ അതീവ ഗുരുതരമായ ഒരു തെറ്റിനെക്കുറിച്ച് കെ എം മാത്യു എഴുതിയിട്ടുണ്ട്. മനോരമയും സി പി യും തമ്മിലുള്ള ഏറ്റുമുട്ടൽ പ്രതിസന്ധിയിലേക്ക് നീങ്ങവേ വൈസ്രോയിയെ കാണാൻ മാമ്മൻ മാപ്പിള ദൽഹിക്ക് പോയി. സി പി രാമസ്വാമിഅയ്യരുടെ അതിക്രമങ്ങളെകുറിച്ച് വൈസ്രോയിക്ക് റിപ്പോർട്ട് നൽകുകയായിരുന്നു ഉദ്ദേശം. പ്രകോപനപര

മായ റിപ്പോർട്ടുകളും ലേഖനങ്ങളുമെഴുതി പ്രതിസന്ധിയിലേക്ക് തള്ളിവിടരുതെന്ന് ഈ സമയത്ത് അദ്ദേഹം എഡിറ്റർമാരെ ഉപദേശിച്ചിരുന്നു. എന്തായാലും അന്തരീക്ഷം സംഘർഷഭരിതവും സ്ഥിതിഗതി ഏറെക്കുറെ നിയന്ത്രണാതീതവുമായിരുന്നു . സിപിയുടെ നിഷ്ഠൂര പ്രവർത്തനങ്ങളിൽ ക്രോധം പൂണ്ട എഡിറ്റർമാർ സ്വാതന്ത്ര്യസമര വാർത്തകൾ പ്രസിദ്ധീകരിച്ചു. ഈ സാഹചര്യത്തിലാണ് സി പി യുടെ ഗവർമെണ്ട് പത്രം പൂട്ടിച്ചത്. ഉടനെയോ കുറേക്കഴിഞ്ഞോ സി പി അതു ചെയ്തേക്കുമെന്നറിയാം. എന്നാൽ മാമ്മൻമാപ്പിള ആ സമയം കോട്ടയത്തുണ്ടായിരുന്നെങ്കിൽ നിരോധന ഉത്തരവ് ഏതാനും ദിവസത്തേക്ക് മാറ്റിവെക്കാൻ കഴിഞ്ഞേനെ. പത്രം രക്ഷിക്കാൻ അദ്ദേഹം തന്റേതായ വഴി കണ്ടെത്തുക തന്നെ ചെയ്യുമായിരുന്നു."

(കെ സി മാമ്മൻമാപ്പിളയുടെ രേഖാചിത്രം— ഡോ. കെ എം തരകൻ പേജ് 324)

സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ പത്രം ഹോമിക്കപ്പെട്ടതിൽ കണ്ണീർവാർക്കുന്ന മനോരമയുടെ സാരഥികൾക്ക് രോഷം സി പി രാമസ്വാമി അയ്യരോടാണോ അതോ സത്യസന്ധമായി പത്രധർമം പുലർത്താൻ ശ്രമിച്ച എഡിറ്റർമാരോടാണോ എന്ന് സംശയം തോന്നിപ്പോകുന്നില്ലേ? മാമ്മൻമാപ്പിള കോട്ടയത്തുണ്ടായിരുന്നെങ്കിൽ ഒരു മാപ്പു എഴുതിക്കൊടുത്തു പത്രവ്യവസായം ഇടവേള കൂടാതെ അഭംഗുരം തുടരാമായിരുന്നു എന്ന് അനന്തരാവകാശി പ്രത്യാശിക്കുകയും ചെയ്യുന്നു. ലൈസൻസ് റദ്ദാക്കുമെന്ന് മുൻകൂട്ടി വിവരം ചോർന്നു കിട്ടിയ കാരണം 'മനോരമ' ആപ്പീസിലെ വിലപിടിച്ച സാധനങ്ങളൊക്കെ നേരത്തെ തന്നെ മാറ്റാൻ കഴിഞ്ഞുവെന്ന് മാമ്മൻമാപ്പിളയുടെ അനുജൻ കെ സി ഈപ്പന്റെ മകൾ സാറാജോർജും സമ്മതിക്കുന്നുണ്ട്. (ജയിലിലെ വല്യപ്പൻ—സാറാ ജോർജ് പേജ് 42). അതുകൊണ്ടുതന്നെ തിരുവിതാകൂറിൽ ലൈസൻസ് റദ്ദാക്കി എങ്കിലും കുന്നംകുളത്തു നിന്ന് ഏതാനും മാസം പത്രം മുറക്ക് പ്രസിദ്ധീകരിക്കാൻ മാമ്മൻ മാപ്പിളക്ക് കഴിഞ്ഞു. അതിനിടെ ബാങ്കു തട്ടിപ്പ് കേസിൽ കുടുങ്ങി മാമ്മൻ മാപ്പിളയും കൂട്ടുകച്ചവടക്കാരും ജയിലിലായതോടെ പത്രം നിലച്ചു. ലൈസൻസ് റദ്ദാക്കി ഒരു വർഷം പൂർത്തിയായപ്പോൾ മാമ്മൻമാപ്പിളയുടെ ദൂതൻമാർ സിപി രാമസ്വാമിഅയ്യരെ സമീപിച്ച് ലൈസൻസ് വീണ്ടെടുക്കാൻ ഭഗീരഥ പ്രയത്നം നടത്തി. വിലയ്ക്കോ (20,000 രൂപ) അഞ്ച് വർഷ പാട്ടത്തിനോ മനോരമ ഏറ്റെടുത്ത് നടത്താൻ അനുവദിക്കണമെന്ന് മാമ്മൻമാപ്പിളയുടെ അനുജൻ കെ സി മാത്യു മഹാരാജാവിനോടും ദിവാനോടും കേണപേക്ഷിച്ചു. (സെക്രട്ടറിയറ്റ് ഇംഗ്ലീഷ് റിക്കാർഡ് സെക്ഷൻ ഫയൽ സി എസ് നമ്പർ 433, ഒക്ടോബർ 1939) പക്ഷെ പത്രവ്യവസായം വീണ്ടെടുക്കാനുള്ള ശ്രമം വിഫലമായി.

ദിവാന്റെ രോഷം തണുത്തുവോ എന്നറിയാൻ മാമ്മൻമാപ്പിളയുടെ മൂത്ത മകൻ കെ എം ചെറിയാൻ മൂന്നു വർഷം കഴിഞ്ഞ് മറ്റൊരു ശ്രമം നടത്തി. ഊട്ടിയിലെ സുഖവാസ കേന്ദ്രത്തിൽ തങ്ങുകയായിരുന്ന സിപി രാമസ്വാമി അയ്യരെ ചെറിയാൻ നേരിൽ കണ്ടു സമസ്താപരാധങ്ങളും പൊറുക്കാൻ അപേക്ഷിച്ചു. സി പിയുടെ വൈരം മാറിയെന്നറിഞ്ഞതോടെ ചെറിയാൻ ആഹ്ളാദം കൊണ്ട് തുള്ളിച്ചാടി. രണ്ടാഴ്ചക്കുള്ളിൽ തിരിച്ചുവരാമെന്ന ഉറപ്പോടെ ചെറിയാൻ ഊട്ടിയിൽ നിന്ന് നേരെ മദിരാശിയിലേക്ക് മടങ്ങി. സി പിയുടെ ഔദാര്യം കൊണ്ട് മാത്രം ജയിലിൽ നിന്നിറങ്ങിയ മാമ്മൻമാപ്പിള തിരുവിതാംകൂറിൽ തല ഉയർത്തിനടക്കാൻ കഴിയാതെ, മദിരാശിയിൽ താമസിക്കുകയായിരുന്നു അപ്പോൾ. സിപിയുമായി നടത്തിയ കൂടിക്കാഴ്ചയുടെ ഫലം ചെറിയാനും മാമ്മൻമാപ്പിളയും തമ്മിൽ ചർച്ച

ചെയ്തെങ്കിലും 'മനോരമ'യുടെ പുനഃപ്രസിദ്ധീകരണം മാറ്റിവെച്ചു. തിരുവിതാംകൂറിൽ നിവർത്തന പ്രക്ഷോഭം ആരംഭിച്ചതുമുതൽ പല കുട്ടിക്കരണം മറിച്ചിലുകൾ നടത്തിയ മനോരമക്ക് ജനങ്ങളിൽ നിന്ന് എന്തു പ്രതികരണമാവും ഇനി ലഭിക്കുകയെന്ന് മാമ്മൻമാപ്പിളക്ക് ആശങ്കയുണ്ടായിരുന്നു. ഒരു ഭാഗ്യപരീക്ഷണം തൽകാലം വേണ്ടെന്നുതന്നെ മാമ്മൻമാപ്പിള ഉറച്ചു.

ഏഴുവർഷത്തെ കാത്തിരിപ്പിനു ശേഷം ഇന്ത്യ സ്വതന്ത്രമായതോടെ മനോരമക്ക് ലൈസൻസ് തിരിച്ചുകിട്ടി. അച്ചടിച്ച ഫാറവും സ്വത്തും എല്ലാം അതേപടി മടക്കിക്കിട്ടി. എന്നാൽ മനോരമയുടെ ലൈസൻസ് റദ്ദാക്കുന്നതിന് കാൽനൂറ്റാണ്ടിലേറെ മുമ്പ് ദിവാൻ ഭരണം കണ്ടുകെട്ടിയ 'സ്വദേശാഭിമാനി' പ്രസ് അതിന്റെ ഉടമക്ക് തിരിച്ചുകിട്ടാൻ കേരളത്തിൽ ഒന്നാമത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭ ജൻമംകൊള്ളുംവരെ കാത്തിരിക്കേണ്ടി വന്നു. ഒരു ബഹുമതി എന്ന നിലയിൽ പഴയ അച്ചിനു പകരം പുതിയ അച്ചും സ്വദേശാഭിമാനിയുടെ ഉടമക്ക് കമ്യൂണിസ്റ്റ് മന്ത്രിസഭ സമ്മാനിച്ചു.

5. പണക്കൊഴുപ്പിന്റെ ഉറവിടം

'മലയാള മനോരമ'യുടെ പൈതൃകം തന്നെ ഒരു കടങ്കഥയാണിന്ന് മലയാള മനോരമ കമ്പനിയുടെ സ്ഥാപകനായ കണ്ടത്തിൽ വർഗീസ് മാപ്പിളയിൽ നിന്ന് കെ സി മാമ്മൻ മാപ്പിള വഴി കെ എം മാത്യു ആൻഡ് സൺസിലേക്ക് വഴിതെറ്റി എത്തി നിൽക്കുന്ന ഉടമസ്ഥാവകാശം ഈ പൈതൃകത്തെ ചൂഴ്ന്നു നിൽക്കുന്ന നിഗൂഢ സമസ്യയാണ്. നൂറ് വർഷം മുമ്പ് കണ്ടത്തിൽ വർഗീസ് മാപ്പിള 'മലയാള മനോരമ' കമ്പനി ആരംഭിക്കുമ്പോൾ ചില്ലിക്കാശിന്റെ മുടക്കു മുതലില്ലാതിരുന്നവരുടെ സന്തതിപരമ്പരകളാണ് "യാതനയും കഷ്ടതയും നിറഞ്ഞ" നൂറ്റാണ്ടിന്റെ പൈതൃകത്തിൽ ഇന്ന് ഊറ്റം കൊള്ളുന്നത്.

'മലയാള മനോരമ'യുടെ സ്ഥാപകനും മുഖ്യ പത്രാധിപരുമായിരുന്ന കണ്ടത്തിൽ വർഗീസ് മാപ്പിളയും പിൽകാലത്ത് ഈ പത്രസ്ഥാപനം അര നൂറ്റാണ്ടോളം കയ്യടക്കിയ കെ സി മാമ്മൻ മാപ്പിളയും (ഇന്നത്തെ പത്രാധിപർ കെ എം മാത്യുവിന്റെ പിതാവ്) തമ്മിലുള്ള ഇണക്കുകണ്ണി എന്തെന്നറിയേണ്ടേ? ചിലരെങ്കിലും കരുതുംപോലെ വർഗീസ് മാപ്പിളയുടെ പുത്രനല്ല കെ സി മാമ്മൻ മാപ്പിള. വർഗീസ് മാപ്പിളയുടെ എട്ടു കൂടപ്പിറപ്പുകളിൽ ഒരാൾ മാത്രമായ കെ ഐ ചെറിയാൻ മാപ്പിളയുടെ മൂത്ത പുത്രനാണ് മാമ്മൻ മാപ്പിള. നിത്യവൃത്തിക്ക് ഗതിയില്ലാതെ ഉഴലുകയായിരുന്ന മാമ്മൻ മാപ്പിളക്ക് കോളേജ് വിദ്യാഭ്യാസവും പിന്നീട് കോട്ടയം എം ഡി സെമിനാരിയിലെ അധ്യാപക ജോലിയും തരപ്പെടുത്തിയതും വർഗീസ് മാപ്പിള തന്നെ. അനാരോഗ്യം മൂലം വർഗീസ് മാപ്പിള ശയ്യാവലംബിയായതോടെ മാമ്മൻ മാപ്പിള 'മനോരമ' കമ്പനിയുടെ കടിഞ്ഞാണിൽ നോട്ടമിട്ടു. വർഗീസ് മാപ്പിളയോടൊപ്പം 'മനോരമ' പടുത്തുയർത്തുന്നതിൽ ചോരയും നീരും നൽകിയ സഹധർമിണി മറിയാമ്മയും ഏക മകൻ കെ വി ഈപ്പനും നിയമാനുസൃത പിന്തുടർച്ചാവകാശികളായിരിക്കെ തന്നെയായിരുന്നു ഇത്.

വർഗീസ് മാപ്പിളയുടെ അന്ത്യത്തോടെ കണ്ടത്തിൽ കുടുംബത്തിൽ ബലപരീക്ഷണത്തിനുള്ള പോർക്കളമൊരുങ്ങി. വർഗീസ് മാപ്പിളയുടെ കൂടപ്പിറപ്പുകളായ കൊച്ചീപ്പനും മാത്തുള്ള മാപ്പിളയും മറനീക്കി ഗോദയിലിറങ്ങിയപ്പോൾ മാമ്മൻ മാപ്പിള തൽകാലം ഉൾവലിഞ്ഞു. കൂടെപ്പിറപ്പു

കളും രക്തബന്ധങ്ങളും തമ്മിലുള്ള ഉൾപ്പോരുകളുടെ തീപ്പൊരികൾ കണ്ടത്തിൽ കുടുംബത്തിൽ പൊട്ടിച്ചിതറി. മാമ്മൻ മാപ്പിളയും ദീർഘദൃഷ്ടിയോടെ കരുക്കൾ നീക്കി. രൂക്ഷമായ അധികാര വടംവലിയുടെ ഒരു നഖചിത്രം മാമ്മൻമാപ്പിള നൽകുന്നതു നോക്കുക.

"അവസാനകൈയായി എൻെറ പിതാവ് ഒരു അനുരഞ്ജന ശ്രമം കൂടി നടത്തി. ക്ഷണമനുസരിച്ച് മിക്കവരും എൻെറ മാതൃഗൃഹമായ തൈയിൽ എത്തിച്ചേർന്നു. കുടുംബ കാര്യങ്ങൾ പറയാൻ തുടങ്ങി. അതിനിടയിൽ അവരിലൊരാൾ വർഗീസ് മാപ്പിളയെപ്പറ്റി അനാദരവായി എന്തോ സംസാരിച്ചു. ജ്യേഷ്ഠസഹോദരൻെറ ചരമത്തിൽ അത്യന്തം ദുഃഖാതുരനായിരുന്ന എൻെറ പിതാവിൻെറ ഹൃദയത്തിൽ ആ പരുഷവാക്കുകൾ ചുട്ടുപഴുത്ത ഇരുമ്പു കഷണംകൊണ്ട് മുറിവിൽ കുത്തിയാലെന്നതുപോലെയുള്ള വേദനയുണ്ടാക്കി. അദ്ദേഹം ക്ഷുഭിതനായി മറുപടി പറഞ്ഞു. മോഹാലസ്യപ്പെട്ടു വീണു. എട്ടുപത്ത് മണിക്കൂറുനേരം അസ്തപ്രജ്ഞനായി കിടന്നുപോയി. കുടുംബവഴക്കു നേരെയായില്ല. ഒരിക്കലും ശരിപ്പെട്ടുമില്ല." (മലയാള മനോരമ വാരിക–കെ സി മാമ്മൻ മാപ്പിള 1957 മാർച്ച് 16) കുടുംബവഴക്ക് ഒരിക്കലും ശരിപ്പെട്ടില്ലെങ്കിലും മലയാള മനോരമ കമ്പനിയുടെ കടിഞ്ഞാൺ കൈക്കലാക്കുന്നതിൽ ചതുരുപായ ചതുരനായ മാമ്മൻമാപ്പിള വിജയിക്കുകതന്നെ ചെയ്തു. ആലിപ്പഴം കയ്യിൽ വീണു കിട്ടിയ കുട്ടിയുടെ മട്ടിലാണ് മാമ്മൻമാപ്പിള ആ രംഗങ്ങൾ ഓർക്കുന്നത്. അന്നു നടന്ന ഘോരയുദ്ധത്തെപ്പറ്റി മാമ്മൻമാപ്പിള എഴുതുന്നു:

"വർഗീസ് മാപ്പിളയുടെ മരണശേഷം മനോരമയുടെ ചുമതല ആർക്കായിരിക്കണമെന്നുള്ള പ്രശ്നം വന്നു. അദ്ദേഹത്തിൻെറ പുത്രൻ കെ വി ഈപ്പൻ അന്നൊരു ബാലൻ മാത്രമായിരുന്നതിനാൽ മനോരമയുടെ ചുമതലക്കാര്യം ചിന്ത്യമേ അല്ലായിരുന്നു. ഈപ്പൻ വക്കീലിനും മാത്തുള്ള മാപ്പിളക്കും മനോരമ എടുത്തു നടത്തിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ ആർകു നടത്തണമെങ്കിലും എൻെറ ആനുകൂല്യവും സഹായവും കൂടാതെ സാധ്യമായിരുന്നില്ല. (മലയാള മനോരമ വാരിക കെ സി മാമ്മൻമാപ്പിള 1957 മാർച്ച് 23)–മാമ്മൻമാപ്പിള ഊതിവീർപ്പിക്കുന്ന ഈ തൊടുന്യായം അദ്ദേഹത്തിൻെറ സഹോദര പുത്രി സാറാജോർജ്ജ് തൊലിയുരിക്കുന്നു.

"1904–ൽ കെ വി ഈപ്പൻ ബാലനായതുകൊണ്ട് അപ്പച്ചൻ (കെ സി മാമ്മൻമാപ്പിള) മനോരമ ഏറ്റെടുത്തു. എന്നാൽ എട്ടുവർഷം കഴിഞ്ഞ് ഈ ബാലൻ അന്നത്തെ കാലത്ത് ഒരു ബാങ്ക് തുടങ്ങാൻ സാമർഥ്യം കാട്ടിയത് വിരോധാഭാസമല്ലേ?" ('ജയിലിലെ വല്യപ്പൻ' സാറാജോർജ്ജ് പേജ് 111)

നൂറ് വർഷത്തെ പൈതൃകത്തിൽ അട്ടിപ്പേറായി ഊറ്റംകൊള്ളുന്ന കെ എം മാത്യുവിന് സ്വന്തം പിതാവിൻെറ നെറികേട് ഓർകുമ്പോൾ ഇന്ന് ലജ്ജ തോന്നുന്നുവോ? കെ എം മാത്യു എഴുതിക്കൂട്ടിയ ചരിത്ര ഗ്രന്ഥങ്ങളിൽ ഈ നെറികേട് ഇരുൾമൂടിക്കിടക്കുന്നു. വർഗീസ് മാപ്പിളയുടെ മകനെ 'മനോരമ' കമ്പനി ഏൽപിക്കുന്നതിൽ മാത്രമല്ലേ പ്രായക്കുറവ് പ്രശ്നമായുള്ളു? അതേസമയം പിൽകാലത്ത് 'മനോരമ' കമ്പനിയുടെ സമ്പത്ത് ഊറ്റിക്കുടിച്ച മാമ്മൻമാപ്പിളയുടെ മക്കളിൽ മിക്കവരും കൗമാരത്തിലും യൗവനത്തിലും തോട്ടം ഉടമകളും വ്യവസായ സാരഥികളുമായി.

ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിൻെറ മദിരാശി ഫ്ളവർ ബസാർ ശാഖയിൽനിന്ന് കെ എം മാത്യു യൗവനകാലത്ത് പണം തട്ടിയെടുത്ത കേസിൽ ബാങ്കിൽ കൊടുത്തിരുന്ന മേൽവിലാസം കോടതി രേഖകളിൽ കാണുന്നത് ശ്രദ്ധേയമാണ്. "കെ എം മാത്യു, തോട്ടം ഉടമ, സി

പി കമ്പനി, ആലപ്പുഴ". അന്നത്തെ തോട്ടം ഉടമ ഇന്ന് വേഷംമാറി മുഖ്യപത്രാധിപരായി എന്നതു മാത്രമല്ല കൗതുകം. മാത്യുവിൻെറ പ്രായം ഇതേ കേസിൽ തിരുവനന്തപുരം ജില്ലാ മജിസ്ട്രേട്ടു കോടതി രേഖകളിൽ പരാമർശ വിഷയമായിരുന്നു. മാത്യുവിന് ഇരുപതോളം വയസ് പ്രായമുണ്ടാകുമെന്നായിരുന്നു ബാങ്കിലെ ജീവനക്കാരനും കേസിലെ ഇരുപതാം സാക്ഷിയുമായിരുന്ന ഉണ്ണികൃഷ്ണമേനോൻ കോടതിയെ അറിയിച്ചത്. (തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ്: ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് കേസ്) വർഗീസ് മാപ്പിളയുടെ മകനെ മനോരമ കമ്പനിയുടെ അവകാശി ആക്കാതിരിക്കാൻ മാമ്മൻമാപ്പിള കണ്ടെത്തിയ തൊടുന്യായം സ്വന്തം മകനെ കൗമാരം കഴിഞ്ഞയുടനെ തോട്ടമുടമയാക്കുന്നതിൽ കണ്ടില്ല–എട്ട് ആണും ഒരു പെണ്ണും ആയിരുന്നു മാമ്മൻമാപ്പിളയുടെ സന്തതികൾ. ഏറ്റവും മൂത്ത മകൻ കെ എം ചെറിയാനും ഏറ്റവും ഇളയ മകൻ കെ എം മാമ്മൻമാപ്പിളയും തമ്മിൽ 30 വയസിൻെറ അന്തരമുണ്ടായിരുന്നു. മക്കളായ കെ എം മാമ്മൻ മാപ്പിള ഏഷ്യയിലെ ഏറ്റവും വലിയ ടയർ കമ്പനിയായ എം ആർ എഫിൻെറ കടിഞ്ഞാൺ ഏറ്റെടുത്തതും കെ എം ജേക്കബ് മൈസൂറിൽ തോട്ടം മുതലാളിയായതും കെ എം ഫിലിപ്പ് ബോംബെയിൽ വമ്പൻ തേയില ബിസിനസ് ആരംഭിച്ചതും കെ എം ഈപ്പൻ ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് ജനറൽ മാനേജർ ആയതും ചെറു പ്രായത്തിൽ തന്നെ. ഇരുപതാമത്തെ വയസിൽ ഹെഡ്മാസ്റ്ററായി കോട്ടയം എം ഡി ഹൈസ്കൂളിൻെറ പടവുകൾ കയറിയപ്പോൾ മാമ്മൻമാപ്പിളക്കും സ്വന്തം പ്രായക്കുറവിൽ ആശങ്കയുണ്ടായില്ല. തിരുവിതാംകൂറിൽ മലയാളികളുടെ ആദ്യത്തെ ജോയിൻറ് സ്റ്റോക്ക് കമ്പനിയായ 'മലയാള മനോരമ' കമ്പനി സ്ഥാപിക്കാൻ ധീരമായ നേതൃത്വം കൊടുക്കുമ്പോൾ കണ്ടത്തിൽ വർഗീസ് മാപ്പിള വെറും ഇരുപത്തിഒൻപതു വയസുകാരനായിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ മകൻ കെ വി ഈപ്പന് പിന്തുടർച്ചാവകാശം കിട്ടാൻ പ്രായക്കുറവ് വലിയ കടമ്പയായി.

വർഗീസ് മാപ്പിളയുടെ കുടുംബത്തോടുള്ള പക, മാമ്മൻമാപ്പിളയുടെ സന്തതികളുടെ രക്തധമനികളിൽ ഇപ്പോഴും ജ്വലിക്കുന്നുണ്ടെന്നുള്ളതിനു സാക്ഷ്യപത്രമാണ് കഴിഞ്ഞ മാർചിൽ കെ എം മാത്യു അണിയിച്ചൊരുക്കിയ 'മലയാള മനോരമ' ജന്മശതാബ്ദി പതിപ്പ്. തൊട്ടതൊക്കെ പൊന്നാക്കിയ വർഗീസ് മാപ്പിളയുടെ അനന്യ വ്യക്തിമാഹാത്മ്യത്തെ "നൂറുവർഷങ്ങൾകിടയിലെ നൂറു മഹാരഥന്മാരു"ടെ നിരയിൽ പ്രതിഷ്ഠിച്ച് ശ്ലാഘിക്കുന്ന മാത്യു അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളെക്കുറിച്ച് മൗനം ദീക്ഷിച്ചു. ലൗകിക ജീവിതം ത്യജിച്ച ഏതോ സന്യാസിവര്യനായിരുന്നു കണ്ടത്തിൽ വർഗീസ് മാപ്പിള എന്നു തോന്നും എഴുത്തിൻെറ മട്ടു കണ്ടാൽ. അതേസമയം നൂറു മഹാരഥന്മാരുടെ തേരിൽ സ്വന്തം പിതാവ് മാമ്മൻമാപ്പിളയെ കെ എം മാത്യു പ്രതിഷ്ഠിച്ചപ്പോൾ വിവാഹവും ഭാര്യയും കുടുംബ മഹിമയും പ്രായവും എല്ലാം കുത്തി നിറക്കാൻ ഒട്ടും പിശുക്കുകാട്ടിയുമില്ല.

വർഗീസ് മാപ്പിളയുടെ അന്ത്യത്തെ തുടർന്ന് തൻെറ സഹായവും ആനുകൂല്യവും കൂടാതെ ആർകും 'മലയാള മനോരമ' നടത്താൻ കഴിയുമായിരുന്നില്ലെന്ന മാമ്മൻ മാപ്പിളയുടെ അവകാശവാദവും യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നില്ല. വർഗീസ് മാപ്പിള മരിച്ച് അഞ്ച് വർഷത്തെ ഇടവേളക്കു ശേഷമായിരുന്നു മാമ്മൻ മാപ്പിള കോട്ടയം എം ഡി സെമിനാരി സ്കൂളിൻെറ ഹെഡ്മാസ്റ്റർ ജോലി ഉപേക്ഷിച്ച് 'മനോരമ' പൂർണമായി കയ്യടക്കിയത്. നിർണായകമായ ഈ അഞ്ചു വർഷക്കാലവും 'മനോരമ'യുടെ നടത്തിപ്പുകാരും പത്രാധിപരും ആരൊക്കെയാണെന്ന് കെ എം മാത്യു

വിൻെറ പുസ്തക കുമ്പാരങ്ങളിൽ മഷിയിട്ടു നോക്കിയാൽ കാണില്ല. മനോരമയുടെ കൂറ്റൻ ചരിത്രമെഴുതിയ മൂർക്കോത്ത് കുഞ്ഞപ്പയും മാമ്മൻ മാപ്പിളയുടെ സന്തതിപരമ്പരകൾക്കുവേണ്ടി ഇത് തമസ്കരിച്ചു. വർഗീസ് മാപ്പിളയുടെ ഇണക്കുകണ്ണിയായി മാമ്മൻമാപ്പിളയുടെ നാമം വിളക്കിച്ചേർക്കുക എന്നതായിരുന്നു ഗൂഢോദ്ദേശ്യം. ഏറെക്കാലം പത്രാധിപരായിരുന്നുവെന്നതു മാത്രമല്ല, കാൽനൂറ്റാണ്ടോളം മാനേജ്മെൻറിൻെറ പൂർണ ചുമതലയും മാത്തുള്ള മാപ്പിളക്കായിരുന്നു. മനോരമയുടെ പുത്തൻ അവകാശികൾ ജന്മശതാബ്ദി ആഘോഷത്തിൻെറ ലഹരിയിൽ പഴയ നെടുംതൂണുകളിലൊന്നായ മാത്തുള്ള മാപ്പിളയെ ചവറ്റുകൊട്ടയിലെറിഞ്ഞു. മനോരമയുടെ ജൈത്ര യാത്രയുടെ നിർണായക മുഹൂർത്തത്തിൽ വഴി വിളക്കായിരുന്ന മാത്തുള്ള മാപ്പിളക്ക് പുതിയ സാരഥികൾ വഴിപോക്കൻെറ സ്ഥാനംപോലും നൽകിയില്ല. മനോരമ മുടക്കംകൂടാതെ പുറത്തിറക്കാൻ മാത്തുള്ള മാപ്പിളയും കെ സി ഈപ്പനും ഉറക്കമിളക്കുമ്പോൾ കോട്ടയം എം ഡി സെമിനാരി സ്കൂളിലെ ഹെഡ്മാസ്റ്റർ പദവി ഗ്രൂപ്പ് വഴക്കിൽ തെറിച്ചുപോകാതെ രക്ഷിക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു മാമ്മൻ മാപ്പിള.

വർഗീസ് മാപ്പിളയുടെ അന്ത്യത്തിനു ശേഷവും രാജഭരണത്തിന് 'മനോരമ'യുടെ സാരഥികളോട് വാത്സല്യം വഴിഞ്ഞൊഴുകി. മാത്തുള്ള മാപ്പിളക്ക് എം ആർ എ എസ് ബഹുമതി സമ്മാനിച്ചതും ഇക്കാലത്തായിരുന്നു. കേരളവർമ വലിയകോയിത്തമ്പുരാൻ മാത്തുള്ള മാപ്പിളക്കെഴുതിയ അനുമോദനക്കത്തിൽ ആശ്രിതവാൽസല്യം അനുസ്യൂതം വഴിഞ്ഞൊഴുകി.

"പല ബാധപ്പാടുകളും പ്രായാധിക്യത്തിൽ ദേഹത്തിന് കൂടിവരുന്ന ബലഹീനതയും നിമിത്തമാണ് കൂടെക്കൂടെ എഴുത്തയക്കാത്തത്. നിങ്ങൾക്ക് എം ആർ എ എസ് എന്ന സ്ഥാനം ലഭിച്ച വിവരം അറിഞ്ഞ ഉടനെ ഒരെഴുത്തയക്കണമെന്നു വിചാരിച്ചിരുന്നത് മേൽപറഞ്ഞ കാരണങ്ങളാലാണ് ഇതുവരേയും അയക്കാനിടയാകാഞ്ഞത്. മലയാള മനോരമയുടെ പിതൃസ്ഥാനം എത്രയും ശ്ലാഘനീയമായ വിധത്തിൽ വഹിച്ചിരുന്ന മഹാനായ മിസ്റ്റർ വർഗീസ് മാപ്പിളയുടെ പത്രാധിപകൃത്യത്തെ ലവലേശംപോലും ന്യൂനത കൂടാതെ ഇപ്പോൾ നടത്തിപോരുന്ന നിങ്ങൾക്ക് അദ്ദേഹത്തിന് ലഭിച്ച ബഹുമാനം തന്നെ ലഭിക്കാൻ സംഗതിയായതിൽ സന്തോഷിക്കാത്തവരായി മലയാളികളിലാരും ഉണ്ടാവില്ല." വർഗീസ് മാപ്പിളയുടെ പിൻഗാമിയായി മാത്തുള്ള മാപ്പിളയെ രാജഭരണം പോലും ആദരിച്ചിട്ടും മനോരമയുടെ പുതിയ ചരിത്രമെഴുത്തുകാർ ഗൗനിക്കുന്നില്ല. കെ സി മാമ്മൻ മാപ്പിളയുടെയും സന്തതികളുടെയും പേരിലും പെരുമയിലും മാത്രമെ അവർക്ക് നോട്ടമുള്ളു.

മാത്തുള്ള മാപ്പിളയെ മാത്രമല്ല മലയാള മനോരമയുടെ പുതിയ സാരഥികൾ ചരിത്രത്തിൻെറ ചവറ്റുകൊട്ടയിൽ തള്ളിയത്. ദശാബ്ദങ്ങളോളം മനോരമയുടെ പ്രിൻററും പബ്ളിഷറുമായിരുന്ന കെ സി ഇട്ടിയെയും അവർ തമസ്കരിച്ചു. മനോരമയുടെ അധിപന്മാരുടെ വ്യവസായ കൗശലം ഇവിടെയും തെളിഞ്ഞുകാണാം. രാജവാഴ്ചയിൽ 'മനോരമ' പ്രതിസന്ധിയെ നേരിട്ട ഘട്ടത്തിലാണ് കെ സി മാമ്മൻ മാപ്പിള പ്രിൻററും പബ്ളിഷറുമായി കെ സി ഇട്ടിയെ അവരോധിച്ചത്. മാമ്മൻമാപ്പിളയുടെ ഭൃത്യൻ ആയിരുന്ന ഇട്ടിക്ക് പത്രവ്യവസായ നടത്തിപ്പുമായി പുലബന്ധം പോലുമില്ലായിരുന്നു. രാജഭരണത്തിൻെറ കോപത്തിനിരയായി ജയിലിലടക്കപ്പെടാൻ ഇടയായാൽ പ്രിൻററും പബ്ളിഷറുമായ ഭൃത്യൻ കാരാഗൃഹത്തിൽ കിടന്നോട്ടെ എന്ന ലാക്കോടെയായിരുന്നു മാമ്മൻമാപ്പിള ഈ കൗശലം പ്രയോഗിച്ചത്. പക്ഷെ നിർണായക ഘട്ടങ്ങളിൽ പ്രിൻററും പബ്ളിഷറുമായി കടലാസിൽ 'സേവനമനുഷ്ഠിച്ച' ഇട്ടിയെ കാര്യം കണ്ടുകഴിഞ്ഞപ്പോൾ മനോരമ കുടുംബം കറിവേപ്പിലപോലെ വലിച്ചെറിഞ്ഞു. നൂറാം പിറന്നാളാഘോഷത്തിൻെറ പ്രഭാപൂരത്തിൽ 'ഇട്ടി'യുടെ സേവനത്തെ സ്മരിക്കാൻ 'മനോരമ'യുടെ അച്ചുകൂടം ഒരുതുള്ളി മഷിപോലും ചെലവാക്കിയില്ല.

വ്യവസായ മോഹങ്ങളിൽ മുച്ചൂടും മുങ്ങിനിന്നിരുന്ന മാമ്മൻ മാപ്പിളയുടെ ചിന്താധാരയിൽ ഓർമത്തെറ്റുപോലെ കടന്നുവന്ന ഒരു കുമിളമാത്രമായിരുന്നു പത്രാധിപരുടെ തൂവൽ. പത്ര തറവാട്ടിലെ പെരുന്തച്ചനായി പുകഴ്ത്തിക്കാണിക്കുന്ന മാമ്മൻമാപ്പിളക്ക് പത്ര പ്രവർത്തനത്തിലുണ്ടായിരുന്ന കമ്പവും കമ്മിയായായിരുന്നു.

"എന്തെല്ലാം അനുഭവ വൈചിത്ര്യങ്ങളാണ് ക്ഷണഭംഗുരമായ ഈ ലോകത്തിൽ നാം ദിവസേന കാണുന്നത്. അവയുടെ യുക്തിയുക്തമായ കാര്യകാരണ ബന്ധങ്ങളെ അപഗ്രഥനം ചെയ്തു ശരിക്കു മനസിലാക്കുക സാധ്യമല്ല. അക്കൂട്ടത്തിൽപെട്ട ഒരു യാദൃഛിക സംഭവം മൂലമാണ് ഞാൻ പത്രാധിപരായത്. ഒരു പത്രാധിപരാകുമെന്ന് ഞാൻ ചെറുപ്പത്തിൽ ഉദ്ദേശിക്കുകയോ, ആയിത്തീരണമെന്ന് ഞാനോ എൻെറ കൂട്ടത്തിലാരെങ്കിലുമോ ആഗ്രഹിക്കുകയോ ചെയ്തിരുന്നില്ല. എങ്കിലും സാഹചര്യങ്ങളുടെ ഗതിവൈചിത്ര്യത്തിൽ അങ്ങനെയാണ് സംഭവിക്കാനിടയായത്. ഞാൻ പത്രാധിപരാകുമെന്ന് ഉദ്ദേശിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിരുന്നില്ലെന്ന് മാത്രമല്ല, മറ്റു ചിലതൊക്കെ ആയിത്തീരുവാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്തിരുന്നു." (ഞാനും മലയാളമനോരമയും—കെ സി മാമ്മൻമാപ്പിള 1956 ജൂൺ 16 മലയാള മനോരമ)—അതേ, മാമ്മൻമാപ്പിളക്ക് പത്രാധിപ സ്ഥാനം കടംവാങ്ങിയ തൂവൽ മാത്രം. അരനൂറ്റാണ്ടോളം മനോരമയുടെ നിയാമകശക്തിയായിരുന്ന മുഖ്യപത്രാധിപരുടെ മനസിൽ ചിറകടിച്ച മോഹങ്ങൾ എന്തൊക്കെയായിരുന്നു? തോട്ടം, കായൽ നിലം, ഇൻഷുറൻസ് കമ്പനി, സിഗററ്റ് കമ്പനി, ബാങ്ക്. ഈ വ്യവസായ സ്വപ്നസാമ്രാജ്യത്തിൽ പറന്നെത്താനുള്ള ചിറകുകൾ മാത്രമായിരുന്നു പത്രം. പല പത്രങ്ങൾകും "കൂവിയാൽ കേൾകുന്ന ഒച്ച മാത്രമുള്ളപ്പോൾ ഉച്ചഭാഷിണിയുടെ ശബ്ദതരംഗത്തോളം അലറാൻ കെൽപുണ്ടെന്ന്" മനോരമ ഇന്ന് അഹങ്കരിക്കുന്നതും ഈ വ്യവസായ സാമ്രാജ്യത്തിൻെറ ഗോപുര ശിഖരങ്ങളിൽ കാലൂന്നി നിന്നാണ്.

ജീവിത സായാഹ്നത്തിൽ ഈ വ്യവസായ സാമ്രാജ്യത്തെ ഉറ്റു നോക്കിയായിരുന്നു മാമ്മൻമാപ്പിള സാഫല്യമടഞ്ഞതും. ഈ കുതിച്ചുകയറ്റത്തിന് ഏണിപ്പടികളായി നിന്നുകൊടുത്ത കൂടപ്പിറപ്പുകളെ പെരുവഴിയിൽ ചവുട്ടി തള്ളിയാണ് യഥാർഥത്തിൽ മാമ്മൻമാപ്പിളയുടെ വിജയരഥം മുന്നേറിയത്. വഞ്ചനയും വക്രതയും എന്തെന്നറിയാത്ത കൂടപ്പിറപ്പുകൾ ഈ ക്രൂരതയെ മനംനൊന്തു ശപിച്ചു. പക്ഷെ ആ ശാപം നിസ്സഹായതയുടെ മൗനത്തിൽ കുടുങ്ങി ഒടുങ്ങി. കൂട്ടുയാദസ്ത് കമ്പനികളിൽ നിന്ന് കുത്തിവാരിയ സമ്പത്ത് മുഴുവൻ സ്വന്തം മക്കളുടെ ഭാവിക്ക് മുതൽക്കൂട്ടി മാമ്മൻമാപ്പിള കൃതാർഥനായി. ജീവിത സായാഹ്നത്തിൽ മാമ്മൻമാപ്പിള ഒരു അപൂർവ കുടുംബ സദസിൽ ഈ സാഫല്യത്തിൻെറ ചെപ്പു തുറന്നു കാട്ടുകയുണ്ടായി.

"നിങ്ങൾക് ഓരോരുത്തർകും ആയിരം രൂപയിൽ കുറയാത്ത പ്രതിമാസ വരുമാനവും കാറുമുണ്ടായിരുന്നാൽ ഞാൻ സംതൃപ്തനാകുമായിരുന്നു. ഇപ്പോൾ നിങ്ങൾകുള്ളതിൽ ഞാൻ സംതൃപ്തി അനുഭവിക്കുന്നുണ്ട്".

(ജീവിത സ്മരണകൾ കെ സി മാമ്മൻമാപ്പിള. ആമുഖം കെ എം മാത്യു പേജ് XXVII) കെ എം മാത്യു തന്നെയാണ് പിതാവിന്റെ മനഃശാന്തിയുടെ ചിത്രം പിൽകാലത്ത് വരച്ചുകാട്ടിയത്. പിതാവിന്റെ ആഗ്രഹസാഫല്യം അതിന്റെ സൽഫലം അനുഭവിക്കുന്ന പുത്രനും അനന്തര പരമ്പരകൾക്കും സായൂജ്യമാകുന്നത് സ്വാഭാവികം മാത്രം. മാമ്മൻ മാപ്പിളയുടെ ഈ ജീവിത സാഫല്യം മറ്റനേകം ബന്ധുജനങ്ങളുടെ ജീവിതശാന്തി കെടുത്തിയിട്ട് നേടിയതാണെന്ന് സാറാ ജോർജിന്റെ ഈ വാക്കുകൾ വെളിപ്പെടുത്തുന്നു. "ഓരോ മക്കൾകും ആയിരവും ഓരോ കാറും ആഗ്രഹിച്ചതായി വായിച്ചപ്പോൾ എത്രയോ ആയിരവും കാറുകളും ഇന്നുണ്ടായി എന്ന് ഓർത്തുപോയി. ഇറ്റായി (സാറാജോർജിന്റെ പിതാവ് കെ സി ഈപ്പൻ) ഞങ്ങളെ ദൈവത്തെ ഭരമേൽപിച്ചു. രൂപയും കാറും ഞങ്ങൾകു വേണമെന്ന് മനസിൽ പോലും ചിന്തിച്ചില്ല. ആപത്തിൽ ആരും കാണുകയില്ലെന്നും പങ്കു ചേരരുതെന്നും ഡയറിയിൽ കാണുന്നത് ഇറ്റായിയുടെ സ്വന്തം അനുഭവം പറയിപ്പിച്ചതാണല്ലോ". (ജയിലിലെ വല്യപ്പൻ–സാറാജോർജ്– പേജ് 110)

മാമ്മൻ മാപ്പിളയുടെ കൂട്ടുയാദസ്ത് കമ്പനികളിലെ പങ്കുകാരനായിരുന്ന ഇളയ സഹോദരൻ കെ സി ഈപ്പൻ ജീവിതത്തിന്റെ അന്ത്യനാളുകളിൽ മാമ്മൻ മാപ്പിളയോടൊപ്പം തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുമ്പോൾ ഡയറിയിൽ കുറിച്ചിട്ട വാക്കുകൾ ആ മനസിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന കനലുകളിൽ നിന്ന് ചിതറിയ തീപ്പൊരികളായിരുന്നു. വലുപ്പചെറുപ്പം നോക്കാതെ ഒരായുസ് മുഴുവൻ മാമ്മൻ മാപ്പിളക്ക് താങ്ങും തണലുമായി നിന്ന കെ സി ഈപ്പൻ കടുത്ത മനോവേദനയും, കലശലായ ആസ്മയും കാരണം ജയിലറയിൽ തന്നെ ഹൃദയം പൊട്ടി മരിച്ചു. മാമ്മൻ മാപ്പിളയുടെ മൊത്തം നിക്ഷേപങ്ങളേക്കാൾ വിലപ്പെട്ട ഒരു ഹൃദയം ഈപ്പനുണ്ടായിരുന്നു. ആ സ്നേഹത്തിന് ഒരു തുള്ളി കണ്ണീരുപോലും മാമ്മൻമാപ്പിളയുടെ സന്താനങ്ങൾ പകരം നൽകിയില്ല. മാമ്മൻമാപ്പിള സ്വന്തം സന്താനങ്ങളുടെ സൗഭാഗ്യം ഓർത്ത് ആഹ്ലാദിച്ചപ്പോൾ മറ്റാരോടെങ്കിലും ദ്രോഹം ചെയ്തോ എന്ന് ഓർതിരിക്കില്ല. അതുകൊണ്ടാവും മാമ്മൻ മാപ്പിളയുടെ സന്താനങ്ങളുടെ വിദ്യാഭ്യാസം പോലും മുടങ്ങാതിരിക്കാൻ കഴിവത് സഹായിച്ചിരുന്ന കെ സി ഈപ്പന്റെ കുടുംബം ഇന്ന് കണ്ണീർ വാർകുന്നത്.

"കെ സി മാമ്മൻ മാപ്പിളക്ക് മനോരമയിൽ നിന്നു കിട്ടിക്കൊണ്ടിരുന്ന ശമ്പളം കൊണ്ട് കുടുംബ ഭാരം താങ്ങാൻ പ്രയാസമാണെന്ന് ഇറ്റായി (സാറാ ജോർജിന്റെ പിതാവ് കെ സി ഈപ്പൻ) യോട് പറഞ്ഞു. കേട്ടമാത്രയിൽ ഇറ്റായിയുടെ 400 രൂപ ശമ്പളത്തിൽ 100 രൂപ വീതം മാസം തോറും മിസ്റ്റർ കെ എം ഫിലിപ്പിനും സഹോദരി മറിയക്കുട്ടിക്കും പഠിത്തത്തിന്റെ ആവശ്യത്തിലേക്ക് അയച്ചുകൊടുത്തിരുന്നു." (ജയിലിലെ വല്യപ്പൻ–സാറാ ജോർജ് പേജ് 20).

സാറാജോർജ് പിതാവിന്റെ ഈ പഴയ ത്യാഗത്തിൽ അഭിമാനം കൊള്ളുമ്പോൾ അതിന്റെ ഫലം അനുഭവിച്ചവർ നാണക്കേടിന് മൗനംകൊണ്ട് മറയിടുന്നു. മാമ്മൻമാപ്പിളയുടെ മക്കളുടെ പഠിപ്പി നും പത്രാസിനുംവേണ്ടി ജീവിതം ഉഴിഞ്ഞിട്ട കെ സി ഈപ്പന്റെ മകനുണ്ടായ അനുഭവം കൂടി കേൾകു:

"1960ൽ എന്റെ മൂത്ത മകൻ വെല്ലൂരിൽ പഠിക്കുമ്പോൾ ഒരു വാച്ചിന് രൂപ ഇല്ലാതെ വിഷമിച്ചു. ഞാൻ കെ എം ചെറിയാന് (മാമ്മൻമാപ്പിളയുടെ മൂത്തമകൻ) എഴുതി. തന്റെ പണപ്രയാസമാണ് എന്നെ ഉടൻ

ചെറിയാൻ എഴുതി അറിയിച്ചത്. (ജയിലിലെ വല്യപ്പൻ–സാറാ ജോർജ് പേജ് (29)

മനോരമയുടെ വ്യവസായ സാമ്രാജ്യത്തെ ചൂഴ്ന്നുനിൽകുന്ന നിഗൂഢരഹസ്യങ്ങളുടേയും കൂടപ്പിറപ്പുകളോടുകാട്ടിയ കൊടിയ വഞ്ചനകളുടെയും ഭീകരചിത്രങ്ങൾ കാലത്തിന്റെ അപാരതയിൽ പുതിയ തലമുറകളുടെ കണ്ണിൽപ്പെടാതിരിക്കുന്നുവെന്നാകാം കെ എം മാത്യു കണക്കുകൂട്ടിയത്. ശാപാഭിഷിക്തമായ പൈതൃകത്തിൽ പതിഞ്ഞ കളങ്കമുദ്രകൾ കഴുകിനീക്കാൻ ഒരു വ്യാഴവട്ടമായി കെ എം മാത്യു കാട്ടുന്ന വെപ്രാളം കണ്ട് മനോരമ തറവാട്ടിൽ നിന്നുപോലും പരിഹാസശരങ്ങൾ ഉയരുന്നു. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ കുടുംബത്തിന്റെ പിടിയിൽനിന്ന് മനോരമ കമ്പനി കവർന്നെടുത്തതിന്റെ അണിയറ നീക്കങ്ങൾ കണ്ടുംകേട്ടും അറിവുള്ളവരാണ് ഇവരിൽ ചിലരെങ്കിലും. വർഗീസ് മാപ്പിളയുടെ നിരാലംബയായ സഹധർമിണി മറിയാമ്മ എത്രയോ പള്ളിമേടകളിൽ കയറി നീതിക്കായി കൈക്കുമ്പിൾ നീട്ടി. മാമ്മൻ മാപ്പിളയുടെ സ്വാധീനത്തിൽ കുടുങ്ങിയ പുരോഹിതശ്രേഷ്ഠന്മാർ അന്ന് നോക്കുകുത്തികളായി നിന്നതേയുള്ളു. അധികാര വടംവലിയിൽ മറിയാമ്മയും മകൻ കെ വി ഈപ്പനും പെരുവഴിയിലായപ്പോൾ ഓഹരികൾ റാഞ്ചി അധികാരം കയ്യാളുന്നതിന് മാമ്മൻമാപ്പിളയും ആശ്രിതന്മാരും നെട്ടോട്ടമോടി. വർഗീസ് മാപ്പിളയുമായി നേരത്തെ ഇടഞ്ഞുനിന്ന പലരെയും മാമ്മൻ മാപ്പിള പാട്ടിലാക്കി. മാമ്മൻമാപ്പിള വലവീശിപ്പിടിച്ചവരിൽ മനോരമ യുടെ സ്ഥാപക ഓഹരി ഉടമയായ ഇടവഴിക്കൽ ഇ എം ഫിലിപ്പുമുണ്ടായിരുന്നു. മനോരമ കമ്പനി തുടങ്ങിയ ഘട്ടത്തിൽ വാർഷികയോഗം ഫിലിപ്പിനെയായിരുന്നു കണക്കു പരിശോധകനായി തെരഞ്ഞെടുത്തത്. ഫിലിപ്പ് കണക്ക് പരിശോധിക്കുന്നത് വർഗീസ് മാപ്പിളക്ക് പിടിച്ചില്ല. ഗത്യന്തരമില്ലാതെ ഫിലിപ്പ് രാജിവെച്ചു. ഓഹരിയും ഉപേക്ഷിച്ചു.

അധികാര വടംവലി മൂത്തപ്പോൾ വർഗീസ് മാപ്പിളയുടെ പുത്രനെ ഒതുക്കാൻ മാമ്മൻമാപ്പിള ഫിലിപ്പിന്റെ സഹായം തേടി. ഓഹരിക്കാരനല്ലാതായതുകൊണ്ട് ഫിലിപ്പ് നിസ്സഹായത പ്രകടിപ്പിച്ചു. ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ മാർ ദിവന്നാസ്യോസ് മെത്രാപൊലീത്തായുടെ ഒരു ഓഹരി ഫിലിപ്പിന് തരപ്പെടുത്തിക്കൊടുത്തു. മാമ്മൻ മാപ്പിളക്കുവേണ്ടി ഒരു ഓഹരിയുമായി പോർകളത്തിൽ ഇറങ്ങിയ ഫിലിപ്പ്, കൂടപ്പിറപ്പുകൾ ഇരുചേരിയിൽ നിരന്ന ആ യുദ്ധത്തെ നോക്കിക്കാണുന്നത് ഇങ്ങനെയാണ്:

"കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ മരണശേഷം മാനേജ്മെന്റിനെ സംബന്ധിച്ച് ഓഹരിക്കാരുടെ ഇടയിൽ ഒരു വിവാദമുണ്ടായി. അവരിൽ മനോരമക്ക് വിരോധമായി ഒരു വലിയ കൂട്ടുകെട്ടുണ്ടാക്കി. മനോരമ ആപ്പീസിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം വഹിച്ചിരുന്ന ഒരാൾ ഈ കൂട്ടുകെട്ടിൽ നായകനായി തീർന്നതുകൊണ്ട് മനോരമ പത്രത്തെ നാമാവശേഷമാക്കി കളയാമെന്ന് അവർക് ഭാവമുണ്ടായിരുന്നു." (ഇ എം ഫിലിപ്പിന്റെ സ്മരണകൾ) ഈ നിർണായക പോർകളത്തിൽ മാമ്മൻമാപ്പിളയെ തുണച്ച ഫിലിപ്പിനെ ഉടനെ ഡയറക്ടർ ബോർഡിൽ അംഗമാക്കി. മാത്രമല്ല, മരണംവരെ ഡയറക്ടർ ബോർഡ് യോഗത്തിൽ സ്ഥിരം അധ്യക്ഷനാക്കി ഫിലിപ്പിനോട് ഉപകാരസ്മരണ പുലർതി. മാമ്മൻമാപ്പിള അന്ന് തുടങ്ങിവെച്ച ചതുരമായ ചാണക്യതന്ത്രം മനോരമ എത്ര നിപുണമായി നിലനിർതിപ്പോരുന്നു.

വർഗീസ് മാപ്പിളയുടെ പത്രം മാത്രമല്ല, പണവും സ്വത്തും മാമ്മൻമാപ്പിള അമുക്കി എന്ന ആരോപണം കണ്ടത്തിൽ കുടുംബത്തിൽ ഏറെക്കാ

ലം നിറപ്പിടിച്ചു നിന്നു. "പണ സംബന്ധമായ ചെലവുകാര്യങ്ങളിൽ വർഗീസ് മാപ്പിള വലിയ സ്വയംനിയന്ത്രണമുള്ളയാളല്ലായിരുന്നതാണ് ഈ ആരോപണത്തിന് വഴിയൊരുക്കിയതെന്നായിരുന്നു" മാമ്മൻമാപ്പിളയുടെ ന്യായം. വർഗീസ് മാപ്പിള ശയ്യാവലംബിയായതോടെ സംശയങ്ങൾക്ക് ആക്കം കൂടി.

കടുത്ത ധനവൈഷമ്യമുണ്ടായാൽ വർഗീസ് മാപ്പിളക്ക് ഒറ്റമൂലി ഷോഡതി (ഭാഗ്യക്കുറി) യായിരുന്നു. സൈക്കിൾ, ക്ലോക്ക്, വീട്ടുപകരണങ്ങൾ തുടങ്ങിയ സമ്മാനങ്ങൾ നിരത്തി ഭാഗ്യപരീക്ഷകരെ ആകർഷിക്കും. നറുക്കെടുപ്പ് തീയതി ഓരോ തൊടുന്യായം പറഞ്ഞ് നീട്ടിവയ്ക്കും. കൃഷ്ണസ്വാമിരായർ ദിവാനായിരിക്കെ വർഗീസ് മാപ്പിളയും മാമ്മൻമാപ്പിളയും ചേർന്ന് രണ്ട് ഭാഗ്യക്കുറികൾ നടത്തി. രണ്ടും കടുത്ത വിവാദത്തിലവസാനിച്ചു. രണ്ടാമത്തെ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് മൂന്നുവട്ടം നീട്ടിയതോടെ ജനരോഷം ഉയർന്നു. ഒടുവിൽ ദിവാൻ കൃഷ്ണസ്വാമി രായർ താക്കീതു ചെയ്തു.. നിൽക്കക്കള്ളിയില്ലാതെ നറുക്കെടുക്കേണ്ടിവന്നു. പിരിച്ചപണം തിരിമറി നടത്തിയകാരണം സമ്മാനങ്ങൾ കരുതിവെക്കാൻ സാവകാശം കിട്ടാനായിരുന്നു നറുക്കെടുപ്പ് നീട്ടിയത്. പണം തിരിമറി നടത്തിയ അന്നത്തെ ദുരവസ്ഥയെക്കുറിച്ച് മാമ്മൻമാപ്പിളയുടെ വിലാപം കേൾക്കണ്ടേ "പണം ധാരാളം വന്നപ്പോൾ അതിൽനിന്നു കുറെയെടുത്തു കടങ്ങൾ വീട്ടി. പള്ളിപണിക്ക് ഷോഡതി (ഭാഗ്യക്കുറി) പണത്തിൽനിന്ന് കുറെ എടുത്തു ചെലവാക്കി. അങ്ങനെയങ്ങനെ അതു കുറേശെ ചെലവായിക്കൊണ്ടിരുന്നു. ഒടുവിൽ നറുക്കെടുത്തു. സമ്മാനങ്ങൾ കൊടുക്കാനായി കുടുംബയോഗബാങ്കിൽനിന്ന് ആറായിരമൊ ഏഴായിരമൊ രൂപ കടം എടുക്കേണ്ടിവന്നു. (മനോരമയുടെ പ്രാരാബ്ധങ്ങൾ കെ സി മാമ്മൻമാപ്പിള, മലയാള മനോരമ വാരിക 1957 ഏപ്രിൽ 20) ദിവാൻ താക്കീതു നൽകി നറുക്കെടുത്ത ഭാഗ്യക്കുറിയിൽ ആകെ പിരിഞ്ഞു കിട്ടിയത് 85, 000 രൂപയായിരുന്നു. അതിന് തൊട്ടു മുമ്പത്തെ ഭാഗ്യക്കുറിയിൽ 80, 000 രൂപയായിരുന്നു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലെ 85,000 രൂപക്ക് ഇന്ന് എന്തു വിലപിടിപ്പ് ഉണ്ടാകുമെന്ന് ഓർത്തു നോക്കൂ. ഈ വൻതുക വിഴു[illegible]ൻ കഴിഞ്ഞതിന് പുറമെ ഭാഗ്യക്കുറികൊണ്ട് വേറെയും മെച്ചങ്ങളുണ്ടായി. ഭാഗ്യക്കുറി സംബന്ധമായ അച്ചടി, പരസ്യക്കൂലികൾകൊണ്ട് 'മനോരമ'യുടെ പണപ്പെട്ടി നിറഞ്ഞു.

പണപ്പിരിവിൽ തിരിമറി നടത്തി വൻ തുക ചോർത്തിയതായി ആക്ഷേപമുയർന്നുവെങ്കിലും മാമ്മൻമാപ്പിള കുലുങ്ങിയില്ല. അതിനിടെ വർഗീസ് മാപ്പിള അന്തരിച്ചു. അപഹരിച്ച പണം തിരിച്ചുതരാൻ വർഗീസ് മാപ്പിളയുടെ സഹധർമിണി തന്നെ മാപ്പിളയോട് കേണു നോക്കി. ബന്ധുഗൃഹങ്ങളിൽ പോലും കയറിയിറങ്ങി വർഗീസ് മാപ്പിളയുടെ സഹധർമിണി ഈ പണം തിരിച്ചു കിട്ടാൻ സമ്മർദം ചെലുത്തി. കളവു ചെയ്തിട്ടില്ലെന്ന നാട്യത്തിൽ മാമ്മൻമാപ്പിള ഉരുണ്ടുകളിച്ചു. "ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും മാമ്മൻമാപ്പിളയുടെ മനസിൽനിന്ന് ഈ നാണക്കേട് ഒഴിഞ്ഞു പോയില്ല. നാട്ടുകാരേയും വീട്ടുകാരേയും ഒരേപോലെ കബളിപ്പിച്ചുവെന്ന ആരോപണത്തിന് മാമ്മൻമാപ്പിള ഇരയായി.

"മിസിസ് വർഗീസ് മാപ്പിള, ഷോഡതി പണമെല്ലാം ഞാൻ പാടെ മുക്കിക്കളഞ്ഞുവെന്നും മറ്റും പുതുപ്പള്ളി കുന്നുകുഴിയിൽ കരുവിള എഞ്ചിനീയറുടെ അടുക്കൽ ചെന്ന് സങ്കടപ്പെട്ടു പരാതി പറഞ്ഞു. കുരുവിള എഞ്ചിനീയറുടെ ആദ്യഭാര്യ എന്റെ പിതൃസഹോദരിയായിരുന്നു. അവരുടെ നിര്യാണശേഷം അദ്ദേഹം വിവാഹം ചെയ്തത് മിസിസ് വർഗീസ് മാപ്പിളയുടെ അടുത്ത ബന്ധുവെയാണ്. കുരുവിള എഞ്ചിനീയർ എന്നെ ആളയച്ചു

വരുത്തി ഈ വിഷയത്തെപ്പറ്റി അന്വേഷിച്ചപ്പോൾ ഞാൻ സംഗതികളുടെ യഥാർഥ സ്ഥിതികളെല്ലാം അദ്ദേഹത്തെ പറഞ്ഞുധരിപ്പിച്ചു." (മനോരമയുടെ പ്രാരാബ്ധങ്ങൾ—കെ സി മാമ്മൻമാപ്പിള—മലയാളമനോരമ വാരിക 1957 ഏപ്രിൽ 20) പകൈ ഇതുകൊണ്ടും ശമിച്ചില്ല. കുടുംബസദസുകളിൽ ഒഴിയാബാധയായി ഈ ചർച്ച. വർഗീസ് മാപ്പിള വരുത്തിവെച്ച കടങ്ങളൊക്കെ താനാണ് വീട്ടിയതെന്ന മാമ്മൻമാപ്പിളയുടെ ന്യായവാദം എങ്ങും ഏശിയില്ല. മാമ്മൻമാപ്പിള കടം വീട്ടിയ കണക്കുകൾ കേട്ടപ്പോൾ വർഗീസ് മാപ്പിളയുടെ സഹധർമിണി മറിയാമ്മ അന്തിച്ചുനിന്നു. ആ വിധവ ബന്ധുഗൃഹങ്ങൾ കയറിയിറങ്ങിയതു മിച്ചം. 'മനോരമ' നാനാവിധമായിപോകാതെ തടഞ്ഞതിന് പാരിതോഷികം കിട്ടണമെന്ന മട്ടിലായി മാമ്മൻ മാപ്പിള. മണ്ണും ചാരി നിന്നവൻ പെണ്ണുംകൊണ്ടുപോയി; ഇപ്പോൾ സ്ത്രീധനവും ആവശ്യപ്പെടുന്നു! മിസ്സിസ് വർഗീസ് മാപ്പിളയുടെ കണ്ണീർ മരണംവരെ തോർന്നില്ല.

തൃശൂരിൽ ഒന്നാം സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റ് മോഷണം പോയതിനെക്കുറിച്ച് ഇന്ന് മലയാള മനോരമ വാർതാ പരമ്പരകളിറക്കുന്നു. ഷോഡതി തന്നെ വിഴുങ്ങിയത് ഈ പത്രത്തിന്റെ നായകരാണെന്നത് ചരിത്രത്തിലെ ഒരു വിരോധാഭാസംതന്നെ !

6. വനംകൊള്ള മുതൽ കൃഷി വെട്ടിപ്പുവരെ

"ഒരു പത്രം നല്ല ഒരു തോട്ടി പോലെയാ. വശമുള്ളവനതു കൊണ്ട് പല പഴോം വലിച്ചു താഴത്തിടാം. നമ്മുടെ ഈ കമ്പനികളുടെ പ്രവർത്തനങ്ങൾക് അതൊരു വലിയ താങ്ങായിരിക്കും. നമ്മുടെ തോട്ടങ്ങൾക് ചുറ്റും നാം പലതരം വേലീം കെട്ടാറില്ലേ? പത്തൽകൊണ്ടുള്ളതും കരിങ്കൽകുറ്റികൊണ്ടുള്ളതും മുള്ളുകമ്പികൾ കൊണ്ടുള്ളതുമെല്ലാം. അത്തരം വേലീലൊന്നാ പത്രോം".

വിഖ്യാത നോവലിസ്റ്റായ ഇ എം കോവൂരിന്റെ 'കാടി'ലെ കഥാപാത്രമായ മാമച്ചന്റെ ഈ ഉദ്ബോധനം മലയാളമനോരമയുടെ ചരിത്രത്തിന് എത്രയോ അന്വർഥം! മലയാളമനോരമ തറവാടിന്റെ ബന്ധുകൂടിയായ കോവൂർ കേവലം ഭാവനയിൽ നിന്ന് ആവിഷ്കരിച്ചതാവാനിടയില്ല ഈ പത്രധർമസിദ്ധാന്തം.

തേയിലയും കാപ്പിയും റബറും വിളയുന്ന തോട്ടങ്ങൾ മലയാളമനോരമ കുടുംബത്തിന് സ്വർണ ഖനികളായിരുന്നു. ഈ ധനധമനികൾ രക്ഷിക്കാനുള്ള കവചം മാത്രമായിരുന്നു പത്രം. കാട്ടുകള്ളന്മാർക്കും അഴിമതിക്കാർക്കും എതിരെ മനോരമ ധർമരോഷം കൊള്ളുന്നതു കാണുമ്പോൾ പഴമക്കാരുടെ മനസ്സിൽ പരിഹാസച്ചിരി പൊട്ടും. തോട്ടങ്ങൾ വെട്ടിപ്പിടിച്ചും അഴിമതിയിൽ ആറാടിയും തെഴുത്ത മനോരമ കുടുംബത്തിന്റെ ചരിത്രത്തിന് "സജീവ സാക്ഷ്യം" വഹിച്ച്‌വരാണല്ലോ ആ തലമുറ. തിരുവിതാംകൂറിൽ ആദ്യകാലത്ത് തോട്ടങ്ങൾ വെട്ടിപ്പിടിച്ച് വിലപിടിപ്പുള്ള മരങ്ങൾ കൊള്ള നടത്തിയ കാട്ടുകള്ളന്മാരുടെ പട്ടിക പരതി നോക്കിയാൽ മനോരമയുടെ പഴയ സാരഥി കെ സി മാമ്മൻ മാപ്പിളയെയും അവിടെ കാണാം.

രാജവാഴ്ചക്കാലത്ത് മൂന്നായി മുറിഞ്ഞു കിടന്നിരുന്ന കേരളത്തിന്റെ മൂന്നു ഖണ്ഡങ്ങളിലും തോട്ടങ്ങൾ കൈയടക്കിയ മാമ്മൻ മാപ്പിളയെ അഴിമതി ആരോപണങ്ങൾ എക്കാലവും നിഴൽപോലെ പിന്തുടർന്നു. നിയമത്തിന്റെ പഴുതുകളിലൂടെ ഊർന്ന് രക്ഷപെടാൻ കെൽപില്ലാതെ പോയ ചില സന്ദർഭങ്ങളിൽ മാമ്മൻ മാപ്പിള ശിക്ഷക്കും ഇരയായി. പീരു

മേട്ടിൽ ചുള്ളിക്കാനത്തെ തേയിലത്തോട്ടത്തിൽ നിന്ന് അപ്രത്യക്ഷമായ വിലപിടിച്ച മരങ്ങളെ കുറിച്ച് ദിവാൻപേഷ്കാർ നടത്തിയ അന്വേഷണം മാമ്മൻ മാപ്പിളയെ വട്ടം ചുറ്റിച്ചു. പുള്ളിക്കാനത്ത് ഒരു ജന്മിയുടെ 150 ഏക്കർ തേയിലത്തോട്ടം മാമ്മൻമാപ്പിളയും രണ്ടു സുഹൃത്തുക്കളും ചേർന്ന് വാങ്ങിയത് ലാഭം കൊയ്ത്തിവാരാനുള്ള അതിമോഹം കൊണ്ടായിരുന്നു. തേയിലക്ക് ലോക വിപണിയിലുണ്ടായിരുന്ന പവൻ വിലയായിരുന്നു മാമ്മൻ മാപ്പിളയെ തേയിലത്തോട്ടത്തിലേക്ക് ആകർഷിച്ചത്. ലണ്ടനിലേക്ക് തേയില കയറ്റി അയച്ച് പണം കോട്ടയത്തേക്ക് ഒഴുകിയതോടെ മാമ്മൻ മാപ്പിളക്ക് കുശാലായി.

ഏറെക്കാലം ഈ കൊയ്ത്ത് നീണ്ടു നിന്നില്ല. ലോകവിപണിയിൽ തേയില വില കുത്തനെ ഇടിഞ്ഞതോടെ മാമ്മൻമാപ്പിളയുടെ ഭാഗ്യതാരം പൊലിഞ്ഞു. തോട്ടത്തിൽ മുടക്കിയ പണം തിരിച്ചുപിടിക്കുന്നതിലായി മാമ്മൻമാപ്പിളയുടെ ചിന്ത മുഴുവൻ. മാമ്മൻ മാപ്പിളയും സുഹൃത്തുക്കളും ചേർന്ന് പുതിയ തന്ത്രം മെനഞ്ഞെടുത്തു. തോട്ടത്തിലെ കുറെ മരങ്ങൾ മുറിച്ച് നേരത്തെ ഒന്നാന്തരം ബംഗ്ളാവ് തോട്ടത്തിൽതന്നെ മാമ്മൻമാപ്പിള പണിതിരുന്നു. തേയിലവില ഇടിഞ്ഞതോടെ നോട്ടം തോട്ടത്തിലെ വൻമരങ്ങളിലായി. ഈ കൂറ്റൻ മരങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നായിരുന്നു മാമ്മൻ മാപ്പിള കരുതിയത്. തോട്ടത്തിൽ തേയില നുള്ള് നിലച്ചെങ്കിലും മരം കൊയ്ത്ത് കസറി. ചെവിക്കു ചെവി അറിയാതെ വൻ വൃക്ഷങ്ങൾ കടപുഴകി. തേയില കച്ചവടത്തിലെ നഷ്ടത്തിന്റെ ആലസ്യത്തിൽ നിന്ന് അതോടെ മാമ്മൻമാപ്പിള ഒന്നുണർന്നു. പക്ഷെ വനം കൊള്ളക്ക് 1,26,000 രൂപ പിഴ അടക്കാൻ സർക്കാരിൽ നിന്ന് നോട്ടീസ് കിട്ടിയപ്പോൾ മാമ്മൻമാപ്പിള നടുങ്ങി. ഈ വനം കൊള്ളയുടെ വിവരം ചോർന്നു പോകുമെന്ന് സ്വപ്നത്തിലും കരുതിയില്ല. മരം മുറിച്ചാൽ എളുപ്പം കടത്തിക്കൊണ്ടുപോകാൻ നാട്ടുപാതകൾ പോലും ചുള്ളിക്കാനത്ത് ഇല്ലായിരുന്നു. പക്ഷെ, തോട്ടത്തിലെ വൻ മരങ്ങളുടെ വിശദവിവരങ്ങൾ കോട്ടയം ദിവാൻപേഷ്ക്കാർ നേരത്തെ സർക്കാരിനെ അറിയിച്ചിരുന്നു. (സെക്രട്ടറിയറ്റ് ഇംഗ്ളീഷ് റിക്കാർഡ് സെക്ഷൻ–വനം ഡിപ്പാർട്ട്മെന്റ്

ഒന്നേകാൽ ലക്ഷത്തിലേറെ രൂപ പിഴ അടക്കാൻ നോട്ടീസ് കിട്ടിയതോടെ മാമ്മൻമാപ്പിള നെട്ടോട്ടമായി. മലയാളമനോരമ പത്രാധിപർ എന്നതിനു പുറമെ, പ്രജ്ഞാസഭയിൽ രാജ്ഞഭരണം തോട്ടം ഉടമകളുടെ പ്രതിനിധിയായി നോമിനേറ്റ് ചെയ്ത അംഗം കൂടിയായിരുന്നു മാമ്മൻമാപ്പിള. ഈ പദവികളുടെ ബലത്തിൽ ദിവാനെയും ഉന്നത ഉദ്യോഗസ്ഥന്മാരെയും കണ്ട് ഈ ഉത്തരവ് പിൻവലിക്കാൻ ഭഗീരഥ ശ്രമം നടത്തി. രാജ്ഞഭരണത്തോട് അകമഴിഞ്ഞ ഭക്തി ചുരത്തി നിന്നിരുന്ന മാമ്മൻ മാപ്പിളക്ക് ഈ അക്കിടി പിണഞ്ഞത് പ്രജ്ഞാസഭയിലെ അംഗങ്ങൾകിടയിൽ നേരമ്പോക്കിന് വകയായി.

"പിഴ അടക്കുന്നില്ലെങ്കിൽ നൂറ്റമ്പതോളം ഏക്കർ തേയില തോട്ടം മാത്രമല്ല മറ്റു സ്ഥാവര ജംഗമ സ്വത്തുക്കളും കണ്ടുകെട്ടുമെന്ന് " വനം വകുപ്പ് കൺസർവേറ്റർ രാമൻമേനോൻ മാമ്മൻ മാപ്പിളക്കു നൽകിയ നോട്ടീസിൽ മുന്നറിയിപ്പു നൽകി. ഒന്നേകാൽ ലക്ഷത്തിലേറെ രൂപയുടെ പിഴശിക്ഷയിൽ നിന്ന് തലയൂരാൻ മാമ്മൻ മാപ്പിള ദിവാൻ രാഘവയ്യയുടെ കാലു പിടിച്ചു കേണു. ഈ ഉപായം വിജയിച്ചെങ്കിലും ദിവാൻ അവിഹിതമായി പിഴ ഇളവു ചെയ്തു കൊടുത്തതിനെതിരെ തിരുവിതാംകൂറിൽ ആരോപണ കൊടുങ്കാറ്റ് തന്നെ ഉയർന്നു. ഇതിന്റെ അലകൾ പ്രജ്ഞാസഭയിലേക്കും കടന്നുചെന്നു. പ്രജ്ഞാസഭയിൽ 1927 ഡിസംബർ അഞ്ചിന് വനംവകു

പ്പിന്റെ ചർച്ചയിൽ ഈ വനം കൊള്ള പൊട്ടിത്തെറിക്ക് വഴിമരുന്നിട്ടു. തോട്ടം ഉടമകളുടെ പ്രതിനിധിയായി മാമ്മൻ മാപ്പിളയുടെ സാന്നിധ്യത്തിൽ തന്നെ അംഗങ്ങൾ ഈ അവിഹിത ഇടപാടിനെതിരെ ശബ്ദമുയർത്തി. (പ്രജ്ഞാസഭാ രേഖകൾ–വനംവകുപ്പ് തടികൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച ചട്ടങ്ങൾ റദ്ദാക്കൽ ചർച്ച–1927 ഡിസംബർ അഞ്ച് പേജ് 279). ഒന്നേകാൽ ലക്ഷത്തിലേറെ രൂപയുടെ പിഴശിക്ഷക്കിരയായ മാമ്മൻമാപ്പിള ദിവാനെ സ്വാധീനിച്ച് നേടിയ ഇളവ്. അന്നത്തെ ചർച്ചയിൽ ന്യായീകരണ വ്യഗ്രതയോടെ സഭയെ അറിയിക്കുന്നതു നോക്കുക:

"പതിനായിരം രൂപ അടക്കാമോ എന്ന് ദിവാൻ എന്നോട് ആരാഞ്ഞു. ഞാൻ അതിന് വഴങ്ങിയില്ല. വിശദമായ അന്വേഷണം വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അവസാനം ഒരു കമ്മറ്റിയെ നിയോഗിച്ചു. മരം ഉണ്ടായിരുന്ന ഓരോ ഏക്കറിനും പരമാവധി ചുമത്താവുന്ന തുക എന്നിൽ നിന്ന് ഈടാക്കണമെന്ന് കമ്മറ്റി ശുപാർശ ചെയ്തു. അത് 6000 രൂപയായി നിശ്ചയിച്ചു. അപ്പോഴാണ് ഇന്നത്തെ കൺസർവേറ്റർ വനംവകുപ്പിന്റെ തലവനായി ഉയർത്തപ്പെട്ടത്. നാലായിരം രൂപ കൂടി ഞങ്ങൾ അടക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കെട്ടിടം പണിയാൻ മരം മുറിച്ചതിനാണിത്. പക്ഷെ, തോട്ടത്തിലെ മരമെല്ലാം കൂടി ആറായിരം രൂപക്കേ വരുമായിരുന്നുള്ളു. നാലായിരം രൂപ കൂടി ആവശ്യപ്പെടുന്നത് അസംബന്ധമാണെന്ന് കോട്ടയം ദിവാൻപേഷ്ക്കാർ അവസാനം റിപ്പോർട്ട് നൽകി".
(പ്രജ്ഞാസഭാരേഖകൾ 1927 ഡിസംബർ അഞ്ച് പേജ് 279).

മാമ്മൻ മാപ്പിളയുടെ ഈ ഉരുണ്ടുകളിയെ സഭയിലുണ്ടായിരുന്ന വനംവകുപ്പ് കൺസർവേറ്റർ ആർ ധനുകോടിപിള്ള കയ്യോടെ തൊലിയുരിച്ചു കാട്ടുന്നതും മറ്റു ചില അംഗങ്ങളുടെ ഇടപെടലും ശ്രദ്ധിക്കൂ:.

ആർ ധനുകോടിപിള്ള (വനംവകുപ്പ് കൺസർവേറ്റർ): "സർ എനിക്ക് വ്യക്തിപരമായി ഒരു വിശദീകരണം നൽകാനുണ്ട്. മാമ്മൻ മാപ്പിള സൂചിപ്പിച്ചപോലെ ഞാൻ റിപ്പോർട്ട് നൽകിയിട്ടില്ലെന്ന് പറയാൻ എന്നെ അനുവദിച്ചാലും. ഗവർമെണ്ട് ഉത്തരവ് പ്രകാരമാണ് അതെല്ലാം നടന്നത്. അത് അസംബന്ധമാണെന്നോ അല്ലെന്നോ കോട്ടയം ദിവാൻ പേഷ്കാർ പറഞ്ഞോ എന്നും എനിക്കറിയില്ല. എനിക്കിതിൽ ഒന്നും അറിയില്ല.

എ കെ പിള്ള (കരുനാഗപ്പള്ളി): പോയിന്റ് ഓഫ് ഓർഡർ. നാം കേസ് വിചാരണ നടത്തുകയാണോ?

അധ്യക്ഷൻ: അതുപോലെ തോന്നുന്നു.

കെ സി മാമ്മൻ മാപ്പിള: "ഡിപ്പാർട്ടുമെന്റ് പ്രവർത്തനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് എപ്രകാരമാണെന്ന് ചൂണ്ടിക്കാട്ടുകയായിരുന്നു ഞാൻ. അവസാനം ഞാൻ 6000 രൂപ അടച്ച് പ്രശ്നം അവസാനിപ്പിച്ചു. പക്ഷെ, പൊതുവെയുള്ള ധാരണ ഞാൻ ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ കോഴകൊടുത്തു എന്നാണ്" (പ്രജ്ഞാരേഖകൾ– 1927 ഡിസംബർ അഞ്ച് തടി നീക്കം ചെയ്യൽ ചട്ടങ്ങൾ റദ്ദാക്കൽ ചർച്ച പേജ് 279).

ദിവാൻ രാഘവയ്യ കാട്ടിയ ഈ ഔദാര്യം അന്നത്തെ പ്രജ്ഞാസഭയിൽ മാത്രമല്ല തിരുവിതാംകൂറിലാകെ ഏറെക്കാലം വിവാദവിഷയമായിരുന്നു. "തോട്ടങ്ങൾക്ക് വേലിയായി പത്രം" കയ്യിലുള്ളതിന്റെ ഫലം മാമ്മൻ മാപ്പിള രുചിച്ചറിഞ്ഞു. "പുറപ്പെടുവിച്ചുപോയ ഉത്തരവിനെ പാടെ പിൻവലിക്കുന്നത് ഒരു പോരായ്മയായി തോന്നിയിട്ടെന്നപോലെ ഏക്കറൊന്നിന് നിരപ്പ് നിരക്ക് നൂറു രൂപ വെച്ചാണ്" ഈ പിഴ ദിവാൻ ഈടാക്കിയത്. മാമ്മൻമാപ്പിള പിൽകാലത്ത് അവകാശപ്പെട്ടു. (തേയിലതോട്ടങ്ങൾ കെ

സി മാമ്മൻമാപ്പിള മലയാളമനോരമ വാരിക 1957 മെയ് 11.)

എന്തൊരു സത്യനിഷ്ഠ! മുറിക്കാത്ത-മരത്തിന് 6000 രൂപ സർകാറിന് പിഴ അടച്ചുവത്രെ? പുറപ്പെടുവിച്ചുപോയ ഉത്തരവ് പിൻവലിച്ചാലുള്ള പോരായ്മ ഇല്ലാതാക്കാൻ 6000 രൂപ സർകാരിന് ദാനം കൊടുത്തുവെന്നു തോന്നും ഇതു കേട്ടാൽ. അറുപത് വർഷം മുമ്പത്തെ 6000 രൂപക്ക് ഇന്ന് എത്ര ലക്ഷത്തിന്റെ വില ഉണ്ടാകുമെന്ന് ഊഹിച്ചു നോക്കൂ. പിഴ ഒന്നേകാൽ ലക്ഷത്തിൽനിന്ന് ആറായിരത്തിലെത്തിക്കാൻ മാമ്മൻമാപ്പിള കയറിയിറങ്ങിയ പടിവാതിലുകളുടെ പട്ടിക വനം വകുപ്പിന്റെ പഴയ രേഖകൾ പരതിയാൽ ബോധ്യമാവും. മനോരമ കുടുംബത്തിന് കണ്ണുകടിയുള്ള ഏതെങ്കിലും വ്യക്തിയെക്കുറിച്ചാണ് ഇന്ന് ഇത്തരം ആരോപണം ഉയരുന്നതെങ്കിൽ മനോരമയുടെ താളുകളെ കോരിത്തരിപ്പിക്കാനിടയുള്ള തുടർകഥയുടെ ദൈർഘ്യം സങ്കൽപിച്ചു നോക്കൂ.

മാമ്മൻ മാപ്പിളയുടെ വ്യവസായ വടവൃക്ഷത്തിന്റെ അടിവേരുകളിലേക്ക് ആഴ്ന്നിറങ്ങി നോക്കിയാൽ ഓരോന്നിലും അധികാരിവർഗത്തിന്റെ സഹായഹസ്തം തലോടി നിൽകുന്നത് കാണാം. എന്തെന്തു രഹസ്യങ്ങൾ അവയെ ചുഴ്ന്നു നിൽകുന്നു. അധികാര സ്ഥാനങ്ങളിലുള്ള സ്വാധീനം ഉപയോഗിച്ച് മാമ്മൻ മാപ്പിള കയ്യടക്കിയ കുപ്പപ്പുറം കായലിന്റെ കഥയും രസാവഹമാണ്. കൊച്ചി രാജ്യത്തിലെ മുന്തിയ പ്രമുകുടുംബമായ പാലിയത്തച്ചന്റെ ഒരു കാര്യസ്ഥന്റെ സഹോദരന് പൊലീസിൽ ഉദ്യോഗക്കയറ്റം വാങ്ങി കൊടുത്തായിരുന്നു പ്രകൃതി രമണീയമായ കുപ്പപ്പുറം മാമ്മൻ മാപ്പിള കയ്യടക്കിയത്. പള്ളാത്തുരുത്തിയാറിന്റെ തീരത്ത് രണ്ടായിരത്തോളം പറ നിലവും തെങ്ങുവെച്ചു പിടിപ്പിച്ചിട്ടുള്ള വലിയ ഒരു ചിറയും പഴയ നാലുകെട്ടും അടങ്ങുന്ന കുപ്പപ്പുറം മാമ്മൻ മാപ്പിളയുടെ വിശാലമായ ഭൂസ്വത്തിൽ തുന്നിച്ചേർത്തതിന്റെ പിന്നിലെ കഥ കേൾക്കൂ:

"എന്നെ വന്നുകണ്ട കാര്യസ്ഥൻ പറഞ്ഞത് പാലിയത്തേക്ക് നാമമാത്രമായി എന്തെങ്കിലും ഒരു തുക കൊടുത്താൽ അയ്മനത്തിലുള്ള ഒന്നാംതരം നിലം ഒരുവക സ്ഥിരാവകാശമായി പാലിയത്തു നിന്ന് വാങ്ങാൻ നിഷ്പ്രയാസം സാധിക്കുമെന്നായിരുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ അനുജനായ ഒരു പൊലീസ് ഉദ്യോഗസ്ഥന് കയറ്റം കിട്ടാൻ എന്റെ സുഹൃത്തായ പൊലീസ് സൂപ്രണ്ടിന് ഞാൻ ശുപാർശക്കത്തു നൽകണം എന്നൊരപേക്ഷയും മുന്നോട്ടുവെച്ചു. ഞാൻ കത്തുകൊടുത്തു. അയാൾക് ഉദ്യോഗക്കയറ്റം കിട്ടി". (മലയാളമനോരമ വാരിക– കെ സി മാമ്മൻ മാപ്പിള ജൂലൈ 6, 1957).

പൊലീസ് ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം വാങ്ങിക്കൊടുത്തപ്പോൾ അയാളുടെ അനുജന്റെ കാര്യസ്ഥൻ പാലിയത്ത് അച്ചനിൽ നിന്ന് മാമ്മൻമാപ്പിളക്ക് പകരം സമ്മാനിച്ചതോ, ഒരു സ്വർണഖനി തന്നെ. ആ സ്വർണകൊയ്ത്തിന്റെ കൊതിയൂറുന്ന ഓർമകൾ അയവിറക്കുന്നതു കേൾക്കൂ.

"പല പരിഷ്കരണങ്ങളും വരുത്തി ശരിക്കു കൃഷിചെയ്യാൻ തുടങ്ങിയപ്പോൾ മുപ്പതിനായിരം നാൽപതിനായിരം പറയോളം നെല്ലുണ്ടായിരുന്നു. പ്രതിവർഷം പത്തുപന്തീരായിരം തേങ്ങ കിട്ടി. കൂടാതെ പത്തു നാൽപതു കന്നുകാലികൾക് ആണ്ടോടാണ്ടു തീറ്റിക്കുള്ള മെതികച്ചിയും കൃഷിയിൽ നിന്ന് കിട്ടി. ആകപ്പാടെ കുപ്പപ്പുറത്തെ എന്റെ താമസം എല്ലാ വിധത്തിലും ഐശ്വര്യപ്രദമായി അനുഭവപ്പെട്ടു. കായൽതീരത്തുള്ള താമസം സവിശേഷവും ആനന്ദകരവുമായിരുന്നു. ധാരാളം നല്ല ഇനം പശുക്കൾ,

കാളകൾ, കോഴി, താറാവ് മുതലായവയെ ഞങ്ങൾ ഇവിടെ വളർത്തി. പാലും തൈരും വെണ്ണയും മൽസ്യമാംസങ്ങളും ഞങ്ങളും കുട്ടികളും എല്ലാവരും ആവോളം കഴിച്ചാലും വളരെയധികം മിച്ചം വരത്തക്കവണ്ണം അവിടെ സുലഭമായി കിട്ടിയിരുന്നു". (മലയാളമനോരമ വാരിക– കെ സി മാമ്മൻ മാപ്പിള 13 ജൂൺ 1957). എന്തൊരു നിർവൃതി! അധികാര സ്ഥാനങ്ങളിലുള്ള സ്വാധീനം ഉപയോഗിച്ച് പൊലീസ് ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം വാങ്ങിക്കൊടുത്ത് കായൽ നിലം ചുളുവിൽ തട്ടി എടുത്തെങ്കിലെന്ത് "പാലും തൈരും വെണ്ണയും മത്സ്യമാംസങ്ങളും...." ജീവിതം എത്ര കുശാൽ! "ധർമോസ്മത് കുലദൈവതം" എന്നു മാത്രമല്ല "നാണംകെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടാപ്പണം തീർതുകൊള്ളും" എന്നും ആപ്ത വാക്യമുണ്ടല്ലോ.

സ്വന്തം ബിസിനസ്സുമായി ബന്ധമുള്ളതോ ബന്ധമുണ്ടായേക്കാവുന്നതോ ആയ ഉന്നത ഗവർമെണ്ട് ഉദ്യോഗസ്ഥന്മാരെ എക്കാലവും ചിറകിലൊതുക്കി വെക്കാനുള്ള വൈഭവം ഇ എം കോവൂരിന്റെ നോവലിലെ കേന്ദ്ര കഥാപാത്രമായ തോട്ട ഉടമ കൊച്ചപ്പന്റെ മുഖമുദ്രയാണ്. സാക്ഷാൽ മാമ്മൻ മാപ്പിളയിൽനിന്നാണോ കോവൂർ ഈ കഥാപാത്രത്തെ മെനഞ്ഞെടുത്തതെന്ന് ആർകും സംശയം തോന്നും. ഇരുവരുടെയും സിദ്ധികൾ അത്രമേൽ സദൃശ്യങ്ങളാണല്ലോ.

"കപ്പപ്പുറത്തെ കൃഷി വിജയ"ത്തിന്റെ അന്തർ നാടകങ്ങൾ സാഹിത്യ പഞ്ചാനനൻ പി കെ നാരായണപിള്ളയും മറ്റും പ്രജാസഭയിൽ തൊലിയുരിച്ചു കാട്ടിയപ്പോൾ അതേ സഭയിലെ അംഗം കൂടിയായ മാമ്മൻമാപ്പിള ചൂളിപ്പോയി. മാമ്മൻമാപ്പിളയുടെ ചിറകിലൊതുങ്ങിയ കൃഷി ഡയറക്ടർ ഡോ. കുഞ്ഞൻ പിള്ളയായിരുന്നു "കൃഷി വിജയ"ത്തിന്റെ പിന്നിലെ മുഖ്യ ശിൽപി. ഭരണയന്ത്രം കപ്പപ്പുറം കായലിൽ എത്രമാത്രം ദുർവിനിയോഗം നടത്തിയെന്ന് കണ്ടെത്താൻ പ്രജാസഭയിലെ അംഗങ്ങൾക് ഒട്ടും വിഷമമുണ്ടായില്ല. കായലിന്റെ ഒരു മൂലക്ക് സർകാർ സംവിധാനം ഉപയോഗിച്ച് അഞ്ചു വർഷത്തോളം ശാസ്ത്രീയ പരീക്ഷണ കൃഷിയിറക്കി ഫലം പരിശോധിച്ച ശേഷമായിരുന്നു മാമ്മൻമാപ്പിള സ്വന്തം മൂലധനം കപ്പപ്പുറം കായലിൽ ഇറക്കിയത്. ഡോ. കുഞ്ഞൻ പിള്ളയും മാമ്മൻ മാപ്പിളയും തമ്മിൽ നടന്ന ഈ ഒത്തുകളി പ്രജാസഭയിൽ ചൂടുപിടിച്ച വാദകോലാഹലങ്ങൾക് വഴിയൊരുക്കി. മാമ്മൻമാപ്പിളക്ക് വൻതോതിൽ വളവും കുമ്മായവും കൃഷി വകുപ്പിൽ നിന്ന് നൽകിയിരുന്നു. അതേസമയം കുട്ടനാട് കായൽ നിലങ്ങളിൽ മറ്റ് കൃഷിക്കാരോട് കൃഷി വകുപ്പ് ഈ ഔദാര്യം കാട്ടിയിരുന്നില്ല. കായലിലെ പുളിരസം കാരണം രണ്ടും മൂന്നും വർഷത്തിലൊരിക്കൽ മാത്രം കൃഷിയിറക്കിയിരുന്ന പുഞ്ചനിലത്ത് പുതിയ പരീക്ഷണം വർഷത്തിലൊരിക്കൽ കൃഷിയിറക്കാൻ മാമ്മൻ മാപ്പിളക്ക് ധൈര്യം നൽകി.

പ്രജാസഭയിൽ 1924 ജനുവരി പതിനെട്ടിന് ഇതേചൊല്ലി നടന്ന ചൂടുപിടിച്ച ചർചയുടെ ചില രംഗങ്ങൾ ഇതാ:

കെ പരമേശ്വരൻ പിള്ള (കൃഷി ഫിഷറീസ് ഡയറക്ടർ):

ആലപ്പുഴയിലെ പുഞ്ചനിലങ്ങളിൽ ഏറിയ പങ്കും രണ്ടു വർഷത്തിലൊരിക്കലെ കൃഷി ചെയ്യുന്നുള്ളു.

പി കെ നാരായണപിള്ള (അമ്പലപ്പുഴ): അത് ശരിയല്ല.

കെ പരമേശ്വരൻപിള്ള (കൃഷി ഫിഷറീസ് ഡയറക്ടർ): ചില ഭാഗങ്ങളിൽ വർഷം തോറും മറ്റു ചില ഭാഗങ്ങളിൽ രണ്ടു വർഷത്തിലൊരിക്കലുമാണ് കൃഷി ചെയ്യുന്നത്. കൃഷിവകുപ്പിന് ഇതിൽ ചെറിയ ഭാഗത്ത് പരീക്ഷണ കൃഷിയിറക്കിക്കൂടെ എന്ന് ചില കൃഷിക്കാർ ഞങ്ങളോട് ചോദിച്ചു.

ഇതിനെ തുടർന്ന് ഞങ്ങൾ മുപ്പത് ഏക്കർ നിലം ഇതിന് തെരഞ്ഞെടുത്തു.

കെ സി മാമ്മൻമാപ്പിള (വാണിജ്യവ്യവസായ മണ്ഡലം): സർ എനിക്ക് വ്യക്തിപരമായ ഒരു വിശദീകരണം നൽകാനുണ്ട്. ഞാൻ വർഷം തോറും അവിടെ കൃഷിയിറക്കുന്ന ആളാണ്. എനിക്കവിടെ മുന്നൂറോളം ഏക്കർ ഉണ്ട്. എന്റെ മുപ്പതോളം ഏക്കറിൽ പരീക്ഷണാർത്ഥം കൃഷി നടത്തി നോക്കാൻ ഞാൻ ഡോ. കുഞ്ഞൻ പിള്ളയോട് അഭ്യർത്ഥിച്ചു... പരമേശ്വരൻ പിള്ളക്കും (ഡയറക്ടർ) മുഴുവൻ കാര്യങ്ങളും അറിയാം. അദ്ദേഹം സ്ഥലം സന്ദർശിച്ചിരുന്നയാളാണ്. ഈ പരീക്ഷണം കാരണം എനിക്ക് വൻഗുണമുണ്ടായതായി പരക്കെ ധാരണയുണ്ട്. അതു ശരിയല്ല. കൃഷി വകുപ്പു നിർദേശിച്ച വളം വാങ്ങി ഓരോ വർഷവും മുന്നൂറും നാനൂറും രൂപ എനിക്ക് നഷ്ടമേ ഉണ്ടായിട്ടുള്ളു. എന്നാൽ കുട്ടനാട് മണ്ണിലെ പുളിരസം ഇല്ലാതാക്കാൻ കുമ്മായം നല്ലതാണെന്ന് ഡോ. കുഞ്ഞൻപിള്ളയുടെ ഉപദേശത്തിൽ നിന്ന് എനിക്ക് ഏറെ നേട്ടമുണ്ടായി.

അധ്യക്ഷൻ: ഇപ്പോൾ താങ്കൾ ഓരോ വർഷവും കൃഷിയിറക്കുന്നില്ലേ?

കെ സി മാമ്മൻമാപ്പിള: അതെ. പക്ഷെ അത് ഞാൻ കൂടുതൽ പണം ഇറക്കുകയും അയൽകാരെക്കാൾ മെച്ചപ്പെട്ട രീതിയിൽ ഉഴുകയും ജലസേചനം നടത്തുകയും ചെയ്തതുകൊണ്ടാണ്.

....ഞാൻ സർക്കാർ ചെലവിൽ വമ്പിച്ച നേട്ടമുണ്ടാക്കിയെന്ന് പരക്കെയുള്ള ധാരണ അസന്നിഗ്ധമായി നിഷേധിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ.

ടി കെ വേലുപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): സർ..

അധ്യക്ഷൻ: അദ്ദേഹം വിശദീകരണം നൽകുക മാത്രമാണ്. ഒരു വിശദീകരണം മാത്രം നൽകുന്ന മെംബറോട് താങ്കൾ ചോദ്യം ചോദിച്ചുകൂട സഭയുടെ അധിപനായ അംഗത്തോടേ താങ്കൾ ചോദ്യം ചോദിച്ചുകൂടൂ.

ടി കെ വേലുപിള്ള: കൃഷി—ഫിഷറീസ് ഡയറക്ടർ കെ പരമേശ്വരൻ പിള്ളയോട് ഞാൻ ചോദിച്ചോട്ടെ?

അധ്യക്ഷൻ: തീർച്ചയായും (ചിരിച്ചുകൊണ്ട്)

ടി കെ വേലുപിള്ള: മാമ്മൻ മാപ്പിളയുടെ ഈ ഇടപാടിനെ കുറിച്ച് സൂചിപ്പിക്കുന്ന 1097 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രത്യേക മെംബർ പരമേശ്വരൻപിള്ള വായിച്ചുനോക്കിയിട്ടുണ്ടോ?

കെ പരമേശ്വരൻ പിള്ള: ഉവ്വ്.

ടി കെ വേലുപ്പിള്ള: ഞാനതു വായിക്കാം (വേലുപിള്ള വായിക്കുന്നു.)

കെ പരമേശ്വരൻ പിള്ള: ഞാനതു വായിച്ചു. അത് ഞാൻ വിശദീകരിക്കാൻ പോകുകയായിരുന്നു.

ടി കെ വേലുപിള്ള: ഞാൻ ഒന്നുകൂടെ ചോദിക്കാൻ ആഗ്രഹിക്കുന്നത്, ആ മുപ്പത് ഏക്കർ കെ സി മാമ്മൻ മാപ്പിളയുടെ വകയായിരുന്നോ?

കെ പരമേശ്വരൻപിള്ള: അദ്ദേഹത്തിന്റേതാണെന്നാണ് ഞാൻ കരുതുന്നത്.

കെ സി മാമ്മൻമാപ്പിള: അഞ്ചു വർഷത്തിനുശേഷം ഡോ. കുഞ്ഞൻ പിള്ളയുടെ സമ്മതത്തോടെ വളം ഉപയോഗിക്കുന്നത് ഞാൻ നിർത്തി എന്നു കൂടി പറഞ്ഞോട്ടെ. ഈ വളങ്ങൾ തുടരുന്നതിൽ കാര്യമില്ലെന്ന തീരുമാനത്തിൽ ഞാൻ എത്തി.

അധ്യക്ഷൻ: വേലുപിള്ളയാണ് ചോദ്യം ഉന്നയിച്ചത്. ഈ അഭിപ്രായങ്ങൾ ശരിയാണോ എന്നാണെന്നു തോന്നുന്നു അദ്ദേഹത്തിനറിയേണ്ടത്.

ടി കെ വേലുപിള്ള: ഞാൻ മറ്റൊരു ചോദ്യം ചോദിക്കാം. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ പ്രസ്ക്തഭാഗം അസത്യമാണെന്ന് ഈ ഭൂമിയുടെ ഉ

ടമയായ മാമ്മൻമാപ്പി ള വാക്കാലോ രേഖാമൂലമോ എതിർപ്പുപ്രകടിപ്പിച്ചിരുന്നുവോ എന്നറിഞ്ഞാൽ കൊള്ളാം.

അധ്യക്ഷൻ: അദ്ദേഹം എങ്ങനെ എതിർപ്പുപ്രകടിപ്പിക്കാൻ? ഈ ചോദ്യം അനുവദനീയമാണെന്ന് കരുതുന്നില്ല?

ടി കെ വേലുപിള്ള: മാമ്മൻമാപ്പിള ഇത് അംഗീകരിക്കുന്നുണ്ടോ എന്നാണ് അറിയേണ്ടത്? അദ്ദേഹം അംഗീകരിക്കുന്നില്ലെങ്കിൽ, ഞാൻ ആ ചോദ്യം ഉന്നയിക്കുന്നില്ല. അത് വായിച്ചിട്ടില്ല എന്ന് മാമ്മൻ മാപ്പിള പറഞ്ഞാലും ഞാൻ അത് പ്രസ് ചെയ്യില്ല. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ അഭിപ്രായം ശരിയാണോ എന്നാണ് ഞാൻ വീണ്ടും ചോദിക്കുന്നത്.

അധ്യക്ഷൻ: അത് ചോദിക്കാൻ താങ്കൾക്ക് അവകാശമുണ്ട്.

ടി കെ വേലുപിള്ള: അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ അഭിപ്രായം ശരിയാണോ? വസ്തുതകളുടെ അടിസ്ഥാനത്തിലുള്ളതാണോ?

കെ പരമേശ്വരൻപിള്ള: തീർച്ചയായും.

എ ഹൂഗ്‌വർഫ് (നോമിനേറ്റഡ്): മാമ്മൻമാപ്പിളയുടെ അഭിപ്രായമാണോ അതോ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ അഭിപ്രായമാണോ സത്യം എന്ന് അറിയണം.

അധ്യക്ഷൻ: ഞാൻ ചോദ്യം അനുവദിക്കുന്നില്ല.

(പ്രജ്ഞാസഭാ രേഖകൾ—നെൽ കൃഷി വികസന ചർച്ച 1924 ജനുവരി 18 പേജ് 625—627)

അംഗങ്ങൾ തിരിച്ചും മറിച്ചും ചോദ്യശരങ്ങൾ എയ്തിട്ടും മാമ്മൻമാപ്പിള ഇതിനെല്ലാം മൗനം കൊണ്ടു മറയിട്ടതേയുള്ളു.

7. ബ്ലേഡുകളുടെ കുലപതി

'വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന' അത്ഭുത പ്രതിഭാസമായിരുന്നു 'മലയാള മനോരമ' തറവാട്ടിലെ ബാങ്കുകൾ. കേരളത്തിലെ ഏതെങ്കിലും വ്യവസായ കുടുംബം നിക്ഷേപകരുടെ പണത്തിൽ കണ്ണുവെച്ച് ഇത്രയേറെ ബാങ്കുകൾക്ക് ജന്മം നൽകിയിട്ടുണ്ടോ എന്ന് സംശയം. ഇന്ത്യയിൽ കൂറ്റൻ കുത്തകകളായി കുതിച്ചുയർന്ന വ്യവസായ കുടുംബങ്ങൾക്കെല്ലാം താങ്ങും തണലുമായി സ്വന്തം ബാങ്കുകൾ ഉണ്ടായിരുന്നു.

ആയിരത്തി തൊള്ളായിരത്തി അമ്പതുകളുടെ മധ്യത്തിൽ കൂറ്റൻ
വ്യവസായി
മുണ്ട്റയെ ഓഹരി കച്ചവട കുംഭകോണത്തിന് ശിക്ഷിച്ച് ജയിലിലടക്കുമ്പോൾ, ബാങ്കുകളും വ്യവസായികളും തമ്മിൽ ഊടും പാവും പോലുള്ള ബന്ധം സ്പെഷ്യൽ കോടതി ജഡ്ജി എം സി ഛഗ്ള അർത്ഥപൂർണമായി വിശകലനം ചെയ്തിരുന്നു. സ്വന്തമായി ഒരു ബാങ്ക് സ്ഥാപിക്കാൻ മറന്നു പോയതായിരുന്നു മുണ്ട്റയുടെ നിർഭാഗ്യം. അതല്ലെങ്കിൽ ഈ കുംഭകോണവും സ്വന്തം ബാങ്കിന്റെ മറയിൽ തമസ്കരിക്കപ്പെട്ടു പോകുമായിരുന്നുവെന്ന് ഛഗ്ള ചൂണ്ടിക്കാട്ടുന്നു.

'മലയാള മനോരമ' കുടുംബം ദീർഘവീക്ഷണത്തോടെ ബാങ്കിംഗ് രംഗത്തേക്ക് ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലേ രംഗപ്രവേശം ചെയ്തിരുന്നു. മലയാള മനോരമയുടെ വ്യവസായ സാമ്രാജ്യത്തിന്റെ ഊടും പാവുമായിരുന്ന 'ട്രാവൻകൂർ നാഷനൽ ആൻഡ് ക്വയിലോൺ ബാങ്കി'ന്റെ ഉദ്വേഗജനകമായ ചരിത്രം പുതിയ തലമുറക്ക് ഒരുവേള കേട്ടറിവുപോലുമു

ണ്ടാവില്ല. ഉത്തരവാദ ഭരണപ്രക്ഷോഭം തിരുവിതാംകൂറിൽ കൊടുമ്പിരി കൊണ്ട 1930 കളുടെ അന്ത്യപാദത്തിൽ ദിവാൻ സർ സി പി രാമസ്വാമി അയ്യരുടെ ഉള്ളിൽ കത്തിക്കാളിയ സാമുദായികവും രാഷ്ട്രീയവുമായ പകയിൽ എരിഞ്ഞാണ് ഈ ബാങ്ക് ചാമ്പലായത് എന്നതിൽ തർക്കമില്ല. പക്ഷേ അതുമാത്രമായിരുന്നു തകർച്ചക്ക് കാരണമെന്ന് ബാങ്കിന്റെ ചെയർമാനായിരുന്ന കെ സി മാമ്മൻമാപ്പിളപോലും പറയില്ല. ഈ ബാങ്ക് അച്ചുതണ്ടാക്കി മാമ്മൻമാപ്പിളയും മക്കളും എത്രയെത്ര കൂട്ടുകുടുംബ വ്യവസായ കമ്പനികൾ കേരളത്തിനകത്തും പുറത്തും പടച്ചുണ്ടാക്കി. നാട്ടുകാരുടെ വിയർപ്പും കണ്ണീരും പുരണ്ട എത്ര പണം ഈ ബാങ്കിന്റെ കൗണ്ടറുകളിലൂടെ മാമ്മൻമാപ്പിളയുടെ വ്യവസായ സാമ്രാജ്യങ്ങളിലേക്കൊഴുകി. ഇന്നത്തെ ബ്ലെയ്ഡ് കമ്പനികളുടെ ആദിരൂപമായിരുന്നു ആ ബാങ്ക്. കടൽതീരത്ത് മണൽതരി പോലെ പിൽകാലത്ത് പെറ്റുപെരുകിയ ആ തട്ടിപ്പ് പ്രസ്ഥാനത്തിന്റെ ആദിപിതാവും കെ സി മാമ്മൻമാപ്പിള തന്നെ. 'മലയാള മനോരമ' തറവാട്ടിൽ ആദ്യം കിളിർത്ത ബ്ലെയ്ഡ് 'ട്രാവൻകൂർ നാഷനൽ ആൻഡ് ക്വയിലോൺ ബാങ്ക് അല്ല. ട്രാവൻകൂർ നാഷനൽ ബാങ്കുമല്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ കണ്ടത്തിൽ കുടുംബത്തിൽ പിറന്നു വീണ 'ട്രാവൻകൂർ ബാങ്കാ'യിരുന്നു കന്നി ബ്ലെയ്ഡ്. മാമ്മൻ മാപ്പിളയുടെ പിതാവ് കെ ഐ ചെറിയാൻ മാപ്പിളയുടെ 'തയ്യിൽ ബാങ്കാ'യിരുന്നു അടുത്ത സന്തതി. അൽപായുസുകളായ ചിട്ടി കമ്പനികളും ബ്ലെയ്ഡ് കമ്പനികളും കണ്ടത്തിൽ കുടുംബത്തിന്റെ മുക്കിലും മൂലയിലും ഇതേ തുടർന്ന് കൂണുപോലെ പൊട്ടിമുളച്ചു. കിടമത്സരവും പണക്കൊതിയും മൂലം എല്ലാ ബ്ലെയ്ഡുകളും പൊളിഞ്ഞു. ബ്ലെയ്ഡുകൾ പൊളിഞ്ഞെങ്കിലും അതിന്റെ സൂത്രധാരൻമാർ കൊഴുത്തു തടിച്ചു.

അൽപായുസുകളായ കന്നി ബ്ലെയ്ഡിന്റെ സൂത്രധാരൻമാർ പോലും ധനാഢ്യരായത് മാമ്മൻമാപ്പിളയെ വിസ്മയിപ്പിച്ചു. അതോടെ ബ്ലെയ്ഡിനോടുള്ള കമ്പം ആ യുവമനസിനെ കീഴടക്കി. മുപ്പത്തിയഞ്ചു രൂപയുടെ പ്രതിമാസ ശമ്പളത്തിൽ കുടുംബ പ്രാരാബ്ധങ്ങൾ ഇറക്കിവെക്കാനാകാതെ ഞെരിപിരി കൊള്ളുകയായിരുന്നു അന്ന് മാമ്മൻമാപ്പിള. എം ഡി സെമിനാരി സ്കൂളിലെ അധ്യാപകൻ മാത്രമായിരുന്ന മാമ്മൻമാപ്പിളക്ക് ഏറെക്കാലം ബ്ലെയ്ഡിന്റെ സ്വപ്നം മനസിലിട്ട് താലോലിക്കാനേ കഴിഞ്ഞുള്ളൂ. പക്ഷെ കെ എം മാത്യുവും അദ്ദേഹം ചെല്ലും ചെലവും കൊടുത്ത ചരിത്രകാരൻമാരും തിരുവിതാംകൂറിലെ ബാങ്കിംഗ് വ്യവസായത്തിന്റെ സ്ഥാപകനായി മാമ്മൻമാപ്പിളയെ എഴുന്നള്ളിക്കുന്നു. മാമ്മൻമാപ്പിളയുടെ ബൃഹത് ജീവചരിത്ര ഗ്രന്ഥമെഴുതിയ ഡോ. എം ജെ കോശി സമർഥിക്കുന്നതും അതുതന്നെ. സാമ്പത്തിക രംഗത്തെ അതിമാനുഷനായി ആർപ്പുവിളികളോടെ മാമ്മൻമാപ്പിളയെ ഡോ. കോശി ആനയിക്കുമ്പോൾ ബാങ്കിംഗ് വ്യവസായ സ്ഥാപകനെന്ന തൂവൽകൂടി കെ എം മാത്യു ആ കിരീടത്തിൽ ചൂടുന്നു. സ്വന്തം പിതാവായിരുന്നു ബാങ്ക് സ്ഥാപകൻ എന്ന് സമർഥിച്ചെടുക്കാനുള്ള മാത്യുവിന്റെ ഗൂഢോദ്ദേശ്യം ഊഹിക്കാവുന്നതേയുള്ളൂ. ക്ഷയരോഗിയായ ബന്ധുവിനെ അന്യസംസ്ഥാനത്ത് ചികിത്സക്ക് എത്തിക്കാൻ വട്ടിപ്പലിശക്ക് പണം കടമെടുത്തപ്പോൾ മാമ്മൻമാപ്പിളയുടെ തലയിൽ പൊട്ടിമുളച്ചതാണത്രെ ബാങ്കിംഗ് ആശയം! മലയാളമനോരമയുടെ കൂടപ്പിറപ്പായ സെൻസേഷണലിസത്തിന്റെ ഛായയുണ്ട് ഈ ഭാഷ്യത്തിന്; പക്ഷെ സത്യവുമായി തീരെ പൊരുത്തമില്ല.

മാമ്മൻമാപ്പിളയുടെ നാലാമത്തെ അനുജൻ കെ സി ചാക്കോ 1911ൽ വേൾ[illegible]ന്റെ കോൺഫറൻസിനെ പ്രതിനിധീകരിച്ച്

കോൺസ്റ്റാന്റിനോപ്പിളിൽ പോയി മടങ്ങിയെത്തിയപ്പോൾ ക്ഷയരോഗബാധിതനായി എന്നത് സത്യം. ആന്ധ്രാപ്രദേശിലെ മദനപ്പള്ളിയിൽ മാമ്മൻമാപ്പിളയും സഹോദരി സാറാമ്മയും മറ്റും ചേർന്ന് ചാക്കോയെ ചികിത്സക്ക് കൊണ്ടുപോയതും യാഥാർഥ്യം. തിരുവല്ലയിൽ വട്ടിപലിശക്കാരിൽ നിന്ന് പണം സ്വരൂപിച്ച് ചികിത്സക്ക് അയച്ചത് ഇളയ സഹോദരൻ കെ സി ഈപ്പനായിരുന്നു എന്നുമാത്രം. കണ്ടത്തിൽ കുടുംബത്തിൽ പിറന്ന ആദ്യ ബ്ലെയ്ഡ് (ട്രാവൻകൂർ ബാങ്ക്) തകർന്നിട്ട് അപ്പോൾ അഞ്ചുവർഷമെങ്കിലും ആയിട്ടുണ്ടാകും.

പണം കടംകൊടുത്ത് കൊള്ളലാഭം പിടുങ്ങുന്ന തമിഴ്ബ്രാഹ്മണരുടെ അധീശത്വമായിരുന്നു തിരുവിതാംകൂറിൽ അന്ന്. ഇത് തകർകാനും മേൽക്കോയ്മ കയ്യടക്കാനും കണ്ടത്തിൽ കുടുംബത്തിലെ ചിലർകും പൂതിയായി. പണം കടം കൊടുക്കുന്നവർകിടയിൽ അതോടെ മത്സരമായി. തമിഴ്ബ്രാഹ്മണരുടെ കൊള്ള പലിശക്ക് എതിർവായ് ഇല്ലാതിരുന്ന ഘട്ടത്തിൽ കണ്ടത്തിൽ കുടുംബക്കാരുടെ രംഗപ്രവേശം ഒരളവുവരെ നാട്ടുകാർക്ക് ആശ്വാസവുമായിരുന്നു. 'മലയാള മനോരമ' കമ്പനിയുടെ മാതൃകയിൽ 1891ൽ ബ്ലെയ്ഡുകളുടെ പിറവിക്ക് വഴിമരുന്നിട്ടുകൊണ്ട് കണ്ടത്തിൽ കുടുംബയോഗ കമ്പനി രൂപീകരിച്ചു. മനോരമ കമ്പനിക്ക് അപ്പോൾ മൂന്നു വയസായിരുന്നു പ്രായം. കെ സി മാമ്മൻമാപ്പിളയുടെ പിതൃസഹോദരൻ ഈപ്പൻ വക്കീലായിരുന്നു സൂത്രധാരൻ. തിരുവല്ല മുനിസിഫ് കോടതിയിൽ വക്കീലായിരുന്ന ഈപ്പനാണ് തിരുവിതാം കൂറിൽ ബാങ്കിംഗ് പ്രവർത്തനത്തിന് വിത്തുപാകിക്കൊണ്ട് 'ട്രാവൻകൂർ ബാങ്ക്' സ്ഥാപിച്ചത്. തമിഴ്ബ്രാഹ്മണരും കണ്ടത്തിൽ തറവാട്ടുകാരും തമ്മിലുള്ള മത്സരം അതോടെ മുറുകി. തമിഴ് ബ്രാഹ്മണരുടെ പരിഭ്രാന്തി കണ്ടത്തിൽ കുടുംബക്കാർക്ക് ഊണിലും ഉറക്കത്തിലും ഊറിച്ചിരിക്കാൻ വകയായി. വയോവൃദ്ധനായ ഒരു ബ്രാഹ്മണൻ ഒരു സുപ്രഭാതത്തിൽ മഞ്ചലിൽ കണ്ടത്തിൽ തറവാട്ടിലേക്ക് വരുന്നതു കണ്ടപ്പോൾ കുടുംബക്കാർ അമ്പരന്നു. വാർധക്യത്തിന്റെ കിതപ്പും ക്ഷീണവും കൂസാതെ മഞ്ചലിൽ കണ്ടത്തിൽ തറവാട്ടിൽ എത്താൻ ഈ വയോവൃദ്ധനെ പ്രേരിപ്പിച്ചതെന്തെന്നോ? ഈപ്പൻവക്കീൽ ജന്മം നൽകിയ 'ട്രാവൻകൂർ ബാങ്ക്' ഉയർത്തിയ വെല്ലുവിളി! ബാങ്ക് തുടങ്ങുന്ന വിവരം ആരോ ചെവിയിലെത്തിച്ചപ്പോൾ ഈ വയോവൃദ്ധന് ഊണും ഉറക്കവും ഇല്ലാതായി. അപകടകരമായ ഈ സംരംഭത്തിൽ ചാടരുതെന്ന് ഈ വയോവൃദ്ധൻ ഈപ്പൻ വക്കീലിന്റെ ചെവിയിൽ അടക്കം പറഞ്ഞപ്പോൾ കണ്ടത്തിൽ തറവാട്ടിൽ അടക്കിപ്പിടിച്ച ചിരി പൊട്ടിച്ചിതറി. ഉപദേശം ഏശുന്നില്ലെന്ന് കണ്ടപ്പോൾ ആ മഞ്ചൽ ഊടുവഴികളിലൂടെ മടങ്ങി. തമിഴ് ബ്രാഹ്മണരുടെ മേൽക്കോയ്മ ഇടിഞ്ഞു തുടങ്ങിയതോടെ ഈപ്പൻ വക്കീലിന് കുശാലായി. ദിവസം ചെല്ലുംതോറും കണ്ടത്തിൽ തറവാട്ടിന്റെ മടിശീല കൊഴുക്കാൻ തുടങ്ങി.

തമിഴ് ബ്രാഹ്മണരുടെ ശല്യം ഒഴിഞ്ഞപ്പോൾ 'ട്രാവൻകൂർ ബാങ്കും' അതിന്റെ തനി ബ്ലെയ്ഡ് സ്വഭാവം പുറത്തുകാട്ടി. പക്ഷേ എട്ടുവർഷത്തോളമേ ആയുസുണ്ടായിരുന്നുള്ളൂ. ബ്രാഹ്മണരുടെ ശാപമോ രാജഭരണത്തിന്റെ വിദ്വേഷമോ കൊണ്ടായിരുന്നില്ല ഇത് സംഭവിച്ചത്. പണം വന്നു കുമിഞ്ഞപ്പോൾ കണ്ടത്തിൽ കുടുംബത്തിന്റെ മുക്കിലും മൂലയിലും മുറുമുറുപ്പായി. ബാങ്ക് രൂപീകരിക്കുവാൻ ഈപ്പൻവക്കീലിന് തുണയായിരുന്ന പിതൃ സഹോദരൻ പോത്തച്ചന്റെ അന്ത്യത്തോടെ മുറുമുറുപ്പ് കിടമത്സരമായി. കണ്ടത്തിൽ കുടുംബക്കാരുടെ കൂട്ടായ ഉന്നമനത്തിന് തുടങ്ങിയ ബാങ്ക് ഒന്നോ

രണ്ടോ പേരുടെ മാത്രം പള്ള വീർപ്പിച്ചപ്പോൾ മറ്റുള്ളവർക്ക് കലിയായി. ഉൾപ്പോരു മൂത്ത് ആദ്യ വെടി പൊട്ടിയതോടെ 'ട്രാവൻകൂർ ബാങ്ക്' നിലം പൊത്തി. അൽപായുസായിരുന്ന ഈ ബാങ്കിന്റെ ചാരത്തിൽ നിന്ന് അടുത്ത തലമുറ ഉയിരേകിയതായിരുന്നു 'ട്രാവൻകൂർ നാഷണൽ ബാങ്ക്'. അതിനിടെ, ഈപ്പൻ വക്കീലിനോട് ഇടഞ്ഞ കെ ഐ ചെറിയാൻ മാപ്പിള (മാമ്മൻമാപ്പിളയുടെ പിതാവ്) ഇടവേളയിൽ ജന്മം നൽകിയ 'തയ്യിൽ ബാങ്ക്' പിറന്നുവീണ് ഏറെ കഴിയുംമുമ്പേ അന്ത്യശ്വാസം വലിച്ചു.

ഈപ്പൻ വക്കീലിനെയും കൂട്ടാളിയായ പോത്തനെയും കണ്ടത്തിൽ കുടുംബയോഗ കമ്പനിയിൽ നിന്ന് പുറത്താക്കാൻ ചെറിയാൻമാപ്പിളക്കു വേണ്ടി കോട്ടയത്ത് തങ്ങി നിയമനടപടികൾ സ്വീകരിച്ചത് മാമ്മൻമാപ്പിളയായിരുന്നു. കണ്ടത്തിൽ തറവാട്ടിൽ കുടുംബപ്പോരിന്റെ ആദ്യഅങ്കം അങ്ങനെ കുറിച്ചു. ഒരിലയിൽ ഉണ്ട് ഒന്നിച്ചുറങ്ങിയിരുന്ന കൂടപ്പിറപ്പുകൾ അതോടെ കണ്ണെടുത്താൽ കണ്ടുകൂടാത്തവരായി. വർഷങ്ങൾ പിന്നിട്ടിട്ടും ഈ ശത്രുതയുടെ ആക്കം കുറഞ്ഞില്ല. ബാങ്കുകൾ എന്നും കണ്ടത്തിൽ കുടുംബത്തിന് ദുഃശകുനമായിരുന്നു.

തകർന്നടിഞ്ഞ 'ട്രാവൻകൂർ ബാങ്കി'നെ കണ്ടത്തിൽ കുടുംബത്തിന്റെ അഭിമാന സ്തംഭമായി ഉടച്ചുവാർത്ത് 'ട്രാവൻകൂർ നാഷണൽ ബാങ്കാ'യി ഉയർത്തിയത് മനോരമയുടെ സ്ഥാപകൻ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ ഏക മകൻ കെ വി ഈപ്പനാണ്. എട്ടുവർഷം മുമ്പ് വെറും ബാലനായി എഴുതി തള്ളിയ, മാമ്മൻമാപ്പിള മനോരമയുടെ ഉടമസ്ഥാവകാശത്തിൽ നിന്ന് തുരത്തിക്കളഞ്ഞ ഈപ്പൻ മധ്യതിരുവിതാംകൂറിലെ പ്രബല ബാങ്കിനുള്ള ആണിക്കല്ല് പാകി കൺമുമ്പിൽ എത്തിയപ്പോൾ മാമ്മൻമാപ്പിള ചൂളി. ചെറിയ സ്ഥാപനമായിരുന്ന മനോരമയുടെ ഉടമസ്ഥാവകാശം പ്രായക്കുറവ് കാരണം നിഷേധിക്കപ്പെട്ട ഈപ്പൻ ഒരു വലിയ ബാങ്കിന്റെ മുഖ്യ ശിൽപിയായി തിരിച്ചെത്തുമ്പോൾ എങ്ങനെ ചൂളാതിരിക്കും? കൊടും വഞ്ചനക്കിരയായിട്ടുപോലും തലമറന്നെണ്ണ തേക്കാൻ കെ വി ഈപ്പൻ മുതിർന്നില്ലെന്ന് മാമ്മൻമാപ്പിള പോലും സമ്മതിക്കും. ബാങ്ക് രൂപീകരണത്തെക്കുറിച്ച് ഈപ്പൻ ആദ്യം അഭിപ്രായമാരാഞ്ഞത് മാമ്മൻമാപ്പിളയോടായിരുന്നു. മാമ്മൻമാപ്പിള തന്നെ പറയുന്നു:

'ഒരു പുതിയ ബാങ്ക് തുടങ്ങുന്നതിൽ സഹകരിക്കാൻ കലയക്കാട്ടിൽ തൊമ്മക്കത്തനാർ അവർകളും കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ ഏക പുത്രൻ കെ വി ഈപ്പനും കൂടി എന്നെ സമീപിച്ചു. അപ്പോൾ എന്റെ അനുജൻ കെ സി ഈപ്പനെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭിപ്രായപ്പെടുകയും അവരത് സമ്മതിക്കുകയും ചെയ്തു. അങ്ങനെ തിരുവിതാംകൂറിൽ നാഷണൽ ബാങ്ക് രൂപമെടുത്തു. കലയക്കാട്ടിൽ തൊമ്മാകത്തനാർ ബാങ്കിന്റെ മാനേജരായും കെ സി ഈപ്പൻ അതിന്റെ സെക്രട്ടറിയായും നിയമിക്കപ്പെട്ടു. (ജീവിത സ്മരണകൾ കെ സി മാമ്മൻ മാപ്പിള പേജ് 144)

ഏറെനാൾ കഴിയുംമുമ്പേ വർഗീസ് മാപ്പിളയുടെ മകനെ ഈ ബാങ്കിൽ നിന്നും പുകച്ചു ചാടിച്ചു. ഈപ്പന്റെ ഓഹരികൾ ദിവാൻ ബഹദൂർ കെ മാത്തനും അദ്ദേഹത്തിന്റെ സഹോദരൻമാരായ കെ ജോർജിനും ഡോ. കെ കുരുവിളക്കും കൈമാറി. അതോടെ മാമ്മൻമാപ്പിളയുടെയും ഇളയ സഹോദരൻ ഈപ്പന്റെയും നിയന്ത്രണത്തിലേക്ക് ബാങ്ക് തെന്നി നീങ്ങി. മാമ്മൻമാപ്പിളയുടെ ചാണക്യോപായങ്ങൾ മണത്തറിഞ്ഞിരുന്ന കത്തനാർ ആദ്യമൊന്നും കെണിയിൽ വീണില്ല. പക്ഷെ അങ്കം മുറുകിയപ്പോൾ നിൽക്കക്കള്ളിയില്ലാതെ കണ്ണീരോടെ വിടവാങ്ങി.

'പിന്നീട് ബാങ്കിന്റെ മാനേജരും സെക്രട്ടറിയുമായി ഒരാൾ മതിയല്ലോ എന്ന് കരുതി കെ സി ഈപ്പനെ (ഇളയസഹോദരൻ) ആ സ്ഥാനത്ത് നിയമിച്ചു. അത് ചെയ്യാൻ വേണ്ടി ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ വ്യവസ്ഥയനുസരിച്ച്, ഓഹരി ഉടമകളുടെ ഒരസാധാരണ പൊതുയോഗം കൂടി പ്രമേയം പാസാക്കി. അതിനെ പരാജയപ്പെടുത്തുവാൻ വലിയ ശ്രമം നടന്നെങ്കിലും, കലക്കാട്ടിലച്ചൻ അതിലൊരു പ്രധാന ഭാഗം വഹിച്ചിരുന്നിട്ടും, ഒടുവിൽ ഭൂരിപക്ഷം വോട്ട് ഞങ്ങൾക്ക് തന്നെ കിട്ടുകയാണ് ഉണ്ടായത്. പ്രക്ഷുബ്ധമായി കഴിഞ്ഞു കൂടിയ ആ യോഗവും നടപടികളും ബാങ്കിന്റെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന സുസ്മരണീയമായ ഒരു ഘട്ടത്തെ കുറിക്കുന്നു." (ജീവിത സ്മരണകൾ – കെ സി മാമ്മൻമാപ്പിള – പേജ് 48–149).

അതിനിടെ ബാങ്കിന്റെ ചെയർമാനായി മാമ്മൻമാപ്പിള സ്വയം കിരീടമണിഞ്ഞു കഴിഞ്ഞിരുന്നു. മാനേജിംഗ് ഡയറക്ടറുടെ തൊപ്പി തൽകാലം സഹോദരൻ കെ സി ഈപ്പന്റെ തലയിലും, മർമപ്രധാനമായ ജനറൽ മാനേജരുടെ ചുമതല മൂന്നാമത്തെ മകൻ കെ എം ഈപ്പന്റെ കരങ്ങളിൽ ഏൽപിക്കുക കൂടി ചെയ്തതോടെ മാമ്മൻമാപ്പിള ലക്ഷ്യം നേടി. പക്ഷെ ഉടമസ്ഥർക്കിടയിലെ തമ്മിലടി അങ്ങാടിപ്പാട്ടായി. ബാങ്കിന് അസ്ഥിവാരമിട്ടവർ പെരുവഴിയിൽ തള്ളപ്പെട്ടതും ജനങ്ങളിൽ ആശങ്കയും രോഷവുമുയർത്തി. ഏതു നിമിഷവും ബാങ്ക് തകരുമെന്ന ഭീതി പരന്നു. നിക്ഷേപങ്ങൾ ഒന്നൊന്നായി പിൻവലിക്കപ്പെടാൻ തുടങ്ങിയതോടെ മാമ്മൻമാപ്പിളയും നെട്ടോട്ടമായി. ഈ പ്രതിസന്ധിയിലും രാജകുടുംബത്തിന്റെ പിൻബലം മാമ്മൻമാപ്പിളക്ക് തുണയായി. ആരംഭ ദശയിൽ തിരുവല്ലയിൽ ഒതുങ്ങിക്കൂടിയിരുന്ന ബാങ്കിന്റെ ശാഖകൾ തിരുവനന്തപുരത്തും മദിരാശിയിലും മറ്റും വ്യാപിച്ചതിന്റെ ശിൽപി മാമ്മൻമാപ്പിളയുടെ ഇളയ സഹോദരൻ കെ സി ഈപ്പനായിരുന്നു. സൈക്കിളിലും കാൽനടയായും ഈപ്പൻ അഹോരാത്രം ഓടിയായിരുന്നു ബാങ്കിന്റെ ഓരോ പടവും കെട്ടി ഉയർത്തിയത്. ബാങ്കിൽ നിന്ന് മാമ്മൻമാപ്പിളയും സന്താനങ്ങളും ചൂണ്ടിയിട്ടെടുത്ത ഓരോ നാണയത്തുട്ടിലും ഈപ്പന്റെ വിയർപ്പുതുള്ളികളിലെ ഉപ്പു കലർന്നിരുന്നു.

മർമസ്ഥാനങ്ങളിൽ മക്കളെ കുടിയിരുത്തിയതോടെ മാമ്മൻമാപ്പിളക്ക് സ്വന്തം അനുജനായ കെ സി ഈപ്പനും ചതുർഥിയായി. കാൽനൂറ്റാണ്ടിന്റെ ഈടുറ്റ അടിത്തറയുള്ള ട്രാവൻകൂർ നാഷണൽ ബാങ്കും പതിനെട്ടു വർഷത്തെ കെട്ടുറപ്പുള്ള ക്വയിലോൺ ബാങ്കും 1937 സെപ്തംബർ 10ന് സംയോജിച്ചപ്പോൾ ബാങ്കിംഗ് രംഗത്തെ കൂറ്റൻ സ്രാവുകൾ കിടിലം കൊണ്ടു. ബ്രിട്ടീഷ് ഇന്ത്യയിലെ വമ്പൻ ബാങ്കുകളെ പോലും വെല്ലുന്ന വ്യാപകമായ ബാങ്കിംഗ് ശൃംഖലക്ക് തിരുവിതാംകൂർ മണ്ണിൽ കാലുറപ്പിച്ച നാടൻ ബാങ്കിന് കെൽപുണ്ടായതിൽ പലരും വിസ്മയം പൂണ്ടു.

ഇന്ത്യക്കകത്തും പുറത്തുമായി 78 ബ്രാഞ്ചുകളും പതിനായിരത്തോളം ജീവനക്കാരുമായി തഴച്ചു വളർന്ന ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിനോട് എണ്ണത്തിൽ കിടപിടിക്കാൻ ബ്രിട്ടീഷ് ഇന്ത്യയിൽ മറ്റൊരു ഷെഡ്യൂൾഡ് ബാങ്കും ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഇന്ത്യ, ബർമ, സിലോൺ എന്നിവിടങ്ങളിൽ നിന്നെല്ലാം കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഈ ബാങ്കിൽ കുമിഞ്ഞുകൂടി. സെൻട്രൽ ബാങ്കും, ബാങ്ക് ഓഫ് ഇന്ത്യയും കഴിഞ്ഞാൽ ഇന്ത്യയിൽ ബാങ്കിംഗ് ബിസിനസിൽ തൊട്ടടുത്ത സ്ഥാനം ഈ ബാങ്കിനായിരുന്നു. കെ സി മാമ്മൻമാപ്പിള കയ്യടക്കിയ ട്രാവൻകൂർ നാഷണൽ ബാങ്കും സി പി മാത്തന്റെ ക്വയിലോൺ ബാങ്കും 1937

സെപ്തംബറിൽ നാടകീയമായി ലയിച്ചായിരുന്നു ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിന് രൂപം നൽകിയത്. ഒരേ സമുദായക്കാരുടെ ബാങ്കുകൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കുവാൻ മാമ്മൻമാപ്പിളയുടെയും മാത്തന്റെയും ബുദ്ധിയിൽ രൂപം കൊണ്ടതായിരുന്നു ലയന ആശയം.

ഇന്ത്യയിലെ പടുകൂറ്റൻ ബാങ്കിന്റെ [illegible]വനായി ഉയരുന്നതും മനപ്പായസമുണ്ടിരുന്ന മാമ്മൻമാപ്പിളക്ക് മാത്തനെ ഉൾഭയമായിരുന്നു. മാമ്മൻമാപ്പിളയും മാത്തനും ചില കാര്യങ്ങളിൽ ധ്രുവങ്ങളുടെ അകലത്തിലുമായിരുന്നു. ലയനത്തിന് തൊട്ടുമുമ്പ് മാമ്മൻമാപ്പിളയും മാത്തനും മറ്റൊരു കൂട്ടുകച്ചവടം നടത്തി ഭാഗ്യം പരീക്ഷിച്ചുനോക്കി – ന്യൂ ഗാർഡിയൻ ഓഫ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി. ഫാസിസ്റ്റ് ജ്വരം പിടിച്ച് ഹിറ്റ്ലർ രണ്ടാം ലോകയുദ്ധത്തിന് തൊട്ടുമുമ്പ് ഒട്ടേറെ യഹൂദരെ ജർമനിയിൽ നിന്ന് തുരത്തിയിരുന്നു. ഇക്കൂട്ടത്തിൽ ഒട്ടേറെ ഇൻഷ്വറൻസ് കമ്പനി വിദഗ്ദ്ധരും പുറത്താക്കപ്പെട്ടു. ഇവരിൽ ആരെയെങ്കിലും റാഞ്ചിയെടുക്കുവാൻ മാമ്മൻമാപ്പിളയും, മാത്തനും ബാംഗ്ളൂരിൽ പോയി പ്രശസ്ത ശാസ്ത്രജ്ഞൻ സർ സി വി രാമനെ കണ്ട് സഹായം തേടി. സി വി രാമൻ ഒരു യഹൂദനെ തേടിപ്പിടിച്ചു കൊടുത്തു. തുടക്കത്തിൽ തന്നെ ഇൻഷ്വറൻസ് കമ്പനി തഴച്ചു കുതിച്ച് കയറുന്നത് കണ്ടപ്പോൾ മാമ്മൻമാപ്പിളക്ക് കണ്ണഞ്ചി. കന്നിക്കൂട്ടുകച്ചവടം പൊടിപൊടിച്ചതോടെ മാമ്മൻമാപ്പിള മുൻ പിൻ നോക്കാതെ ലയനത്തിലേക്ക് എടുത്തുചാടി. ദിവാൻ സി പി രാമസ്വാമി അയ്യരുടെ അകമഴിഞ്ഞ സഹായവും ലയനത്തിന് ആക്കം കൂട്ടി.

തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ഉത്തരവാദ ഭരണ പ്രക്ഷോഭം കൊടുമ്പിരിക്കൊണ്ട ചരിത്രസന്ധിയിലായിരുന്നു ദിവാന്റെ ഔദാര്യം എന്നും ഓർക്കണം. സി പിയുടെ കിരാതവാഴ്ചക്കെതിരെ വീറോടെ പൊരുതി പത്രവ്യവസായങ്ങളെല്ലാം ആഹുതി ചെയ്ത കർമവീരനായി മാമ്മൻമാപ്പിളയെ ഇന്ന് വെള്ളപൂശുന്നവർ ഈ അന്തർനാടകങ്ങൾ കാലപ്രവാഹത്തിൽ മുങ്ങിമറഞ്ഞു എന്ന് ആശ്വസിക്കുന്നുണ്ടാകാം.

'ഇരു ബാങ്കുകളും തമ്മിൽ ലയിപ്പിച്ച് കൂറ്റൻ ബാങ്ക് ഉദയം ചെയ്യുന്നതിലും അതിന്റെ ആസ്ഥാനം തിരുവിതാംകൂറിൽ തന്നെ നിലനിർത്തുന്നതിലും ദിവാൻ സി പിക്കായിരുന്നു നിർബന്ധം." (ഞാൻ ഏറെ സഹിച്ചു. സി പി മാത്തൻ അദ്ധ്യായം ഏഴ്) ബ്രിട്ടീഷ് ഇന്ത്യയാകെ ഈ ബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ വെമ്പൽ കൊണ്ടിരുന്ന മാമ്മൻമാപ്പിളക്കും മാത്തനും സി പിയുടെ നിർദേശം സ്വീകാര്യമായിരുന്നില്ലെങ്കിലും മനസില്ലാമനസോടെ ഇരുവരും വഴങ്ങി. സി പി യുടെ കാരുണ്യം കൊണ്ടുണ്ടാവുന്ന നേട്ടങ്ങൾ സ്വപ്നം കണ്ടായിരുന്നു ഇതിന് സമ്മതിച്ചത്. ബാങ്കിന്റെ ആസ്ഥാനം മാത്രമല്ല ജനറൽ മാനേജർ പദവിയിൽ പോലും സി പി നിർദേശിച്ച ആളെ തന്നെ മാമ്മൻമാപ്പിള പ്രതിഷ്ഠിച്ചു. ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യയുടെ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റും മദിരാശി സർക്കിൾ ട്രഷററുമായിരുന്ന കെ എസ് രാമാനുജത്തെ മാമ്മൻമാപ്പിള പുതിയ ബാങ്കിലേക്ക് റാഞ്ചി എടുത്തത് സിപിയുടെ അധികാര ശക്തിയുടെ തണലിലായിരുന്നു. 1937 ജൂണിൽ പുതിയ ബാങ്കിന്റെ ലയനപ്രക്രിയയുടെ ചുമതലക്കാരനായി (സ്പെഷ്യൽ അമാൽഗമേഷൻ ആപ്പീസർ) അധികാരമേറ്റ രാമാനുജം മാസങ്ങൾക്കകം ജനറൽ മാനേജരായി. ഇംപീരിയൽ ബാങ്കിൽ പ്രതിമാസം ആയിരത്തിൽ താഴെ രൂപ മാത്രം ശമ്പളക്കാരനായിരുന്ന രാമാനുജത്തിന് 1200 രൂപ ശമ്പളവും ഇംപീരിയൽ ബാങ്ക് വിട്ടുപോരുന്ന

തിന് നഷ്ടപരിഹാരമായി 25000 രൂപ റൊക്കവും 25000 രൂപയുടെ ഇൻഷ്വറൻസ് പോളിസിയും സമ്മാനിച്ചത് 'സി പി യുടെ ആൾ' എന്ന ഒറ്റ കാരണത്താലായിരുന്നു. (തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ് പി ഇ കേസ് നമ്പർ 1 ഓഫ് 1114) ഇതുകൊണ്ടും തീർന്നില്ല സി പിയുടെ ദയാവായ്പ്. പുതിയ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ സി പി മാത്തൻ ദിവാന്റെ വിശാല ഹൃദയം തുറന്നു കാട്ടുന്നതു കൂടി കാണുക.

"ബാങ്കിന്റെ ആസ്ഥാനം തിരുവിതാംകൂറിൽ സ്ഥാപിക്കുകയാണെങ്കിൽ, ട്രഷറി ഇടപാട് ഈ ബാങ്കിന് നൽകുന്നതും, സർക്കാർ ഫണ്ടിൽ നിന്നും 75 ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിക്കുന്നതും അടക്കമുള്ള നേട്ടങ്ങൾ പുതിയ ബാങ്കിന് ലഭിക്കുമെന്ന് ദിവാൻ വാഗ്ദാനം ചെയ്തു". (ഞാൻ ഏറെ സഹിച്ചു – സി പി മാത്തൻ. അധ്യായം എട്ട് പേജ് 70) മദിരാശിയിലും തിരുവിതാംകൂറിലും മറ്റും വൻകിടക്കാരായ നിക്ഷേപകരെ മാമ്മൻമാപ്പിളയുടെ ബാങ്കിലേക്ക് അടുപ്പിക്കുന്നതിനും സി പി സ്വാധീനശക്തി മുഴുവൻ വിനിയോഗിച്ചു. എന്തിനേറെ, സി പിയുടെ ജൻമനാടായ മിരാശിയിയിലെ മൈലാപൂരിലെ ബ്രാഞ്ച് ഈ ബന്ധത്തിന്റെ പ്രതീകമായി മാറി. തമിഴ് ബ്രാഹ്മണരുടെ നിക്ഷേപം ഈ ബ്രാഞ്ചിൽ പിന്നീട് കുമിഞ്ഞുകൂടി.

പടുകൂറ്റൻ ബാങ്കിന്റെ ചെയർമാൻ പദവി സ്വപ്നം കണ്ട് മാമ്മൻ മാപ്പിള മദിരാശിയിൽ ഉത്സാഹതിമിർപ്പിൽ തുള്ളിച്ചാടുമ്പോൾ ട്രാവൻകൂർ നാഷണൽ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ആയ സ്വന്തം സഹോദരൻ കെ സി ഈപ്പൻ തിരുവനന്തപുരത്തെ പുന്നൻ റോഡിലെ വസതിയിൽ ഈ കൊടുംചതിയോർത്ത് വിതുമ്പി കരയുകയാ യിരുന്നു : മാമ്മൻ മാപ്പിളയെ വ്യവസായ സാമ്രാജ്യത്തിന്റെ ഉയരങ്ങളിലേക്ക് ഉയർത്തിവിട്ട കൂടപ്പിറപ്പുകളോടു പോലും ആലോചിക്കാതെയിരുന്നു ഈ അണിയറനീക്കങ്ങൾ. സി പി യുടെ സഹായ ഹസ്തങ്ങളിൽ മതിമറന്ന മാമ്മൻമാപ്പിള ഈപ്പന്റെ എതിർപ്പുകൾ ചെവിക്കൊണ്ടതേയില്ല. തോട്ടം ഉടമകളുടെ പ്രതിനിധിയായി പ്രജാസഭയിൽ അംഗമായ നാൾ മുതൽ ഈപ്പന്റെ വസതിയിലായിരുന്നു തിരുവനന്തപുരത്ത് എത്തിയാൽ മാമ്മൻ മാപ്പിള താമസം. ബാങ്ക് ലയനത്തിന് ഈപ്പൻ വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ മാമ്മൻ മാപ്പിള കൂടെപ്പിറപ്പിനോടൊപ്പമുള്ള താമസം പോലും മാറ്റി. രാജകീയ ഹോട്ടലായ 'മസ്കറ്റി'ലേക്ക്. ഇരു ബാങ്കുകളുടെയും ലയനത്തിന്റെ മുന്നോടിയായി ദിവാൻ സി പി രാമസ്വാമി അയ്യർക്ക് കൊല്ലത്ത് ഗംഭീര സ്വീകരണവും ചായസൽകാരവും നൽകുന്നതിന് തകൃതിയായി ഒരുക്കം നടക്കുന്നവെന്ന് അറിഞ്ഞപ്പോൾ ഈപ്പൻ അന്തരിച്ചു. ബാങ്കിന്റെ സ്ഥാപക മാനേജിംഗ് ഡയറക്ടർ പോലും അറിയാതെ ദിവാന് സ്വീകരണമോ? അതൊരു യാഥാർഥ്യമാണെന്നറിയാൻ ഈപ്പന് മണിക്കൂറുകളെ കാത്തിരിക്കേണ്ടി വന്നുള്ളൂ.

1937 സെപ്തംബർ ഒമ്പത്. തിരുവനന്തപുരത്തെ പുന്നൻ റോഡിലെ കെ സി ഈപ്പന്റെ ഇരുനില മാളിക. കൂടപ്പിറപ്പിന്റെ കൊടുംവഞ്ചനയുടെ കനലുകൾ നീറുന്ന മനസുമായി പൂമുഖത്തെ ചാരുകസാലയിൽ ഈപ്പൻ. ആ ഹൃദയാഗ്നി തണുപ്പിക്കാൻ മനഃധൈര്യമില്ലാതെ ഉഴറുന്ന പ്രിയപത്നി കുഞ്ഞാണ്ടമ്മ തൊട്ടടുത്തും. മടിയിലിരുന്ന ആൽബത്തിലെ സ്റ്റാമ്പിൽ ഇടക്കിടെ കണ്ണുഴിഞ്ഞ് ദുഃഖത്തിന്റെ തീരങ്ങളിലൂടെ ഈപ്പന്റെ മനസ് അലഞ്ഞു. ട്രാവൻകൂർ നാഷണൽ ബാങ്കിന്റെ സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഏതാനും മാസം മുമ്പ് ഇറക്കിയ സ്റ്റാമ്പായിരുന്നു അത്. ഇണ പിരിയാത്ത കൂടപിറപ്പുകളായ ബാങ്ക് ചെയർമാൻ കെ സി മാമ്മൻമാപ്പിളയുടെയും മാനേജിംഗ് ഡയറക്ടർ കെ സി ഈപ്പ

ന്റെയും ചിത്രങ്ങൾ പതിച്ച ഒരു സ്റ്റാമ്പ്! മാസങ്ങൾ മാത്രം മുമ്പ് ഈ സ്റ്റാമ്പ് അച്ചടിച്ചിറക്കുമ്പോൾ മാമ്മൻമാപ്പിളയുടെ മനസിൽ ഇത്ര വലിയ വഞ്ചനക് വിത്തുപാകിയിരുന്നുവെന്ന് ഈപ്പൻ അറിഞ്ഞിരുന്നില്ല.

വെളുത്ത കാർ മാളികയെ ലക്ഷ്യമാക്കി ചീറിവന്നു. ടോപ്പ് മടക്കിയ ചുവന്ന ചെറിയ കൊടിപാറിച്ച കാർ ഗേറ്റിനടുത്തെത്തിയപ്പോൾ ഏതോ വിശിഷ്ടാതിഥിയാണെന്ന് കരുതി കുഞ്ഞാണ്ടമ്മ അകത്തളത്തിലേക്ക് പിൻവാങ്ങി. മാമ്മൻമാപ്പിളയുടെ മകൻ കെ എം ഈപ്പനും ക്വയിലോൺ ബാങ്ക് മാനേജിംഗ് ഡയറക്ടർ സി പി മത്തനും നിയുക്ത ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് ജനറൽ മാനേജരും സി പിയുടെ ശിങ്കിടിയുമായ കെ എസ് രാമാനുജവുമായിരുന്നു കാറിൽ നിന്നിറങ്ങിയത്. ഈ മുഹൂർത്തത്തിന് ദൃക്സാക്ഷിയായിരുന്ന സാറാജോർജ്ജ് (അന്ന് സ്കൂൾ വിദ്യാർഥിനി) ഓർമയിൽ നിന്ന് കുറിക്കുന്നു:

"റ്റീപാർടിയുടെ തലേദിവസം മാത്തൻ, രാമാനുജം, കെ എം ഈപ്പൻ എന്നിവർ ടോപ്പ് മടക്കിയ ചുവന്നകൊടി പറപ്പിച്ചു വെള്ളക്കാറിൽ യൂണിഫോം ധരിച്ച ഡ്രൈവറുമായി പുന്നൻറോഡിലെ ഞങ്ങളുടെ വീട്ടിൽ വന്നിറങ്ങി. എല്ലാവരും സൂട്ടിൽ. സിഗരറ്റുപുക ഊതി അവർ മുകളിലോട്ടു വിട്ടു. എന്റെ പിതാവ് വേദനപ്പെട്ട് വലിവോടെ ചാരുകസേരയിൽ ഇരിക്കുകയാണ്. അവർ അവിടെക്കിടന്ന മൂന്നു കസേരകളിൽ അൽപനേരം നിശബ്ദരായിരുന്നു. "അച്ചായി കാപ്പിക്കു വരണം" കെ എം ഈപ്പൻ എഴുന്നേറ്റിട്ടു പറഞ്ഞു. ഇറ്റായി വിമ്മിട്ടപ്പെട്ട് മറുപടി കൊടുത്തു: "ഇത് സിപിക്ക് ക്വയിലോൺ ബാങ്കുകാർ കൊടുക്കുന്ന കാപ്പിയാണ്. അതിന് ഞാനെന്തിനാ വരുന്നത്. നാഷണൽ ബാങ്കുകാരുടെ കാപ്പിയായിരുന്നെങ്കിൽ എന്നെ കൂടി മുമ്പുകൂട്ടി അറിയിച്ചേനെ. ഇറ്റായിയുടെ ഈ മറുപടി കേട്ടപ്പോൾ മൂവരും മിണ്ടാതെ സ്ഥലം വിട്ടു." (ജയിലിലെ വല്യപ്പൻ – സാറാജോർജ്ജ് പേജ് 31.)

കാൽനൂറ്റാണ്ടുകാലം ബാങ്കിന്റെ ജീവവായുവായിരുന്ന ഈപ്പന് ഈ ചതിക്കെതിരായ രോഷം മനസിൽ അടക്കിവെക്കാനായില്ല: പക്ഷെ ഈപ്പന്റെ ഈ ഹൃദയരോദനമൊന്നും മാമ്മൻമാപ്പിളയെ പിൻമാറ്റിയില്ല. തൊട്ടടുത്ത ദിവസം കൊല്ലത്ത് ദിവാൻ സി പി യെ മാമ്മൻമാപ്പിള ചെണ്ടയും ചേങ്ങലയും മുഴക്കി വരവേറ്റ് പരവതാനി വിരിച്ച് ആനയിച്ചു. മഹാരാജാവിന്റെ ഉപദേശകനായി 4 വർഷം മുമ്പ് സി പി തിരുവിതാംകൂറിൽ രംഗപ്രവേശം ചെയ്തപ്പോൾ മനോരമയുടെ താളുകളിലൂടെ ഒളിയമ്പ് എയ്ത മാമ്മൻമാപ്പിള സമസ്താപരാധങ്ങളും ഏറ്റുപറഞ്ഞ് സഹായഹസ്തത്തിനായി കൈക്കുമ്പിൾ കാട്ടിനിന്നു. ദിവാന് നൽകിയ സ്വീകരണത്തിന്റെ വാർത്ത അടുത്തദിവസം മനോരമയിൽ വെണ്ടക്ക തലക്കെട്ടിൽ വായിച്ചപ്പോൾ തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭത്തിന്റെ നായകന്മാർ മൂക്കത്തു വിരൽവെച്ചു. ഒപ്പം കെ സി ഈപ്പനും.

അരനൂറ്റാണ്ടുമുമ്പ് ബ്രിട്ടീഷ് ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കുകളിലൊന്നായിരുന്ന ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിന്റെ ചരിത്രവും മലയാള മനോരമ വ്യവസായ കുടുംബത്തിന്റെ കുതിച്ചു കയറ്റവും തമ്മിലുള്ള ബന്ധം പുതിയ തലമുറക്ക് അപരിചിതമായിരിക്കും. 'മനോരമ'യുടെ പഴകി തുരുമ്പിച്ച അച്ചുകൂടം ആധുനികയുഗത്തിലേക്ക് ചിറകടിച്ചുയർന്നതും എം ആർ എഫിന്റെ ടയറുകൾ ദൃഢ പേശികളോടെ മദിച്ചുപുളയുന്നതും ഈ ബാങ്കിൽനിന്നും ഊറ്റിക്കുടിച്ച പണത്തിൽനിന്നാണ്. വഞ്ചിപ്പുഴ തമ്പുരാന്റെ മൂവായിരം ഏക്കർ റബർ തോട്ടവും, പീരുമേട്ടിൽ പുളിക്കാനത്തെ വിസ്തൃതമായ തേയില തോട്ടവും, പാ

ലിയത്തച്ചന്റെ കുപ്പപ്പുറത്തെ കണ്ണെത്താദൂരം കായൽനിലവും, ഷൊർണ്ണൂർ നെന്മേനി പന്തല്ലൂർ തോട്ടങ്ങളും, നിലമ്പൂർ കോവിലകത്തെ പതിനായിരക്കണക്കിന് ഏക്കർ തോട്ടവും, മൈസൂറിലെ റബർ, തോട്ടവും, മൈസൂറിലെ റബർ–കാപ്പി തോട്ടങ്ങളും തുന്നിച്ചേർത്ത് മലയാളമനോരമ കുടുംബസ്വത്തിന്റെ ഭൂപടത്തിന് വിസ്തൃതി കൂട്ടിയത് ഈ ബാങ്കിന്റെ നിക്ഷേപം ഊറ്റിയെടുത്തായിരുന്നു. മൈസൂറിലെ ബലൂൺ ഫാക്ടറിയിൽ നിന്ന് നിറപ്പകിട്ടാർന്ന ബലൂണുകൾ പറന്നുയർന്നതും, കോയമ്പത്തൂരിൽ വിലപിടിച്ച ഗോൾഡ് ലീഫ് സിഗററ്റിന്റെ നറുമണം പരന്നതും എല്ലാം ഇതേ സ്രോതസ്സിൽ നിന്നുതന്നെ. ബാങ്ക് കച്ചവടത്തിനു മുമ്പ് സ്വന്തമെന്നു പറയാൻ ഒരു കാളവണ്ടി മാത്രം ഉണ്ടായിരുന്ന മാമ്മൻ മാപ്പിള കോടീശ്വരനായിരുന്ന ഡൊറാബ്ജി ടാറ്റായെ തൃക്കൺ പാർകാൻ കാൽസറായിയും ടൈയും കെട്ടി ബോംബെയിൽ എത്തി പങ്കുകച്ചവടത്തിന് സാധ്യത ആരാഞ്ഞതും ഇതേ ബാങ്കിലെ നിക്ഷേപത്തിന്റെ പച്ചത്തഴപ്പ് കണ്ടിട്ടായിരുന്നു.

അമിതപലിശത്വശാസ്ത്രം കേരള മണ്ണിൽ വിതച്ചതിന്റെ ബഹുമതിയും ഏക്കാലവും മാമ്മൻമാപ്പിളക്കു തന്നെ. ടാറ്റായും ബിർളായും, മഫത്ലാലും മറ്റും കൂറ്റൻ കുത്തകകളായി വളർന്നതും സ്വന്തം ബാങ്കുകളിലെ അന്യരുടെ നിക്ഷേപത്തിന്റെ തണലിലാണല്ലോ. സെൻട്രൽ ബാങ്കിന് അടിത്തറയിട്ട ടാറ്റായും യൂക്കോ ബാങ്കിന് അടിത്തറയിട്ട ബിർളയും മാമ്മൻ മാപ്പിളയുടെ മാർഗദർശികളായിരുന്നു. ഡാൽമിയയുടെ പഞ്ചാബ് ബാങ്കും, മൊറാർജി ഗ്രൂപ്പിന്റെ ബാങ്ക് ഓഫ് ബറോഡയും നിക്ഷേപകരുടെ പണത്തിൽ കണ്ണുവെച്ചു തന്നെയായിരുന്നു വ്യവസായ രംഗത്ത് കുതിച്ചു കയറിയത്.

8. ബ്ലേഡറുത്ത മനസുകൾ

"ഞാനും വൃദ്ധയായ അമ്മയും അഞ്ചു കൂടപ്പിറപ്പുകളും പട്ടിണികിടന്ന് വലയുന്നു. എന്റെ ഇളയ സഹോദരൻമാർക് പട്ടിണി കാരണം ക്ഷയരോഗലക്ഷണം കണ്ടുതുടങ്ങി. എത്രനാൾ ഞങ്ങൾ പട്ടിണി കിടക്കും. ഞങ്ങളുടെ കൈയ്യിലുള്ളതെല്ലാം നശിച്ചു. ഞങ്ങളുടെ പണം കിട്ടാതെ എന്തു ചെയ്യാനാകും. യുദ്ധം ഞങ്ങളുടെ വാതുക്കൽവന്ന് മുട്ടുന്നു. ഞങ്ങളുടെ സർവസ്വമായ 3,000 രൂപ രോഗിയായ അമ്മ റീത്ത ഡിസൂസ പിതാവ് മരിച്ചപ്പോൾ ബോംബെ ബ്രാഞ്ചിൽ നിക്ഷേപിച്ചു. മാനേജിംഗ് ഡയറക്ടർ മുതൽ ക്ളാർകുവരെയുള്ളവർ നടത്തിയ കൊള്ളകാരണം ബാങ്ക് ഇപ്പോൾ ലിക്വിഡേഷനിലായി. ഞങ്ങളുടെ ദരിദ്രകുടുംബത്തെ പട്ടിണിയിൽനിന്ന് രക്ഷിക്കുവാൻ എന്തെങ്കിലും സഹായം ചെയ്യണമെന്ന് ലിക്വിഡേറ്റർമാർക് ഒട്ടേറെ തവണ എഴുതി. ഒരു മറുപടിയും ഇല്ല. ഞങ്ങളുടെ ദരിദ്രകുടുംബം അങ്ങയുടെ ദയ ഉറ്റു നോക്കുകയാണ്. ഇതേക്കുറിച്ച് അന്വേഷിച്ച് അങ്ങ് ഞങ്ങളോട് നീതി കാട്ടുമോ?" ലാബെല്ലാ രാജന്റെയോ ആദിത്യ ജഗിയുടെയോ ബ്ളെയ്ഡ് കമ്പനിയിൽ പണം നിക്ഷേപിച്ച യുവതിയുടെ ഹൃദയരോദനമല്ല ഇത്. "നിഷ്ഠുരന്മാരായ" സംസ്ഥാന സർകാർ ഉദ്യോഗസ്ഥന്മാരുടെ നിർബന്ധംമൂലം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഭദ്രതനിക്ഷേപ പദ്ധതിയിൽ പണം നിക്ഷേപിച്ച ഏതെങ്കിലും നിരാലംബ കുടുംബത്തിന്റെ കദനകഥ മലയാള മനോരമയുടെ താളുകളിൽ നിന്നെടുത്തതുമല്ല. ഇന്ന് മാന്യതയുടെ മുഖപ്പട്ട കെട്ടി സത്യത്തിന്റെ മന്ത്രോച്ചാരണം ഇടമുറിയാതെ ഉരുവിടുന്ന മലയാള മനോരമയുടെ അധിപന്മാരുടെ ബാങ്കിൽ പണം നിക്ഷേപിച്ച കുടുംബത്തിന്റെ നിസ്സഹായതയുടെ

നീളുന്ന ചിത്രമാണിത്. മനോരമയുടെ മുൻകാല പത്രാധിപർ കെ സി മാമ്മൻമാപ്പിള ചെയർമാനായ ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് പൊളിഞ്ഞതോടെ പെരുവഴിയിൽ തള്ളപ്പെട്ട ആയിരക്കണക്കിന് കുടുംബങ്ങളിലൊന്നിന്റെ ദൈന്യാനുഭവമാണിത്. ഈ ചിത്രത്തിന് ഒരു മറുവശം കൂടിയുണ്ട്. ഇങ്ങിനെ ദയക്കും നീതിക്കുമായി അധികാരസ്ഥാനങ്ങളിൽ ആയിരക്കണക്കിന് ഹർജികൾ കുന്നുകൂടുമ്പോൾ ബാങ്കിൽനിന്ന് വൻതോതിൽ പണം വഴിതിരിച്ചുവിട്ട മാമ്മൻമാപ്പിളയും പുത്രൻ കെ എം മാത്യുവും (ഇപ്പോഴത്തെ മുഖ്യ പത്രാധിപർ) മറ്റുസന്തതിപരമ്പരകളും കോടീശ്വരന്മാരായി മാറുകയായിരുന്നു.

ബോംബെ ഗ്രാൻറ് റോഡിൽ ബലറാം സ്ട്രീറ്റിൽ (ഹൗസ് നമ്പർ 44) താമസിച്ചിരുന്ന റീത്ത ഡിസൂസയുടെ മകൾ മേരി എച്ച് ഡിസൂസ 1942 ഫെബ്രുവരി 28ന് തിരുവിതാംകൂർ ദിവാനയച്ചതാണ് മേൽ ഉദ്ധരിച്ച കത്ത് (ഫയൽ നമ്പർ 75142/സി എസ് 9–3–1942). ഈ കത്ത് എഴുതിയ മേരി ഇന്നു ജീവിച്ചിരിപ്പുണ്ടോ എന്നറിയില്ല. ബാങ്കിന്റെ തകർച്ച കാരണം പട്ടിണിക്കിരയായ രോഗിയായ കൂടപ്പിറപ്പുകളിൽ എത്രപേർ ജീവിച്ചിരിപ്പുണ്ടെന്നു വ്യക്തമല്ല. സെക്രട്ടറിയറ്റിൽ ചരിത്രരേഖകൾ സൂക്ഷിക്കുന്ന രഹസ്യ അറയിലെ ഫയലുകളിൽ ഒരു മേരിയുടെ മാത്രം കഥയല്ല ഉള്ളത്. കബളിപ്പിക്കപ്പെട്ട നിക്ഷേപകരുടെ കദനകഥകളായിരുന്നു അക്കാലത്ത് ഹജ്ജൂർ കച്ചേരിയിലേക്കു പ്രവഹിച്ചിരുന്ന സങ്കട ഹർജികളിൽ ഏറെയും. ഇരുപത്തിയഞ്ചും നൂറും രൂപ മുതൽ ലക്ഷങ്ങൾ വരെ നിക്ഷേപിച്ചവർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ബാങ്കിന്റെ ചിറയിൻകീഴ് ശാഖയിൽ പണം നിക്ഷേപിച്ച തോന്നയ്ക്കൽ അധികാരത്തിൽ വയിലൂർ പിള്ളവീടുമുറിയിൽ ശാസ്തവട്ടത്തു പുത്തൻമഠത്തിൽ എം ശങ്കരനാരായണൻ പോറ്റിയുടെ സങ്കടഹർജിയിൽ (1939 ജൂലൈ 26) പതിച്ച ഒരു ചക്രത്തിന്റെ കോടതിമുദ്ര അര നൂറ്റാണ്ടു പഴകിയിട്ടും ഇപ്പോഴും പുതുമ മാഞ്ഞിട്ടില്ല.

ബാങ്ക് തകർച്ച അനേകം കുടുംബങ്ങളുടെ ജീവിത ഭദ്രതക്ക് ഇടിത്തീയായി. തിരുവനന്തപുരത്തെ ഹജ്ജൂർ കച്ചേരിയിൽ മാത്രമല്ല മഹാരാജാവിനും ദിവാനും മദിരാശിയിലെ വൈസ്രോയിക്കും ബോംബെയിലെയും മദിരാശിയിലെയും റിസർവ് ബാങ്ക് ആപ്പീസുകളിലേക്കും നിക്ഷേപകരുടെ സങ്കടഹർജികൾ പ്രവഹിച്ചു. എന്തിനേറെ, കത്തോലിക്ക ബിഷപ്പും കൊല്ലം നെരോണ കോൺവെൻറിലെ കന്യാസ്ത്രീകൾപോലും ബാങ്കിൽ ലിക്വിഡേറ്ററെ വെക്കണമെന്ന് കൊല്ലം മജിസ്ട്രേട്ട് കോടതിയിൽ ഹർജി ഫയൽ ചെയ്തു. (തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ് വീക്കിലി സീക്രട്ട് ബുള്ളറ്റിൻ സി ഐ സി റിപ്പോർട്ട് 1938 ജൂൺ 30) നാലുകോടി രൂപയുടെ മൂലധനത്തിന്റെ ഈടുവെപ്പുമായി ജന്മമെടുത്ത് ബ്രിട്ടീഷ് ഇന്ത്യക്കകത്തും പുറത്തും ചുരുങ്ങിയ കാലംകൊണ്ട് വേരോട്ടമുണ്ടാക്കിയ ട്രാവൻകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്ക് പൊടുന്നനെ തകർച്ചയിലേക്ക് മുതലക്കൂപ്പ് കുത്തുമെന്ന് ആരും കരുതിയില്ല. പെട്ടെന്ന് അത് സംഭവിച്ചു. പടു കൂറ്റൻ ബാങ്കായി ഉയർന്നതിന്റെ ഹുങ്കിൽ നിക്ഷേപകരുടെ പലിശതോത് പൊടുന്നനെ വെട്ടിക്കുറച്ചതോടെ ബാങ്കിന്റെ ധന ധമനികൾ കിതച്ചുതുടങ്ങി. നിക്ഷേപങ്ങൾക്കുള്ള പലിശ നാലുശതമാനമാക്കി വെട്ടിക്കുറച്ചപ്പോൾ വായ്പക്ക് 16 ശതമാനംവരെ പലിശ ഈടാക്കി. അസംതൃപ്തരായ നിക്ഷേപകർ പണം പിൻവലിച്ചു തുടങ്ങിയപ്പോൾ ബാങ്കിന്റെ അസ്ഥിവാരംതന്നെ ഇളകി. മൂന്നുമാസം പ്രായമെത്തിയപ്പോൾ തന്നെ പല പ്രധാന ബ്രാഞ്ചുകളിലും ആപത്സൂചന കണ്ടു. 1938 ഏപ്രിൽ മാസത്തോടെ നിക്ഷേപങ്ങൾ തുരുതുരാ ബാങ്കിൽനിന്ന് ഒഴുകിപ്പോയി. ഏ

പ്രിൽ ഒമ്പതിനും ഇരുപതിനും ഇടക്ക് മാത്രം 65 ലക്ഷം രൂപ പിൻവലിക്കപ്പെട്ടു. (ന്യൂദൽഹി സെൻട്രൽ ആർക്കൈവ്സ് ഫയൽ നമ്പർ 330 പി (Sect) 1938.)

തിരുവിതാംകൂറിൽ തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ഉത്തരവാദഭരണ പ്രക്ഷോഭത്തിന്റെ സാമ്പത്തിക പിൻബലം ഈ ബാങ്ക് ആണ് എന്ന് ദിവാൻ സി പി രാമസ്വാമി അയ്യർക്കുണ്ടായ ധാരണ തകർച്ചക്ക് ആക്കംകൂട്ടി. ബാങ്കിന്റെ അസ്ഥിവാരം ഇളകിയ തഞ്ചം നോക്കി ബാങ്കിനെ തരിപ്പണമാക്കാൻ നിഷ്ഠൂരനായ സി പി രാമസ്വാമി അയ്യർ എല്ലാ കുതന്ത്രങ്ങളും പയറ്റി. ഇതു കണ്ട് മാമ്മൻമാപ്പിള പതറി. മലയാള മനോരമ പത്രത്തിന് ആദ്യം താക്കീത് കിട്ടിയപ്പോൾ സ്വീകരിച്ച സമീപനം തന്നെ ബാങ്കിന്റെ കാര്യത്തിലും മാമ്മൻമാപ്പിള അനുവർത്തിച്ചു "പത്രം എങ്ങിനെ നടത്തണമെന്ന് വ്യക്തമായി നിർദേശിച്ചാൽ അതനുസരിക്കാമെന്ന്" ചീഫ് സെക്രട്ടറിക്ക് രേഖാമൂലം എഴുതിക്കൊടുത്ത് മുമ്പ് തിരുതാം പുറത്തുകാട്ടിയ മാമ്മൻമാപ്പിള "ദിവാന് ഇഷ്ടമുള്ളവരെ കൊണ്ട് ബാങ്ക് നടത്തിച്ചുകൊള്ളാൻ" തീറെഴുതിക്കൊടുത്തു. പത്രവും ബാങ്കും സ്വന്തം വ്യവസായ സാമ്രാജ്യത്തിൽനിന്ന് എന്നെന്നേക്കും അടർന്നുപോകരുതെന്നേ മാമ്മൻമാപ്പിളക്ക് നിർബന്ധമുണ്ടായിരുന്നുള്ളു.

ദിവാന്റെ കോപം ശമിപ്പിക്കുന്നതിന് മാമ്മൻമാപ്പിള മുട്ടാത്ത വാതിലുകൾ ചുരുക്കം. വൈസ്രോയിയെയും ബ്രിട്ടീഷ് ഗവർമെണ്ടിലും വരെ സ്വാധീനം ചെലുത്തി. ബാങ്കിന്റെ ഡയറക്ടർകൂടിയായ ധനാഢ്യ ടി ആൻേറഴ്സൺ, കുത്തക വ്യവസായി സർ ഫ്രെഡറിൽ ജയിംസ് എന്നീ സായിപ്പന്മാർ വഴിയും മാമ്മൻമാപ്പിള ദിവാനിൽ സമ്മർദം ചെലുത്തി നോക്കി. ആൻേറഴ്സൺ 1938 ജൂൺ 15ന് രാവിലെ ദിവാൻ സി പി രാമസ്വാമി അയ്യരെ കണ്ട് ബാങ്ക് തകർന്നുപോകാതിരിക്കാനുള്ള പോംവഴി ആരാഞ്ഞു. ഈ പ്രതിസന്ധി മുറിച്ചുകടക്കാൻ ദിവാൻവെച്ച നിർദേശം കെ സി മാമ്മൻ മാപ്പിളയും കൂട്ടു കച്ചവടക്കാരും വള്ളിപുള്ളിവിടാതെ സ്വീകരിച്ചു. നിലവിലുള്ള ഡയറക്ടർ ബോർഡ് രാജിവെച്ച് പുതിയ ബോർഡ് രൂപീകരിക്കുക എന്നതായിരുന്നു ദിവാന്റെ നിർദേശം. 1938 ജൂൺ 17ന് രാത്രി ഏഴു മണിക്ക് മദിരാശിയിൽ ചേർന്ന ബാങ്ക് ഡയറക്ടർബോർഡ് യോഗം മാമ്മൻമാപ്പിളയുടെയും സി പി മാത്തന്റെയും മറ്റും രാജി സ്വീകരിച്ചു. ഈ വിവരം ദിവാനെ അറിയിച്ച് പകരം ദിവാന് ഇഷ്ടമുള്ളവരെ നോമിനേറ്റു ചെയ്യാൻ തീരുമാനിച്ചു. ബാങ്കിന്റെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കാൻ മാമ്മൻ മാപ്പിളയുടെ മകൻ കെ എം ഈപ്പനെയും ചുമതലപ്പെടുത്തി (തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ്, വീക്കിലി സീക്രട്ട് ബുള്ളറ്റിൽ 1938 ജൂൺ). ബാങ്കിനോട് തിരുവിതാംകൂർ സർക്കാരിന് ശത്രുതയില്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ മഹാരാജാവിൽ നിന്നും ദിവാനിൽ നിന്നും പ്രസ്താവന വാങ്ങാൻ മാമ്മൻമാപ്പിള കയറിയിറങ്ങി നടന്നെങ്കിലും ഫലമുണ്ടായില്ല. മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യരേയും മറ്റും നോമിനേറ്റ് ചെയ്ത് ദിവാൻ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുമെന്ന പ്രത്യാശയും അസ്തമിച്ചു. ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട ബാങ്കിനെ രക്ഷിക്കാൻ ഈ പൊടിക്കൈകൾകൊന്നും കഴിയില്ലെന്ന് ദിവാനും ബോധ്യപ്പെട്ടു. പണം തിരിച്ചു കിട്ടാനുള്ള നിക്ഷേപകരുടെ പരക്കം പാച്ചിൽ കോലാഹലങ്ങൾക് വഴിയൊരുക്കിയതോടെ ജൂൺ 21ന് ബാങ്ക് പൂട്ടി. കൊട്ടും കുരവയുമായി തുടങ്ങിയ ബാങ്കിന് പത്തുമാസത്തെ ആയുസ്സേ ഉണ്ടായുള്ളു.

ബാങ്ക് പൂട്ടുമ്പോൾ അര കോടിയിലേറെ രൂപയുടെ സ്വർണപ്പണ്ട

ങ്ങൾ ബാങ്കിൽ ഉണ്ടായിരുന്നു. ഒന്നേകാൽ കോടിയോളം രൂപ നിക്ഷേപകർക്ക് മടക്കിക്കൊടുത്തെങ്കിലും പണം നഷ്ടപ്പെട്ട ആയിരക്കണക്കിനാളുകൾ, ഇന്ന് ബ്ലേയ്ഡു കമ്പനികൾക്ക് മുന്നിലെന്നപോലെ തടിച്ചു കൂടി കോലാഹലം കൂട്ടി. നേരത്തെ തന്നെ ചില ബ്രാഞ്ചുകളിൽ പണപ്പെട്ടി കാലിയായിരുന്നു. ആലപ്പുഴ ബ്രാഞ്ചിൽ നിന്ന് പള്ളിയുടെയും പി രാജഗോപാല റെഡ്ഡിയുടെയും പണം ഒഴികെ എല്ലാം പിൻവലിച്ചതായി മെയ് ഒന്നിന് സി ഐ ഡി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ ഉണ്ടായിരുന്ന മാമ്മൻമാപ്പിള കൊച്ചി സർക്കാരിൽ നിന്ന് പണം കിട്ടുമോ എന്നറിയാൻ കൂന്നൂർ ഷൺമുഖം ചെട്ടിയാരെ കാണാൻ പോയതായും ഇതേ റിപ്പോർട്ടിൽ കാണാം. (തിരുവനന്തപുരം സെൻട്രൽ ആർകൈവ്സ്, വീക്കിലി സീക്രട്ട് ബുള്ളറ്റിൽ 1938 മെയ് ഒമ്പത്, സി ഐ ഡി റിപ്പോർട്ട്) ബാങ്ക് പൂട്ടിയതോടെ ബോംബെ, മദിരാശി, പുതുക്കോട്ട, സിലോൺ തുടങ്ങിയ സ്ഥലങ്ങളിൽ ഇതിനെതിരെ കോടതിയിൽ ഹർജികൾ കുന്നുകൂടി. ഇതേ തുടർന്ന് ബാങ്കിലുള്ള പണം, സ്വർണം, പ്രോമിസറിനോട്ട് എന്നിവ പരിശോധിച്ച് തിട്ടപ്പെടുത്താൻ മദിരാശി ഹൈക്കോടതി താൽകാലിക ലിക്വിഡേറ്ററെ നിയമിച്ചു. ബാങ്ക് അധികൃതരുടെ ഹർജി പരിഗണിച്ചായിരുന്നു ഇത്. നിക്ഷേപകർ ഇതേ ആവശ്യം ഉന്നയിച്ച് ബോംബെ ഹൈക്കോടതിയിൽ നൽകിയിരുന്ന ഹർജിക്കെതിരെ ബാങ്കിനുവേണ്ടി കോടതിയിൽ ഹാജരായത് പാകിസ്ഥാൻ രാഷ്ട്രസ്ഥാപകൻ മുഹമ്മദാലി ജിന്നയായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ ബ്രാഞ്ചുകളിൽ താൽകാലിക ലിക്വിഡേറ്ററെ നിയോഗിച്ചുകൊണ്ട് മദിരാശി ഹൈക്കോടതി തീരുമാനമെടുത്തെങ്കിലും തിരുവിതാംകൂറിൽ കൊല്ലം കോടതി ആർ എഫ് വിഷാർട്ട് സായിപ്പിനെയായിരുന്നു ലിക്വിഡേറ്ററായി നിയോഗിച്ചത്. റിസർവ് ബാങ്ക് ഉദ്യോഗസ്ഥന്മാരും ലിക്വിഡേറ്റർമാരും നടത്തിയ അന്വേഷണത്തിൽ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നു. ബാങ്കിലെ നിക്ഷേപങ്ങൾ സ്വന്തം വ്യവസായ സാമ്രാജ്യം വിപുലപ്പെടുത്താൻ കെ സി മാമ്മൻമാപ്പിളയും മറ്റ് ഡയറക്ടർമാരും പണം വഴിതിരിച്ചു വിട്ടിതിന്റെ ഉള്ളറ രഹസ്യങ്ങൾ ഒന്നൊന്നായി വെളിച്ചം കണ്ടു.

ഇതിനിടെ ബാങ്ക് തകർത്തത് ദിവാൻ സുറിയാനി ക്രിസ്ത്യാനികളോട് പക വീട്ടിയതാണെന്ന് ആരോപിച്ച് വൈസ്രോയിയുടെ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റ് ജോയിന്റ് സെക്രട്ടറി സി ഡി ഹെർബർട്ടിന് ജൂൺ 24നും (ന്യൂദൽഹി സെൻട്രൽ ആർകൈവ്സ്, മൈക്രോ ഫിലിം ഡി എൻ ഒ 2229 പി/38) ജൂൺ 28നും (ന്യൂദൽഹി ആർക്കൈവ്സ് മൈക്രോ ഫിലിം ഡി ഒ ലറ്റർ നമ്പർ സി/36/38 ചില പരാതികൾ തിരുവിതാംകൂറിൽ നിന്നു ലഭിച്ചു. തിരുവിതാംകൂറിലെ അസ്വസ്ഥതകളെക്കുറിച്ച് മദിരാശി റസിഡന്റ് സി പി സ്ക്രീൻ വൈസ്രോയിക്കയച്ച റിപ്പോർട്ടിൽ ബാങ്കിന്റെ തകർച്ചയെ കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്:

"ബാങ്ക് ഡയറക്ടർമാരെ ഒന്നോ രണ്ടോ വർഷം കൂടി തുടരാൻ അനുവദിച്ചിരുന്നെങ്കിൽ രണ്ടരകോടി രൂപയുടെ സ്ഥാനത്ത് അഞ്ചുകോടി രൂപയെങ്കിലും അമുക്കുമായിരുന്നു. കഴിഞ്ഞ ഏപ്രിലിൽ ബാങ്കിലെ നിക്ഷേപങ്ങൾ പിൻവലിച്ചതിനുപിന്നിൽ സർ സി പി രാമസ്വാമി അയ്യരുടെ കൈ ഇല്ല. എന്നാൽ ഈ പിൻവലിക്കൽ പ്രവണത തുടരാൻ തീർച്ചയായും അദ്ദേഹം കഴിവിന്റെ പരമാവധി നോക്കിയിട്ടുണ്ട്" (ന്യൂദൽഹി സെൻട്രൽ ആർക്കൈവ്സ് ഫയൽ നമ്പർ 739 പി (എസ്)/38 പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റ് പി ബ്രാഞ്ച്).

ബാങ്കിന്റെ തകർച്ചക്കു പിന്നിൽ ദിവാൻ രാമസ്വാമി അയ്യരുടെ

കൈയാണെന്ന് കുറ്റപ്പെടുത്തിക്കൊണ്ട് കെ സി മാമ്മൻമാപ്പിള ഇറക്കിയ ലഘുലേഖ (ആരുടെ കൈ?) ഏറെ വിവാദത്തിനിടയാക്കി. സ്റ്റേറ്റ് കോൺഗ്രസ് ആപ്പീസിലെ പാചകക്കാരൻ അഗസ്റ്റിൻ റബലിന്റെ വീട്ടിൽ (ചാത്തർനാട്) റെയ്ഡ് നടന്നപ്പോൾ ഈ ലഘുലേഖ കിട്ടിയതായി 1940 ജൂലൈ 30 ന്റെ സി ഐ ഡി പൊലീസ് റിപ്പോർട്ടിൽ പറയുന്നുണ്ട്. (തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ്, വീക്കിലി സീക്രട്ട് ബുള്ളറ്റിൻ). ദിവാനെതിരായ ഈ കോലാഹലങ്ങളൊക്കെ പുറത്തു നടക്കുമ്പോഴും മാമ്മൻ മാപ്പിളയും അദ്ദേഹത്തിന്റെ ദൂതന്മാരും ദിവാനെ പ്രീണിപ്പിക്കാനുള്ള എല്ലാ തന്ത്രങ്ങളും അണിയറയിൽ പരീക്ഷിക്കുകയായിരുന്നു. എന്തിനേറെ സ്റ്റേറ്റ് കോൺഗ്രസ് ഉന്നയിച്ച അടിയന്തരാവശ്യങ്ങളടങ്ങിയ നിവേദനം പോലും ബാങ്കിന്റെ രക്ഷക്കായി മുക്കിക്കളയാൻ മാമ്മൻ മാപ്പിളയും ദൂതന്മാരും മടിച്ചില്ല. ദിവാൻ സി പി രാമസ്വാമി അയ്യർ 1938 ഒക്ടോബർ 31ന് റസിഡന്റ് സി പി സ്ക്രീനിന് അയച്ച രഹസ്യ കത്തിലെ പ്രസക്ത ഭാഗം കാണുക:

"സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡണ്ട് 1938 മെയ് 30ന് മഹാരാജാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക് മെമ്മോറിയലും മെമ്മോറാണ്ടവും സമർപ്പിച്ചു. എം എം വർകി വഴിക്ക് ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിന്റെ ചെലവിൽ ഇതിന്റെ കോപ്പികൾ കൊച്ചിയിൽ നൂറുകണക്കിന് അച്ചടിച്ചിരുന്നുവെന്ന കാര്യം ആർകും അറിയുമായിരുന്നില്ല. ബാങ്കിന് ആവശ്യമായ സഹായം നൽകുകയാണെങ്കിൽ മെമ്മോറിയൽ അച്ചടിച്ചാലും അത് പ്രസിദ്ധീകരിക്കുന്നത് ബാങ്ക് അധികൃതർ തടഞ്ഞുവെപ്പിച്ചുകൊള്ളാമെന്ന് മെയ് മധ്യത്തിൽ കെ സി മാമ്മൻമാപ്പിള, സി പി മാത്തൻ, എന്നിവർ എഫ് ഇ ജെയിംസുമായി നടത്തിയ കൂടിക്കാഴ്ചയിൽ പറഞ്ഞതായ വിവരം മാത്രമേ ട്രാവൻകൂർ ഗവർമെണ്ടിനറിവുണ്ടായിരുന്നുള്ളു. ജയിംസ് ഇക്കാര്യം അറിയിച്ച് എനിക്ക് എഴുതിയത് മെയ് 13നാണ്. ഈ നിർദേശം ഞാൻ നിരാകരിച്ചു. ഇത് വിലപേശലാണ്...'

(ന്യൂദൽഹി സെൻട്രൽ ആർകൈവ്സ് ഫയൽ നമ്പർ 476– P(3)/38 തിരുവിതാംകൂറിൽ പരിഷ്കരണങ്ങൾകുവേണ്ടിയുള്ള പ്രക്ഷോഭം പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റ് P ബ്രാഞ്ച്)

ഒന്നേകാൽകോടിയോളം രൂപയുടെ നിക്ഷേപം ബാങ്കിൽ നിന്ന് ഒഴുകിപ്പോയ നിർണായക ഘട്ടത്തിലാണ് മാമ്മൻമാപ്പിള ദിവാന്റെ അടുപ്പക്കാരനായ എഫ് ഇ ജയിംസുമായി ഈ വിലപേശൽ നടത്തിയത്. ഊട്ടിയിലെ പ്രമുഖ തോട്ടം ഉടമയായ ജയിംസ് തോട്ടം ഉടമകളുടെ അസോസിയേഷൻ സെക്രട്ടറി കൂടിയായിരുന്നു. ദിവാൻ രാമസ്വാമി അയ്യർ, റസിഡണ്ട് സ്ക്രീൻ എന്നീ വമ്പന്മാരുടെ ഉറ്റ ചങ്ങാതിയായിരുന്നു ജയിംസ്. നിക്ഷേപകർക്ക് നൽകാൻ സർകാർ അടിയന്തരമായി കുറെ പണം ബാങ്കിൽ നിക്ഷേപിച്ചു സഹായിച്ചാൽ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രക്ഷോഭം നിർവീര്യമാക്കി കൊടുക്കാമെന്നായിരുന്നു മാമ്മൻമാപ്പിള നൽകിയ രഹസ്യ ഉറപ്പ്. പക്ഷെ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിന്റെ കടിഞ്ഞാൺ മാമ്മൻമാപ്പിളയുടെ കയ്യിലല്ലെന്ന് തിട്ടമുണ്ടായിരുന്ന ദിവാൻ ഈ വിലപേശലിന് വഴങ്ങിയില്ല. എഫ് ഇ ജയിംസ് വഴി റസിഡന്റ് സ്ക്രീനിനെ സ്വാധീനിക്കാനായി മാമ്മൻമാപ്പിളയുടെ അടുത്ത ശ്രമം. ഉഷ്ണകാലമായതിനാൽ ഊട്ടിയിൽ കൂന്നൂരിൽ താമസിക്കുകയായിരുന്നു റസിഡന്റ്. തോട്ടം ഉടമകൂടിയായ ജയിംസ് കൂന്നൂരിൽ ഉണ്ടെന്നറിഞ്ഞ് മാമ്മൻമാപ്പിള രഹസ്യമായി കൂന്നൂരിലേക്ക് തീവണ്ടി കയറി. ആ യാത്രയുടെ ദുഃഖകുനം മാമ്മൻമാപ്പിളതന്നെ ജാള്യത്തോടെ വിവരിക്കുന്നു:

"കെ സി ഈപ്പനും ഞാനും എന്റെ സീമന്തപുത്രനായ കെ എം ചെറിയാനും ചേർന്ന് വിശ്വസ്തനായ ഒരു ടൈപ്പിസ്റ്റിനെയും കൂട്ടി. ആരുമറിയാതെ കുന്നൂരിലേക്ക് വണ്ടികയറി. റസിഡൻറിന് സമർപ്പിക്കേണ്ട മെമ്മോറാണ്ടവും പ്രമാണങ്ങളും ട്രയിനിൽവെച്ചു തയ്യാറാക്കാനായിരുന്നു ടൈപ്പിസ്റ്റിനെ ഒന്നിച്ചു കൂട്ടിയത്. ഞങ്ങൾ ട്രയിനിൽ ഒന്നാം ക്ളാസ് മുറിയിൽ സ്ഥലം പിടിച്ചു. അപ്പോൾ സി പി രാമസ്വാമി അയ്യരുടെ പുത്രനായ പട്ടാമിയും എത്തി. അടുത്ത കമ്പാർട്ടുമെണ്ടിൽ കയറി. ഞങ്ങൾ രഹസ്യമായി പ്രമാണങ്ങളും മറ്റും തയ്യാറാക്കി. പട്ടാമി വഴിക്കെവിടെയെങ്കിലും ഇറങ്ങും എന്ന് ആശിച്ചു. പട്ടാമി പക്ഷേ, കുന്നൂരാണ് ഇറങ്ങിയത്. അതും പോരാഞ്ഞിട്ടെന്നപോലെ, അദ്ദേഹത്തെ സ്വീകരിക്കാൻ വന്നതു ഞങ്ങൾ കൂട്ടു പിടിക്കാൻ ഉദ്ദേശിച്ചിരുന്ന സർ എഫ് ഇ ജയിംസ് ആയിരുന്നു. അവർ ഒന്നിച്ചുപോകുന്നത് കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ മാനസിക വികാരങ്ങൾ വിവരിക്കേണ്ടതില്ലല്ലോ. ഏതായാലും ഞങ്ങൾ അന്നു വൈകിട്ടു സർ എഫ് ഇ ജയിംസിനെ കണ്ടു. അദ്ദേഹം റസിഡണ്ടിന്റെ പേർക്ക് ഒരു എഴുത്ത് തന്നു. അദ്ദേഹത്തിന് ഗോൾഫ് കളിക്കാൻ പോകാനുള്ള ധൃതികൊണ്ട് സംഭാഷണം അവസാനിപ്പിച്ചു. ഞങ്ങൾ മടങ്ങി." (ബാങ്കിനെ രക്ഷിക്കാനുള്ള ശ്രമം—കെ സി മാമ്മൻമാപ്പിള—ജീവിത .സ്മരണകൾ പേജ് 201–202)

ദിവാൻ രാമസ്വാമി അയ്യരെയും സ്ക്രീനിനെയും പാട്ടിലാക്കാനുള്ള മാമ്മൻമാപ്പിളയുടെ മോഹങ്ങളെല്ലാം ഇതോടെ കരിഞ്ഞു. തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വമാകട്ടെ ഈ സംഭവത്തിൽ ഏകമനസ്സോടെ പ്രതികരിക്കാനും തയ്യാറായില്ല. മഹാത്മാഗാന്ധിയെ ഇടപെടുവിച്ച് പ്രശ്നം ദേശീയ ശ്രദ്ധയിലേക്ക് കൊണ്ടുവരാനുള്ള ശ്രമവും വിജയിച്ചില്ല. തിരുവിതാംകൂറിലെ കോൺഗ്രസ് നേതാക്കൾക്കെന്നപോലെ ഗാന്ധിജിക്കും ബാങ്കിന്റെ കാര്യത്തിൽ മാമ്മൻമാപ്പിളയുടെ അവകാശവാദങ്ങൾ പൂർണമായി അംഗീകരിക്കാൻ കഴിഞ്ഞില്ല. ദേശീയ പ്രസ്ഥാനത്തിന്റെ വിജയത്തിന് പലർക്കും പലതും ത്യജിക്കേണ്ടി വരുമെന്ന് സൂചിപ്പിക്കുകയല്ലാതെ പരസ്യമായി ദിവാനെ കുറ്റപ്പെടുത്താൻ ഗാന്ധിജി വിസമ്മതിച്ചു. ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കളെക്കൊണ്ട് ഇടപെടുവിക്കാൻ കഴിയുന്നില്ലെന്ന് കണ്ടപ്പോൾ മാമ്മൻമാപ്പിള, 'തിരുവിതാംകൂറിൽ ക്രിസ്ത്യാനികളെ വേട്ടയാടുക'യാണെന്ന് ബ്രിട്ടനിലെ പാർലമെണ്ടംഗങ്ങൾക്ക് പല ദൂതന്മാർ വഴി കത്തുകൾ അയപ്പിച്ചു. ബോംബെ തുറമുഖട്രസ്റ്റിലെ ഇ കെ ഡാനിയൽ ഇംഗ്ളണ്ടിലെ റവറൻറ് ആർ ഡോറൻസെൻ എംപിക്ക് ഈ ക്രൂരതകളെക്കുറിച്ചെഴുതി. ഇതിന്റെ സത്യാവസ്ഥ ഇംഗ്ളണ്ടിലെ ഇന്ത്യൻ ആപ്പീസിൽ നിന്ന് ദൽഹിയിലെ ക്രൗൺ റപ്രസന്റേറ്റീവിനോട് എഴുതി ചോദിച്ചു (ന്യൂദൽഹിയിലെ സെൻട്രൽ ആർക്കൈവ്സ്, ഫയൽ നമ്പർ 147–പി (എസ്) പൊളിറ്റിക്കൽ ഡിപ്പാർട്ടുമെൻറ് പി ബ്രാഞ്ച്). പക്ഷെ ഇതിലും മാമ്മൻ മാപ്പിളക്ക് അനുകൂല നടപടി ഉണ്ടായില്ല.

മാമ്മൻ മാപ്പിളയുടെ വ്യവസായ സാമ്രാജ്യത്തിന്റെ ആണിക്കല്ലായിരുന്ന ബാങ്ക് ഉയിർത്തെഴുന്നേൽപിക്കാനുള്ള എല്ലാ ശ്രമങ്ങളും നിഷ്ഫലമായി. ഈ ബാങ്കിന്റെ തകർച്ചക്ക് കാരണം സി പി രാമസ്വാമി അയ്യരുടെ പക മാത്രമാണെന്നു മലയാള മനോരമയുടെ പുതിയ സാരഥികൾ ചരിത്രം ചമക്കുന്നുണ്ടെങ്കിലും മാമ്മൻ മാപ്പിളപോലും അത് പാടെ ശരിവെക്കില്ല. പണത്തിനുള്ള അത്യാർത്തികൊണ്ട് സ്വീകരിച്ചുപോയ ചില നടപടികളാണ് ഇതിന്റെ തകർച്ചക്ക് വഴിമരുന്നിട്ടതെന്ന് മാമ്മൻമാപ്പിള തുറന്നു സമ്മതിക്കുന്നതു കാണുക:

"ബാങ്ക് സംയോജനത്തെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ എന്തോ അസംതൃപ്തി തോന്നിയിരിക്കണം.....സംയോജനത്തിനുശേഷം എല്ലാ കാര്യങ്ങളും ശരിയായ രൂപത്തിൽ ഉറക്കുന്നതിനു മുമ്പായി തന്നെ ധൃതഗതിയിൽ വരുത്തിക്കൂട്ടിയ ഒരു പരിഷ്കാരമാണ് ദൂരവ്യാപകങ്ങളായ ഭവിഷ്യത്തുകൾ ഉളവാക്കുകയും ബാങ്കിന്റെ അധഃപതനത്തിന് പ്രധാന കാരണമായി ഭവിക്കുകയും ചെയ്തതെന്നാണെന്റെ അഭിപ്രായം. ബാങ്കിലെ ഡിപ്പോസിറ്റുകളുടെ പലിശ കുറച്ചതായിരുന്നു ഈ പരിഷ്കാരം.....

പ്രാരംഭ ഘട്ടങ്ങളിൽ തിരുവിതാംകൂർ നാഷണൽ ബാങ്ക് നിക്ഷേപകർക്ക് 9 ശതമാനം പലിശ കൊടുത്തുപോന്നിരുന്നു. എന്നാൽ ചിലപ്പോൾ നിക്ഷേപകരെ ആകർഷിക്കാൻ വേണ്ടി 12 ശതമാനംവരെ പലിശ കൊടുത്തിട്ടുമുണ്ട്. സംയോജനത്തിനുശേഷം ഈ ബാങ്ക് ഒരു വലിയ ബാങ്കിന്റെ നിലയിലേക്ക് ഉയർന്നു എന്ന മട്ടായപ്പോൾ പലിശ നിരക്ക് വലിയ ബാങ്കുകളുടെ സമ്പ്രദായത്തിൽ, അഞ്ച് ശതമാനം വരെ കുറക്കുകയും അൽപം കഴിഞ്ഞ് വീണ്ടും സ്വൽപം കുറവു വരുത്തുകയും ചെയ്തു. നാലുകോടി രൂപയുടെ സംയുക്തമൂലധനം ഉണ്ടായിരുന്നതിനാൽ പലിശ ഒരു ശതമാനം കുറച്ചാൽ തന്നെ വർഷത്തിൽ നാലുലക്ഷം കൂടിവന്നു. എത്ര വലിയ ബാങ്കിനെയും കടപുഴക്കി വീഴ്ത്താൻ മതിയായി ഈ പിൻവലിക്കൽ പ്രവാഹം. ഈ നിക്ഷേപം പിൻവലിക്കൽ പ്രസ്ഥാനം സർ സി പിയുടെ ദൃഷ്ടിയിൽപെട്ടപ്പോൾ, ബാങ്കിനെ എങ്ങനെയെങ്കിലും തകർകാൻ കാത്തിരുന്ന അദ്ദേഹം മറ മാറ്റി മുന്നോട്ടിറങ്ങി ആ സന്ദർഭത്തെ ശരിക്കും ഉപയോഗിച്ചു എന്നേയുള്ളു. അദ്ദേഹം അങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ തന്നെയും, മുൻപറഞ്ഞ പിൻവലിക്കൽ ചുഴലിബാങ്കിനെ അകപ്പെടുത്തിക്കളയാൻ പാടില്ലാത്തതല്ലായിരുന്നു എന്നാണ് എന്റെ വിശ്വാസം" (ജീവിതസ്മരണകൾ—ബാങ്കും ഇൻഷ്വറൻസും കെ സി മാമ്മൻ മാപ്പിള പേജ് 158, 159). കെ സി മാമ്മൻ മാപ്പിള കുറ്റബോധത്തോടെ ഈ അപരാധം ഏറ്റുപറഞ്ഞെങ്കിലും ഈ തിരിമറിയുടെ ഗുണഭോക്താവും 'സജീവസാക്ഷി' യുമായ ഇന്നത്തെ മനോരമ സാരഥി കെ എം മാത്യുവും വൈതാളികവൃന്ദവും ഇതിനും പുതിയ ഭാഷ്യം ചമച്ച് ആശ്വാസം കൊള്ളുന്നു.

9. കോടികൾ ചോർത്തി

ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിന്റെ പണം തിരിമറി നടത്തിയവരുടെ കൂട്ടത്തിൽ മലയാള മനോരമയുടെ ഇന്നത്തെ മുഖ്യപത്രാധിപർ കെ എം മാത്യുവും ഉണ്ട്. പിതാവ് ചെയർമാനായ ബാങ്കിൽനിന്ന് ഓഹരി കച്ചവടത്തിന് പണം എടുത്താൽ നിയമവും ചട്ടവും പാലിക്കേണ്ടതുണ്ടെന്ന് കെ എം മാത്യു യൗവനകാലത്ത് ഓർത്തിരിക്കില്ല. തോട്ടം ഉടമയുടെ മേൽവിലാസമായിരുന്നു അന്ന് മാത്യുവിന്. കാലചക്രം തിരിഞ്ഞപ്പോൾ പത്രാധിപത്യം ഏറ്റെടുത്തുവെന്നുമാത്രം. കെ എം മാത്യു നടത്തിയ തിരിമറിയുടെ പൂർണ ചിത്രം തിരുവനന്തപുരം ജില്ലാ മജിസ്ട്രേറ്റ് കോടതി രേഖകൾ മുതൽ വൈസ്രോയിയുടെ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെൻറിന്റെ ഫയലുകളിൽ വരെ ഇപ്പോഴും ഉണ്ട്. ബാങ്കിന്റെ ജോയിൻറ് ലിക്വിഡേറ്റർ ആർ എഫ് വിഷാർട്ട് മദിരാശി സെൻട്രൽ ആപ്പീസിലെ അക്കൗണ്ട്സ് ഡിപ്പാർട്ടുമെൻറ് സുപ്രണ്ട് എ കെ സാമ്പശിവൻ, റിസർവ്ബാങ്ക് സ്പെഷ്യൽ ആപ്പീസർ കെ എ ശിവശങ്കരൻ എന്നിവർ 1938 ഒക്ടോബർ 18ന് തിരുവനന്തപുരം ജില്ലാ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച റി

പ്പോർട്ടുകളിൽ മാത്യുവിന്റെ തിരിമറിയുടെ വിശ്വരൂപം കാണാം.

പൊളിഞ്ഞു കൊണ്ടിരുന്ന കമ്പനികളുടെ ഓഹരികൾ ബാങ്കിന്റെ പണം കൊടുത്തു വാങ്ങി. ആ ഓഹരികൾ ബാങ്കിന് തന്നെ ഈട് നൽകി പണം തിരിമറി നടത്തുന്ന മാഫിയാ മാതൃകയിലുള്ള തട്ടിപ്പ് ബാങ്കിംഗ് രംഗത്തെ പ്രതിഭാസമായിരുന്നു. ഓഹരികളുടെ വിലയിടിഞ്ഞാൽ നഷ്ടം മുഴുവൻ ബാങ്കിന്റെ തലയിൽ കെട്ടിവയ്ക്കും. ലാഭമായാൽ സ്വന്തം കീശയിലും. ബാങ്ക് നടത്തിപ്പുകാർക്കും കുടുംബാംഗങ്ങൾക്കും ഒരു കാലത്തും പണത്തിന് പഞ്ഞം വരില്ല. പണത്തിന് ഞെരുക്കമുണ്ടായാൽ ഏതെങ്കിലും ഇനത്തിൽ ബാങ്കിൽ നിന്ന് വായ്പയെടുത്ത് കാര്യം കാണും. വർഷങ്ങൾ കഴിഞ്ഞ് മടക്കി 'അടച്ചില്ലെങ്കിലും ഈ വമ്പൻ തുകകളൊന്നും കിട്ടാക്കടത്തിന്റെ പട്ടികയിൽ സ്ഥാനം പിടിക്കില്ല. എല്ലാ ബാലൻസ്ഷീറ്റിലും ഈ വമ്പൻ തുക വരവ് പ്രതീക്ഷിക്കുന്ന ഇനത്തിൽ വകയിരുത്തി ലാഭം പെരുപ്പിക്കും. ബാങ്കിംഗ് രംഗത്ത് കാൽനൂറ്റാണ്ടിലേറെ പയറ്റിതെളിഞ്ഞ കെ സി മാമ്മൻമാപ്പിളക്ക് ഈ വിദ്യകളെല്ലാം മനഃപാഠമായി.

ട്രാവൻകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്കിന്റെ ആദ്യ ബാലൻസ്ഷീറ്റ് തന്നെ തിരിമറികളുടെ കാന്തക്കൂടായിരുന്നു. 1937 ഡിസംബർ 31ന് പുറത്തിറക്കിയ ഈ ബാലൻസ്ഷീറ്റിൽ ലാഭം പെരുപ്പിച്ചുകാണിക്കാൻ ചെയർമാൻ കെ സി മാമ്മൻമാപ്പിള മക്കളായ കെ എം മാത്യൂ, കെ എം ജേക്കബ് എന്നിവരുടെ പേരിലും മാനേജിംഗ് ഡയറക്ടർ സി പി മാത്തൻ, മകൻ സി പൗലോസ് മാത്തന്റെ പേരിലും കൃത്രിമമായ ഇടപാടുകൾ ചമച്ചു. ബാലൻസ് ഷീറ്റ് തയ്യാറാക്കിയതിന്റെ ഏതാനും ദിവസം മുമ്പായിരുന്നു (ഡിസംബർ 23) ഈ തിരിമറികൾ. പൊളിഞ്ഞ ഒട്ടേറെ കമ്പനികളുടെ ഓഹരികൾ ബാങ്ക് നേരത്തെ പല പേരുകളിലായി വാങ്ങിക്കൂട്ടിയിരുന്നു. ഓഹരികളുടെ കമ്പോള വില ഇടിഞ്ഞതുകാരണം ബാങ്ക് വലിയ പ്രതിസന്ധിയിലായി. ഈ തഞ്ചത്തിൽ കുറെ ഓഹരികൾ മാമ്മൻ മാപ്പിള മക്കളായ കെ എം മാത്യുവിന്റെയും കെ എം ജേക്കബിന്റെയും പേരിലേക്ക് മാറ്റി പുതിയ വായ്പകളുടെ കൃത്രിമ കണക്ക് ചമച്ചു. സി പി മാത്തനാകട്ടെ മകൻ സി പൗലോസ് മാത്തന്റെ പേരിലായിരുന്നു ഈ കൃത്രിമം കാട്ടിയത്. ഈ കണക്കുകൾ ബാലൻസ് ഷീറ്റിൽ കാണിച്ചാൽ ലാഭത്തിന്റെ തോത് ഇടിയുമെന്നുള്ളതുകൊണ്ട് ഈ കൃത്രിമങ്ങൾ മൂടിവെച്ചു. പക്ഷേ ബാങ്ക് പൂട്ടിയതിനെ തുടർന്ന് നടന്ന അന്വേഷണം ഈ കൃത്രിമങ്ങൾ പുറത്തു കൊണ്ടുവന്നു.

ബാങ്കിന്റെ മദിരാശിയിലെ ഫ്ളവർബസാർ ബ്രാഞ്ച് 1937 ഡിസംബർ 23ന് 62,518 രൂപ 8 അണ 6 വിലയുള്ള ഓഹരികൾ വാങ്ങി കെ എം മാത്യുവിന് വായ്പനൽകുന്നതായി കൃത്രിമ രേഖ ഉണ്ടാക്കി. ഇതിൽ 38,936 രൂപ 10 അണ മാത്യുവിന്റെ പേരിൽ ഓഹരി വായ്പയാക്കി. ശേഷിക്കുന്ന 23,581 രൂപ 14 അണ 6 മാത്യുവിന്റെ തന്നെ പേരിൽ ആലപ്പുഴ ബ്രാഞ്ചിലേക്ക് മാറ്റിയതായും രേഖകളിൽ കാണിച്ചു. ഈ വായ്പക്ക് മാത്യു ഒരു ഈടും നൽകിയിരുന്നില്ല. മാത്രമല്ല ഓഹരി കച്ചവടത്തിലും ഒറ്റപൈസ ബാങ്കിൽ അടച്ചിരുന്നില്ല. ചില്ലിക്കാശിന്റെ പോലും ചെലവില്ലാതെ ഓഹരികളും വായ്പയും മാത്യു കൈക്കലാക്കി. മാത്യുവിന്റെ പേരിൽ ഒരു ആക്കൗണ്ടു പോലും ഇല്ലാത്ത ആലപ്പുഴ ബ്രാഞ്ചിലേക്ക് 23,581 രൂപ 14 അണ 6 കാശ് മാറ്റാൻ മദിരാശി ഫ്ളവർ ബസാർ ബ്രാഞ്ചിന് ധൈര്യം കിട്ടിയതും ചെയർമാന്റെ പുത്രന്റെ കൃത്രിമ ഇടപാട് ആയതുകൊണ്ടു മാത്രം. പക്ഷെ ആലപ്പുഴ ബ്രാഞ്ച് ഉദ്യോഗസ്ഥൻമാർ ഈ പണം സ്വീകരിക്കാൻ ആകില്ലെന്ന് കാണിച്ച് മദിരാശി ബ്രാഞ്ചിനെഴുതി. രേഖകൾ കോടതി

യിലെത്തിയപ്പോൾ ആലപ്പുഴ ബ്രാഞ്ച് ഉദ്യോഗസ്ഥൻമാർ കൈമലർത്തി. മാത്യുവിന്റെ തിരിമറി ഇതിൽ മാത്രമായി ഒതുങ്ങുന്നില്ല. മാത്യുവിന് 62,518 രൂപ എട്ട് അണ ആറ് അനുവദിച്ചതുതന്നെ ഓഹരികളുടെ കമ്പോള വില അനുസരിച്ചായിരുന്നില്ല. ഈ ഓഹരികൾക്ക് ഏറിയാൽ അന്നത്തെ കമ്പോള വില അനുസരിച്ച് 50,630 രൂപ 12അണയെ വില ഉണ്ടാകൂ എന്ന് കോടതിയിൽ പതിനെട്ടാം സാക്ഷി കെ എ ശിവശങ്കരൻ (റിസർവ് ബാങ്ക് സ്റ്റേഷൻ ആപ്പീസർ) വെളിപ്പെടുത്തിയതോടെ മറ്റൊരു തട്ടിപ്പും വെളിച്ചത്തായി. ഓഹരി വിലയുടെ 50 ശതമാനം വരെ മാത്രമേ സാധാരണ വായ്പ അനുവദിക്കാറുള്ളു. മാത്യുവിനാകട്ടെ ഓഹരിവിലയുടെ നൂറു ശതമാനവും ബാങ്ക് നൽകി. കമ്പോള വിലയിലുണ്ടായ ഇടിവുകാരണം 11,887 രൂപ 12 അണ 6 ബാങ്ക് നഷ്ടം സഹിച്ചു. റിസർവ് ബാങ്ക് ഉദ്യോഗസ്ഥൻമാരും ലിക്വിഡേറ്റർമാരും ആവശ്യപ്പെട്ടതനുസരിച്ച് പൊലീസ് കെ എം മാത്യുവിനെ പിടികൂടി ചോദ്യം ചെയ്തു.

ബാങ്കിന്റെ ഓഡിറ്റർമാരായ വി വടിവേൽപിള്ള, ജേക്കബ്തര്യൻ എന്നിവരെയും മറ്റു ചിലരെയും ചോദ്യം ചെയ്യാൻ പറ്റിയ ഒരു പൊലീസ് ഉദ്യോഗസ്ഥനെ വിട്ടുതരണമെന്ന് 1939 മെയ് 20ന് ഔദ്യോഗിക ലിക്വിഡേറ്റർ ആർ എഫ് വിഷാർട് തിരുവിതാംകൂർ ദിവാനോട് ആവശ്യപ്പെട്ടിരുന്നു. പൊലീസ് സർവീസിൽ മർദനങ്ങൾക്ക് പേരെടുത്തിരുന്ന ചന്ദ്രശേഖരൻ നായരുടെ (പിൽക്കാലത്ത് പൊലീസ് ഐ ജി. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഇദ്ദേഹത്തിന്റെ പേരിലാണ് നാമകരണം ചെയ്തിരിക്കുന്നത്) സർവീസ് ഇതിന് വിട്ടുകൊടുത്താൽ നന്നായിരിക്കുമെന്ന് ദിവാൻ 1939 മെയ് 23ന് പൊലീസ്ഐ ജിയോട് നിർദേശിച്ചു. പക്ഷെ തിരുവനന്തപുരം പൊലീസ് സൂപ്രണ്ട് പി കൃഷ്ണപിള്ളയുടെയും ഇൻസ്പെക്ടർ സത്യവാഗീശ്വര അയ്യരുടേയും സേവനമാണ് സർകാർ വിട്ടുകൊടുത്തത്.(തിരുവനന്തപുരം സെക്രട്ടറിയേറ്റ് ഇംഗ്ളീഷ് റിക്കാർഡ്സ് സെക്ഷൻ D.O No. 346/39 C.S)

മദിരാശി ക്രിസ്ത്യൻ കോളേജിൽ കെ എം മാത്യു ബി എ അവസാന വർഷം പരീക്ഷ എഴുതിക്കൊണ്ടിരിക്കെയായിരുന്നു പിതാവ് കെ സി മാമ്മൻമാപ്പിളയും മറ്റും ബാങ്ക് കേസിൽ അറസ്റ്റിലായത്. പരീക്ഷ കഴിഞ്ഞ് തിരുവനന്തപുരത്തെത്തിയ കെ എം മാത്യു ജയിലിൽ കഴിയുന്ന പിതാവിന് മികച്ച ഭക്ഷണവും മറ്റും പുറത്തു നിന്ന് എത്തിക്കുന്നതിൽ വ്യാപൃതനായിരുന്നു. ഇൻസ്പെക്ടർ സത്യവാഗീശ്വര അയ്യരും മറ്റൊരു പൊലീസുകാരനും നന്തൻകോട്ടുള്ള വസതിയിൽ നിന്ന് കെ എം മാത്യുവിനെ പിടികൂടി. ബാങ്കിന്റെ മദിർാശി ഫ്ളവർ ബസാർ ബ്രാഞ്ചിൽ നടത്തിയ തിരിമറികളെക്കുറിച്ച് വിവരം ശേഖരിക്കാനായിരുന്നു ഇത്. ഈ സംഭവം മാമ്മൻമാപ്പിള അനുസ്മരിക്കുന്നത് ഇങ്ങനെയാണ്: "ഒരു ദിവസം എന്റെ മകൻ കെ എം മാത്യുവിനെ ഒരു പൊലീസ് ഉദ്യോഗസ്ഥനും സി ഐ ഡിയും കൂടി വീട്ടിൽ വന്നു വിളിച്ചിറക്കി കാറിൽ കയറ്റി കൊണ്ടുപോയി. വഴിക്കുവെച്ച് അനാവശ്യമായി അനേകം ചോദ്യങ്ങൾ ചോദിക്കുകയും അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു." (അന്തരംഗങ്ങൾ – കെ സി മാമ്മൻ മാപ്പിള ജീവിതസ്മരണകൾ പേജ് 320)

ബോംബെയിൽ കെ എം ജേക്കബിന്റെ പേരിലും ഓഹരിക്കച്ചവടത്തിൽ കൃത്രിമം നടന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് സ്റ്റീൽ കമ്പനിയുടെ ഓഹരി ഇനത്തിൽ 4,65,000 രൂപയായിരുന്നു ജേക്കബിന്റെ പേരിൽ വായ്പ കൊടുത്തത്. ഇതിന് ഈട് വാങ്ങിയിരുന്നില്ല. എന്നാൽ ബോംബെ കമ്പോളത്തിൽ ഈ ഓഹരികൾക്ക് അന്ന് 3,29,960 രൂപ രണ്ട് അണ മാത്രമേ വില

ഉണ്ടായിരുന്നുള്ളൂ. ഇതിന്റെ ഫലമായി 1,35,039 രൂപ 14 അണ ബാങ്കിന് നഷ്ടം വന്നു. കൽകത്ത ബ്രാഞ്ചിലാകട്ടെ ബാങ്ക് മാനേജിംഗ് ഡയറക്ടർ സി പി മാത്തന്റെ മകൻ സി പൗലോസ് പോത്തന്റെ പേരിലായിരുന്നു കൃത്രിമം. പക്ഷെ ഒരു പ്രോമിസറി നോട്ടെങ്കിലും ഈട് വാങ്ങി വെയ്ക്കാൻ കൽകത്ത ബ്രാഞ്ച് മുതിർന്നു. എങ്കിലും ഓഹരി വിലയുടെ ഇടിവ് കാരണം 45,336 രൂപ ഈ ഇടപാടിലും ബാങ്കിന് നഷ്ടം വന്നു. മാമ്മൻമാപ്പിളയുടെയും രണ്ട് മക്കളുടെയും സി പി മാത്തന്റെ മകന്റെയും പേരിൽ ഒരേദിവസം ആസൂത്രിതമായി നടത്തിയ ഈ കൃത്രിമം കാരണം ബാങ്കിന് 1,92,306 രൂപ നഷ്ടം സഹിക്കേണ്ടി വന്നതായി കോടതി ചൂണ്ടിക്കാട്ടി. ഈ കൃത്രിമ ഇടപാടുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ലാഭവീതത്തിന്റെ തോത് കുറയുമെന്നും കോടതി കണ്ടു. ബാങ്ക് അധിപൻമാർ ബുദ്ധിപൂർവം ഈ നഷ്ടം മറച്ചുപിടിച്ച് ലാഭം പെരുപ്പിച്ചുകാണിച്ചതായി കോടതി വിധിയെഴുതി. തിരുവനന്തപുരം ജില്ലാ മജിസ്ട്രേറ്റ് കോടതിയും സെഷൻസ് കോടതിയും തിരുവിതാംകൂർ ഹൈക്കോടതിയും ഈ ഇടപാട് ബാങ്കിങ്ങ് വ്യവസ്ഥകളുടെ ലംഘനമാണെന്നും തട്ടിപ്പാണെന്നും അസന്ദിഗ്ദ്ധമായി ചൂണ്ടിക്കാട്ടി. ഇതിനെതിരെ വൈസ്രോയിക്ക് ഹർജി നൽകിയെങ്കിലും ഈ ഇടപാടുകൾ 'ബാങ്ക് അധിപൻമാർ കളവ് ചെയ്യുന്നതിന് ബോധപൂർവം നടത്തിയ തട്ടിപ്പാണെ'ന്ന് തീർപ്പ് കൽപിച്ചു. (ന്യൂദൽഹി നാഷണൽ ആർക്കൈവ്സ്, പൊളിറ്റിക്കൽ പി ബ്രാഞ്ച് എഫ് നമ്പർ 1(35)പി (സെക്) /41,1941)

1937 ഡിസംബർ 31ന് ബാങ്ക് പ്രസിദ്ധീകരിച്ച ബാലൻസ് ഷീറ്റ് നിക്ഷേപകരേയും ഇടപാടുകാരെയും കബളിപ്പിക്കുന്നതിന് ബോധപൂർവം തയ്യാറാക്കിയ വ്യാജ ബാലൻസ് ഷീറ്റാണെന്ന് കോടതി ഉദാഹരണങ്ങൾ നിരത്തി വിധി എഴുതി. ബാങ്കിന്റെ വലിപ്പവും സുസ്ഥിരതയും സംബന്ധിച്ച് തെറ്റായ വിവരങ്ങൾ നൽകി ലാഭം പെരുപ്പിച്ചുകാണിച്ചത് ബാങ്ക് അധിപൻമാർക്ക് വൻനേട്ടം ഉണ്ടാക്കിയെന്നും അതേസമയം നിക്ഷേപകരോട് കാണിച്ചത് വഞ്ചനയായിരുന്നുവെന്നും കോടതി വ്യക്തമാക്കി. ഇരു ബാങ്കുകളും ലയിച്ച് പുതിയ ബാങ്ക് രൂപം കൊള്ളുന്നതിനു മുമ്പു തന്നെ ഈ കൃത്രിമം നടന്നുവരികയായിരുന്നുവെന്ന് ലിക്വിഡേറ്റർമാരുടെ പരിശോധനയിൽ തെളിഞ്ഞു. 1937ൽ മാത്രമല്ല, 1934 മുതലേ വ്യാജ ബാലൻസ്ഷീറ്റാണ് തയ്യാറാക്കിവന്നിരുന്നതെന്ന് മദിരാശിയിലെ റസിഡന്റ് സ്ക്രീൻ ന്യൂദൽഹിയിൽ ക്രൗൺ റപ്രസെന്റേറ്റീവ് ബർട്രന്റ് ഗ്ലാൻസിക്ക് അയച്ച റിപ്പോർട്ടിൽ വ്യക്തമാക്കി. (ന്യൂദൽഹി നാഷണൽ ആർക്കൈവ്സ് ഡി വൈ നമ്പർ 4774 –പി 138 തിരുവനന്തപുരം 30 നവംബർ 1938. മദിരാശി സ്റ്റേറ്റ് ഏജൻസി, തിരുവനന്തപുരം)

ബാങ്കിന്റെ ധനസ്ഥിതി ആപൽ സൂചന നൽകിയപ്പോൾ ഡയറക്ടർമാർ മദിരാശിയിൽ യോഗം ചേർന്ന് ചില മുൻകരുതലുകൾ എടുത്തിരുന്നു. ബാലൻസ് ഷീറ്റ് തയ്യാറാക്കുമ്പോൾ ലാഭം പെരുപ്പിച്ചുകാണിക്കാനുള്ള തന്ത്രങ്ങളായിരുന്നു അവർ ആവിഷ്കരിച്ചത്. ഇതനുസരിച്ച് 1937 നവംബർ 11ന് എല്ലാ ബ്രാഞ്ച് മാനേജർമാർക്കും മെമ്മോ (നമ്പർ 76) അയച്ചു. ജനറൽ മാനേജർ കെ എസ് രാമാനുജവും മാനേജിംഗ് ഡയറക്ടർ സി പി മാത്തനും മാമ്മൻമാപ്പിളയുടെ മൂന്നാമത്തെ മകനും ജോയിന്റ് മാനേജിങ്ങ് ഡയറക്ടറുമായ കെ എം ഈപ്പനുമായിരുന്നു ഇതിൽ ഒപ്പുവെച്ചത്. ഇതിനുശേഷം ഡിസംബർ 11ന് രണ്ട് രഹസ്യ സർകുലറുകൾ ബ്രാഞ്ചുകളിൽ അയച്ചു. ബാങ്കിന് കിട്ടാക്കടമായി കിടക്കുന്നതോ തിരിച്ചു കിട്ടുമെന്ന് സംശയമുള്ളതോ ആയ വായ്പകൾ കണക്കിൽ രേഖപ്പെടുത്താതിരിക്കുന്നതിനുള്ള നിർദേശങ്ങളായിരുന്നു ഈ സർകുലറുകളിൽ. അത്തരം ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ ബ്രാഞ്ചുകളിൽ നിന്ന് പ്രത്യേക കവറിൽ ഹെഡ് ആപ്പീസിലേക്ക് അയച്ചുകൊടുക്കാൻ നിർദേശം കൊടുത്തു. ബാങ്കിന്റെ ബ്രാഞ്ച് മാനേജർമാരും ജനറൽ മാനേജരും ഈ കൃത്രിമരേഖ ചമച്ചത് പിന്നീട് കോടതിയിൽ ഏറ്റുപറഞ്ഞു.

ബാലൻസ്ഷീറ്റ് പ്രകാരം ബാങ്കിന് കിട്ടാക്കടം പത്തുലക്ഷം രൂപയോളമേ വരൂ. സംശയാസ്പദമായ വായ്പകളാകട്ടെ 1,35,000 രൂപയുടേതും. ഡയറക്ടർമാർ ഒറ്റക്കും കൂട്ടായും എടുത്ത വായ്പയുടെ കുടിശിക മൂന്നുലക്ഷത്തിൽ താഴെ മാത്രമേ വരൂ എന്നായിരുന്നു ബാലൻസ്ഷീറ്റിലെ കണക്ക്. അതോടൊപ്പം വായ്പകൊടുത്ത 20 ലക്ഷത്തോളം രൂപ നിയമനടപടികളിൽ ഇരിക്കുന്നതായും കാണിച്ചിരുന്നു. ഇതിനു 6 ശതമാനം ആദായവും കണക്കാക്കി. പക്ഷെ ഇതെല്ലാം കൃത്രിമ കണക്കുകളാണെന്ന് കോടതി വിധി എഴുതി.

തിരുവിതാംകൂറിലെ 19 ബ്രാഞ്ചുകളിൽ മാത്രം ജോയിന്റ് ലിക്വിഡേറ്റർ ആർ എഫ് വിഷാർട് നടത്തിയ പരിശോധനയിൽ ഞെട്ടിക്കുന്ന വിവരങ്ങൾ വെളിച്ചത്തുവന്നു. കോടതിയും ഇത് ശരിവെച്ചു. ഇതിനെതിരെ വൈസ്രോയിക്ക് പരാതി നൽകിയെങ്കിലും ഫലമുണ്ടായില്ല. വൈസ്രോയിയുടെ വിലയിരുത്തൽ കാണുക:

"ഞാൻ ഒരു ഉദാഹരണം മാത്രം ചൂണ്ടിക്കാട്ടാം. മാത്തന്റെ കൊല്ലം ബാങ്കിൽ നിന്ന് ലയനത്തെ തുടർന്ന് മാറ്റിയ ആലപ്പുഴ കമ്പനിയുടെ കടബാധ്യത തന്നെ എടുക്കാം. മാത്തനാണല്ലോ ആലപ്പുഴ കമ്പനിയുടെയും ചെയർമാൻ. ക്വയിലോൺ ബാങ്ക് പ്രവർത്തനം അവസാനിപ്പിച്ചപ്പോൾ കമ്പനിയുമായുണ്ടായിരുന്ന ഇടപാടുകളെ സംബന്ധിച്ച് ധാരണ ഉണ്ടാക്കിയിരുന്നു. ബാങ്കിന് കിട്ടാനുള്ള തുകയിൽ 13,453 രൂപ കിട്ടാക്കടം എന്ന നിലയിൽ എഴുതിത്തള്ളാനായിരുന്നു തീരുമാനം. ഇത് 1937ന് മുമ്പായിരുന്നു. എന്നാൽ ഈ കടവും തിരിച്ചു കിട്ടാനുള്ള "നല്ലകടം" ആയി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് എന്തു ന്യായീകരണം പറയാനാകും." (ന്യൂദൽഹി സെൻട്രൽ ആർക്കൈവ്സ് പൊളിറ്റിക്കൽ ഡിപ്പാർട്ട്മെന്റ് പി ബ്രാഞ്ച് എഫ് നമ്പർ 1 (35) പി (സെക്)/41-1941) ഇത്തരത്തിൽ ഒട്ടേറെ ക്രമക്കേടുകൾ റിപ്പോർട്ടിൽ ഉദ്ധരിച്ചിട്ടുണ്ട്.

ലിക്വിഡേറ്റർ പരിശോധന നടത്തിയ തിരുവിതാംകൂറിലെ 19 ബ്രാഞ്ചുകളിൽ 1,13,07,369 രൂപ 12 അണ മൊത്തം മൂലധനമുള്ളതിൽ 31,10,510 രൂപ രണ്ട് അണ രണ്ടു കിട്ടാക്കടമായിരുന്നു. എന്നാൽ 49,498 രൂപ ആറ് അണ മൂന്നു മാത്രമേ ബാലൻസ് ഷീറ്റിൽ കിട്ടാക്കടമായി വകയിരുത്തിയിരുന്നുള്ളൂ. കടലാസിൽ മാത്രം ഉണ്ടായിരുന്ന ഡയറക്ടർമാരെ തൃപ്തിപ്പെടുത്താനും വൻതോതിൽ വായ്പ നൽകിയിരുന്നു. മാമ്മൻമാപ്പിളയും മാത്തനും നിർദേശിക്കുന്ന സ്ഥലങ്ങളിൽ ഒപ്പിട്ടുകൊടുക്കുക മാത്രമായിരുന്നു ഈ 'കടലാസ് ഡയറക്ടർ'മാരുടെ ചുമതല. ബാലൻസ്ഷീറ്റിൽ ഈ കൃത്രിമങ്ങളുണ്ടെങ്കിലും ബാങ്ക് പൂട്ടുമ്പോൾ ധനസ്ഥിതി ഭദ്രമായിരുന്നുവെന്നാണ് ബാങ്ക് ഉടമകളുടെ വാദം. ഇതിന് നിരത്തുന്ന പ്രധാന തെളിവ് ബാങ്ക് പൊളിഞ്ഞിട്ടും നിക്ഷേപകർക്ക് 1 രൂപക്ക് 13 അണവരെ മടക്കിക്കൊടുക്കാൻ കഴിഞ്ഞുവെന്നതായിരുന്നു. ധനസ്ഥിതിമോശമായിരുന്നു എന്ന് വരുത്തിതീർകാൻ ബാങ്കിന്റെ ആസ്തികൾ മനഃപൂർവം നിസ്സാര വിലക്ക് രാമസ്വാമിഅയ്യർ വിറ്റിട്ടുപോലും ഈ തോതിൽ പണം മടക്കിക്കൊടുക്കാൻ ലിക്വിഡേറ്റർക്ക് കഴിഞ്ഞത് മേൻമയായി കെ സി മാമ്മൻമാപ്പിള ചൂണ്ടിക്കാട്ടുന്നു. ചിലരെങ്കിലും ഇതിൽ ന്യായമുണ്ടെന്ന് ഇന്നും കരു

തുന്നുണ്ടാകും.

ഈ അവകാശവാദം മാമ്മൻമാപ്പിള ഉന്നയിക്കുമ്പോൾ ഒരു ചരിത്രയാഥാർഥ്യം മറച്ചുവെയ്ക്കുന്നു. ബാങ്കിന്റെ ആസ്ഥികളിൽ ഭൂരിഭാഗവും 1920കളിലും 30കളുടെ ആദ്യവും കൈവന്നതായിരുന്നു. 40 ബ്രാഞ്ചുകളുണ്ടായിരുന്ന ട്രാവൻകൂർ നാഷണൽ ബാങ്കും 36 ബ്രാഞ്ചുകളുണ്ടായിരുന്ന ക്വയിലോൺ ബാങ്കും ലയിച്ചാണ് ട്രാവൻകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്ക് രൂപം കൊണ്ടത്. ഈ ബ്രാഞ്ചുകളിൽ മിക്കതും സ്വന്തം കെട്ടിടത്തിലായിരുന്നു പ്രവർത്തനം. ബാങ്ക് പൂട്ടുമ്പോൾ അരക്കോടിയോളം രൂപയുടെ സ്വർണ പണ്ടങ്ങൾ ശേഷിപ്പുണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ സ്വർണത്തിനും വസ്തുവകകൾക്കും ഭീമമായി വിലകയറി. ഒരു പവന് 10–15 രൂപ വിലയുണ്ടായിരുന്നപ്പോൾ ബാങ്കിൽ വാങ്ങി വെച്ച സ്വർണത്തിന് യുദ്ധാനന്തരം പതിൻമടങ്ങായി വില ഉയർന്നു. സിലോൺ, ബോംബെ, കൽകത്ത, ഹൈദരാബാദ് തുടങ്ങിയ വൻ നഗരങ്ങളിൽ ബാങ്കിനുണ്ടായിരുന്ന സ്വത്തുക്കൾക്കും യുദ്ധാനന്തരം പതിൻമടങ്ങ് വില കിട്ടി. ഈ അനുകൂലസാഹചര്യം ലിക്വിഡേറ്റർമാർ വസ്തുവകകൾ ലേലത്തിൽ വെക്കുമ്പോൾ മൊത്തം ആസ്ഥിയിലും പ്രതിഫലിച്ചു.

ഉദാഹരണത്തിന് മുൻ ഐ ജി ചന്ദ്രശേഖരൻനായർ ഈ ബാങ്കിന്റെ ശാഖയിൽ മുപ്പതുകളുടെ ആദ്യം നിക്ഷേപിച്ചിരുന്ന പണത്തിൽ ഒരു രൂപക്കു 13 അണതോതിൽ പിൽകാലത്ത് തിരശോധിച്ചു റിസർവ് ബാങ്കും ആഡിറ്റർമാരും ബാങ്ക് പൂട്ടുമ്പോൾ കണക്കുകൂട്ടിയിരുന്നത് ഒരു രൂപക്ക് അഞ്ച് അണ എന്ന തോതിൽ നിക്ഷേപകർക് നൽകാനേ കഴിയൂ എന്നായിരുന്നു. പക്ഷെ രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് സാമ്പത്തിക നിലയിൽ വന്ന മലക്കം മറിച്ചിൽ ബാങ്കിന്റെ ആസ്തി പതിൻമടങ്ങായി ഉയർത്തി.

10. വൈസ്രോയി വിരട്ടിയപ്പോൾ

ശ്രീചിത്തിര തിരുനാൾ ബാലരാമവർമ തിരുവിതാംകൂർ മഹാരാജാവായി അഭിഷിക്തനായ ദിനത്തിലായിരുന്നു സി പി രാമസ്വാമി അയ്യർ മഹാരാജാവിന്റെ രാഷ്ട്രീയ ഉപദേശകനായി വിളംബരം ചെയ്യപ്പെട്ടത്. മദിരാശി ക്യാബിനറ്റ് അംഗമായിരുന്ന രാമസ്വാമി അയ്യർ കാട്ടിക്കൂട്ടിയ വിക്രീയകൾ കണ്ടുംകേട്ടും അറിവുള്ള തിരുവിതാംകൂറിലെ പത്രങ്ങൾ രാമസ്വാമി അയ്യരെ മഹാരാജാവ് 'ദത്തെടുത്തതിനെതിരെ പ്രതിഷേധമുയർത്തി. എന്നാൽ മഹാരാജാവിന്റെ വിളംബരം വന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ മലയാള മനോരമ മുഖപ്രസംഗത്തിൽ, അങ്ങിങ്ങ് ചില നേരിയ കുത്തുവാക്കുകൾ തിരുകിയിട്ടുണ്ടെങ്കിലും, രാമസ്വാമി അയ്യർക് പ്രശംസ ചൊരിഞ്ഞു.'

"ഭരണം നടത്തുന്നതിൽ ദിവാൻജിമാരുടെ അധികാരത്തിനും ഉത്തരവാദിത്തത്തിനും എന്തെങ്കിലും ഭംഗം വരുത്തത്തക്കവണ്ണം ഒരേർപാടും ഇതിൽ അന്തർഭവിച്ചിട്ടില്ലെന്നിരുന്നാൽ സർ സി പി രാമസ്വാമി അയ്യർ അവർകളുടെ ബഹുമുഖങ്ങളായ അറിവുകളും പരിചയങ്ങളും നമ്മുടെ രാജ്യത്തിന് ഗുണപ്രദങ്ങളായിത്തീരാവുന്നവയാണ്...." (മലയാള മനോരമ മുഖപ്രസംഗം)

സി പി രാമസ്വാമി അയ്യരുടെ മുമ്പിൽ നല്ലപിള്ള ചമയാനുള്ള മാമ്മൻമാപ്പിളയുടെ ഈ കൗശല വിദ്യ ദൂരക്കാഴ്ചയോടുകൂടിയ കരുനീക്കമായിരുന്നു. ശ്രീമൂലം പ്രജാസഭയിൽ 1908 മുതൽ അംഗമായിരുന്ന മാ

മ്മൻമാപ്പിള നാലുവർഷത്തെ ഇടവേള ഒഴിച്ചാൽ വ്യവസായികളുടേയും തോട്ടം ഉടമകളുടേയും പ്രതിനിധിയായി 1928 വരെ സഭയിൽ തുടർന്നിരുന്നു. എന്നാൽ 1928ൽ വി ജെ ഉമ്മനോട് (ഇന്നത്തെ ഇന്ദിരാകോൺഗ്രസ് നേതാവ് ഉമ്മൻചാണ്ടിയുടെ മുത്തഛൻ) മത്സരിച്ച് തോറ്റതോടെ മാമ്മൻമാപ്പിളയുടെ നിയമസഭാ പ്രവർത്തനങ്ങൾക് വിരാമമായി. എങ്കിലും മാറിമാറി വന്ന ദിവാൻമാരുടെ ഏറ്റവും അടുത്ത ഉപദേശകരിൽ ഒരാളായി മാമ്മൻമാപ്പിള അറിയപ്പെട്ടു. രാജഭരണത്തിനും പ്രക്ഷോഭകർകും ഇടയിൽ മധ്യസ്ഥൻമാരുടെ വേഷത്തിലും മാമ്മൻമാപ്പിളയെ പഴയ ചരിത്രരേഖകളിൽ കാണാം. പുതിയ ബാങ്കിന്റെ മാനേജിങ്ങ് ഡയറക്ടർ സി പി മാത്തനായിരുന്നു ഈ വേഷം കെട്ടാറുള്ള മറ്റൊരു സ്ഥിരം താരം. രാജഭരണവും ഈ ദാസ്യവേലക്ക് പ്രത്യുപകാരം കാട്ടി.

ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിന്റെ ആസ്ഥാനം തിരുവിതാംകൂറിൽ ഉറപ്പിക്കുന്നതിൽ മാത്രമല്ല രാഷ്ട്രീയ രംഗത്തെ മാമ്മൻമാപ്പിളയുടെ കന്നിക്കാൽവെപ്പിൽ പോലും സി പി രാമസ്വാമി അയ്യരുടെ ഒത്താശകാണാം. (രാമസ്വാമി അയ്യരുടെ താളത്തിനു തുള്ളിയ സന്ദർഭങ്ങളിലെല്ലാം മാമ്മൻമാപ്പിള വഞ്ചിക്കപ്പെട്ടുവെന്നതും യാഥാർഥ്യം). നിവർത്തന പ്രക്ഷോഭ നേതാക്കളുടെ പ്രതിനിധി സംഘം തലവനായി 1933 ഡിസംബർ ഏഴിന് വൈകിട്ട് നാലിന് മാമ്മൻമാപ്പിള മഹാരാജാവിനെ കണ്ടതിനു പിന്നിലും രാമസ്വാമിഅയ്യരുടെ തന്ത്രചതുരത ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. തിരുവിതാംകൂർ സന്ദർശിക്കുന്ന വൈസ്രോയി വെല്ലിംഗ്ടൺ പ്രഭുവിന് നിവർത്തന പ്രക്ഷോഭ നേതാക്കൾ നിവേദനം സമർപിക്കാൻ തയ്യാറെടുക്കുന്ന വിവരം അറിഞ്ഞ് രാമസ്വാമി അയ്യർ ദൂരകാഴ്ചയോടെ മെനഞ്ഞെടുത്ത തന്ത്രമായിരുന്നു ഇത്. സമുദായ നേതാക്കൾ വൈസ്രോയിക്ക് നിവേദനം സമർപിച്ചാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ രാജഭരണത്തിന്റെ ഖ്യാതിക്ക് കോട്ടം തട്ടിച്ചേക്കുമോ എന്നതായിരുന്നു രാമസ്വാമി അയ്യരുടെ ആശങ്ക. ക്രൈസ്തവ–ഈഴവ–മുസ്ലീം സമുദായങ്ങൾക് അർഹമായ അവകാശങ്ങൾ അനുവദിക്കാൻ മഹാരാജാവ് ഒരുക്കമാണെന്ന് രാമസ്വാമി അയ്യർ സമുദായ പ്രമാണിമാരെ ധരിപ്പിച്ചു. ഒറ്റനോട്ടത്തിൽ നിർദോഷമെന്ന് തോന്നാവുന്ന ചില ഉപാധികളും രാമസ്വാമി അയ്യർ മുന്നോട്ടുവച്ചു. ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിന്റെ മാനേജിങ്ങ് ഡയറക്ടറായ സി പി മാത്തൻ രാമസ്വാമി അയ്യരുടെ ചട്ടുകമായി. രാമസ്വാമി അയ്യരും മാത്തനും തമ്മിൽ മദിരാശിയിൽ ഉണ്ടാക്കിയ രഹസ്യധാരണയിൽ ഒളിഞ്ഞിരുന്ന വഞ്ചന നിവർത്തന പ്രക്ഷോഭ നേതാക്കളിൽ പലരും അറിഞ്ഞിരുന്നില്ല. മഹാരാജാവിന് നിവേദനം കൊടുത്താൽ തീരാനേയുള്ളൂ പ്രശ്നമെന്ന രാമസ്വാമി അയ്യരുടെ മധുരമൊഴികളിൽ മാത്തൻ മയങ്ങിപ്പോയി. വലിയ കെണിയിലാണ് കുടുങ്ങിയതെന്നറിയാൻ പ്രക്ഷോഭ നേതാക്കൾക് ഏതാനും മാസം കാത്തിരിക്കേണ്ടി വന്നു. നിവർത്തന പ്രക്ഷോഭ ചരിത്രത്തിൽ ഏറെ അറിയപ്പെടാത്ത ഈ ഏടിന്റെ ചുരുൾ മാത്തൻ നിവർത്തുന്നത് നോക്കൂ:

"നവംബർ അവസാനം ഞാൻ മദിരാശിയിലായിരുന്നു. സി പി രാമസ്വാമിഅയ്യരുടെ പ്രൈവറ്റ് സെക്രട്ടറി ടെലിഫോണിൽ അഭ്യർഥിച്ചതനുസരിച്ച് ഞാൻ രാമസ്വാമി അയ്യരെ കണ്ടു. നിവർത്തന പ്രക്ഷോഭനേതക്കൾ ആവശ്യങ്ങൾ നേടുന്നതിന് 'പരമോന്നത അധികാരകേന്ദ്ര'ത്തിനെ (വൈസ്രോയി) ഇടപെടുവിക്കാൻ മുതിരുന്നത് ശരിയല്ലെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. മഹാരാജാവിനെ യഥാരീതിയിൽ സമീപിച്ചാൽ ഈ നേതാക്കളുടെ ആവശ്യങ്ങൾ എന്താണെന്ന് കേൾകാനും വേണ്ട ആശ്വാസ നടപടി

കൾ എടുക്കാനും മഹാരാജാവ് സന്നദ്ധമാണെന്നും എന്നെ അറിയിച്ചു. ബിസിനസ്സുകാരൻ എന്ന നിലയിൽ ഈ പ്രക്ഷോഭ നേതാക്കളിൽ നിന്ന അകന്നു നിൽകുന്ന ഒരാളാണ് താനെന്ന് രാമസ്വാമി അയ്യരെ ഞാൻ ധരിപ്പിച്ചു. എനിക്ക് ആകെ ചെയ്യാൻ കഴിയുന്നത് ഈ നിർദേശം പ്രക്ഷോഭ നേതാക്കളായ എന്റെ ചില സുഹൃത്തുക്കളെ അറിയിക്കുക മാത്രമാണെന്നും ഞാൻ പറഞ്ഞു. സുഹൃത്തുക്കളുമായി ബന്ധപ്പെട്ടശേഷം ഇതിന്റെ മറുപടി തിരുവനന്തപുരത്ത് എത്തുമ്പോൾ അറിയിക്കണമെന്ന് രാമസ്വാമി അയ്യർ ആവശ്യപ്പെട്ടു.

"രാമസ്വാമി അയ്യരുമായി നടത്തിയ സംഭാഷണത്തിന്റെ വ "നടപടി ക്രമമെന്ന നിലയിൽ പ്രമുഖ സമുദായ നേതാക്കൾ അടങ്ങിയ നിവേദക സംഘം മഹാരാജാവിനെ കണ്ട് ഔപചാരികമായി ഒരു നിവേദനം സമ തിരുവനന്തപുരത്തെ പ്രമുഖ അഭിഭാഷകൻ ഇ ജെ ഫിലിപ്പോസും എന്നോടൊപ്പമുണ്ടായിരുന്നു. ഇതേ രീതിയിൽ രാമസ്വാമിഅയ്യർ ഫിലിപ്പോസിനോടും നേരത്തെ സംഭാഷണം നടത്തിയിരുന്നു.

"മൂന്നു വാഗ്ദാനങ്ങളായിരുന്നു രാമസ്വാമി അയ്യർ മുന്നോട്ടുവച്ചത്.

"1 നിയമസഭയിൽ നായൻമാർക്കുള്ള അത്രയും സീറ്റെങ്കിലും ക്രിസ്ത്യാനികൾക്കും അനുവദിക്കും.

"2 തെരഞ്ഞെടുപ്പിൽ സീറ്റ് കിട്ടാൻ നിവൃത്തിയില്ലാത്ത അധഃകൃത ക്രിസ്ത്യാനികൾക്കു നോമിനേഷൻ വഴി ഒന്നോ രണ്ടോ സീറ്റ് നൽകും.

"3 ഈഴവർക്ക് ഏഴിൽ കുറയാത്തതും മുസ്ലീങ്ങൾക്ക് മൂന്നിൽ കുറയാത്തതും സീറ്റ് തെരഞ്ഞെടുപ്പിലൂടെ നൽകും.

"ഇതെല്ലാം ദിവാനുമായി സംസാരിച്ചിട്ടുണ്ടെന്നും ഇനി ഞങ്ങൾ ദിവാ കണ്ട് തീരുമാനം അറിയുകയേ വേണ്ടതുള്ളുവെന്നും രാമസ്വാമി അ വെളിപ്പെടുത്തി. ഒരു വിട്ടു വീഴ്ച എന്ന നിലയിൽ ഞങ്ങൾ ഈ നിർ ം സ്വീകരിച്ചു. വ്യക്തികൾക്കും പത്രങ്ങൾക്കും എതിരെ സ്വീകരിച്ചിട്ടു നടപടികൾ ഉപേക്ഷിക്കണമെന്ന ഞങ്ങളുടെ നിർദേശം രാമസ്വാമിഅ അംഗീകരിച്ചു. നിവർതന പ്രക്ഷോഭ നേതാക്കൾ അന്തസ്സായി ബാധ്യത വറ്റി. രാമസ്വാമി അയ്യരുമായി നേരത്തെ സമ്മതിച്ചതുപോലെ ഫിലിപ്പോസ് രഹസ്യകത്ത് ദിവാനു നൽകുകയും നിവേദക സംഘം (കെ സി മാമ്മൻമാപ്പിളയുടെ നേതൃത്വത്തിൽ) മഹാരാജാവിന് നിവേദനം സമർപ്പിക്കുകയും ചെയ്തു".

(തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭത്തെക്കുറിച്ച് സി പി രാമസ്വാമി അയ്യരുമായി നടത്തിയ കൂടിക്കാഴ്ചയുടെ ഫലത്തെപ്പറ്റി സി പി മാത്തൻ ബി എ ബി എൽ ഇറക്കിയ പ്രസ്താവന, 1934 മെയ് 30, സി പി മാത്തൻ മാനേജിങ്ങ് ഡയറക്ടർ ക്വയിലോൺ ബാങ്ക് കൊല്ലം). രാമസ്വാമി അയ്യരുടെ ഇംഗിതത്തിനു വഴങ്ങി കെ സി മാമ്മൻമാപ്പിള ഈ നിവേദക സംഘ നാടകം ആടിക്കഴിഞ്ഞപ്പോഴായിരുന്നു അമളി മനസിലായത്. രാമസ്വാമി അയ്യർ സൂചിപ്പിച്ചതുപോലെ ഉറപ്പൊന്നും നൽകാൻ മഹാരാജാവ് കൂട്ടാക്കിയില്ല. അതേസമയം പ്രക്ഷോഭം അവസാനിപ്പിച്ചതായ രഹസ്യകത്ത് മാമ്മൻമാപ്പിളയും മറ്റും ഒപ്പിട്ട് ദിവാൻ സർ ഹബീബുള്ളക്ക് സമർപ്പിക്കുകയും ചെയ്തു. വിഴുങ്ങാനും തുപ്പാനും വയ്യ എന്ന പ്രതിസന്ധിയിലായി പ്രക്ഷോഭ നേതാക്കൾ. രാമസ്വാമി അയ്യരുടെ വ്യാമോഹത്തിൽ കുടുങ്ങിയ മാത്തനും മാമ്മൻമാപ്പിളയും അതിരു കടന്ന രാജഭക്തിയുടെ ഫലം രുചിച്ചറിഞ്ഞു. രാജഭക്തിക്ക് കോട്ടം തട്ടിക്കുന്നവരുമായി കൂട്ടു കെട്ടില്ലെന്ന ദൃഢാഭിപ്രായക്കാരനായിരുന്ന മാമ്മൻമാപ്പിള ഈ തഞ്ചത്തിൽ പ്രക്ഷോഭരംഗത്തു നിന്ന് ഉൾവലിഞ്ഞു.

1933 ഡിസംബർ 10ന് തിരുവിതാംകൂർ സർകാർ വൈസ്രോയിക്ക് നൽകിയ വിരുന്നിൽ നിവർതന പ്രക്ഷോഭത്തിന്റെ വക്താക്കളെ വൈസ്രോയി രൂക്ഷമായി വിമർശിച്ചു: "അടുത്തിയിടത്തെ ഭരണ പരിഷ്കാരങ്ങളിൽ പങ്കെടുക്കാതെ മാറി നിൽകാൻ തെറ്റായ ഉപദേശം നൽകിയവർ ഒരു കാര്യം ഓർകണം, രാഷ്ട്രീയ–സാമൂഹ്യ വികാസം എന്നത് വളരെ സാവകാശമായ ഒരു പ്രക്രിയയാണ്. ദീർഘ വർഷങ്ങളിലൂടെ രൂപപ്പെട്ട സംവിധാനങ്ങളെ തകർകുന്നതിന് പൊടുന്നനെയുള്ള മാറ്റങ്ങൾ വഴിയൊരുക്കും". (ന്യൂദൽഹിയിലെ നാഷണൽ ആർക്കൈവ്സിലെ ഫയൽ നമ്പർ 568 പി–1933 ഫോറിൻ ആൻഡ് പൊളിറ്റിക്കൽ പി ബ്രാഞ്ച്). വൈസ്രോയിയുടെ ഈ കർകശ നിലപാട് മാമ്മൻമാപ്പിളയെ പോലുള്ള ചിലരെ നിവർതന പ്രക്ഷോഭത്തിന്റെ മുഖ്യ ധാരയിൽ നിന്നും പിൻമാറ്റി. സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളെക്കുറിച്ച് മാമ്മൻമാപ്പിള വച്ചു പുലർതിയിരുന്ന നിലപാടും മറ്റൊന്നായിരുന്നില്ലതാനും.

11. മാപ്പെഴുതി രക്ഷപ്പെട്ടു

"തിരുവിതാകൂറിൽ രാജവാഴ്ച നിലവിലിരുന്ന കാലം. ദിവാന്റെ സ്വേച്ഛാധിപത്യ ഭരണം കൊടുങ്കാറ്റടിച്ചിരുന്ന നാളുകൾ. അന്നാണത് സംഭവിച്ചത്. നെയ്യാറ്റിൻകരയിലെ പൊലീസ് അതിക്രമങ്ങളെ കുറിച്ച് 1938 സെപ്തംബർ എട്ടിന് മനോരമ പ്രസിദ്ധപ്പെടുത്തിയ വിദഗ്ധ റിപ്പോർട് ദിവാന്റെ മനസിൽ എരിഞ്ഞു നിന്ന രോഷം ആളിക്കത്തിച്ചു. മനോരമ ആപ്പീസ് പൂട്ടി മുദ്രവെക്കാൻ ആ രാത്രിതന്നെ ഉത്തരവു പുറപ്പെടുവിച്ചു. പത്രാധിപർ കെ സി മാമ്മൻമാപ്പിളയുടെയും പുത്രൻ കെ എം ഈപ്പന്റെയും അറസ്റ്റ് വൈകാതെയുണ്ടായി" (മലയാള മനോരമ, കൊച്ചി. സെപ്തംബർ രണ്ട്, 1988 പേജ് ഒന്ന്). സ്വാതന്ത്ര്യ പോർകളത്തിൽ 'ഏറ്റ മുറിവുകളുടെയും നേരിട്ട കഷ്ടപ്പാടുകളുടെയും' കാവ്യാത്മകമായ ഈ വർണന മലയാള മനോരമയുടെ തായ് വേരുകളെപോലും കുളിർപ്പിക്കുന്നു. മലയാളമനോരമയെ സ്വാതന്ത്ര്യസമരത്തിന്റെ പര്യായമാക്കി മാറ്റാൻ നടത്തുന്ന ബോധപൂർവമായ പ്രചാരണ കൊടുങ്കാറ്റിന്റെ ഭാഗമാണ് ഈ വർണന. മലയാള മനോരമയുടെ ജന്മശതാബ്ദി പതിപ്പിൽ യജമാന ഭക്തിയുടെ മഷിയിൽ തൂലിക മുക്കി കെ ആർ ചുമ്മാർ എഴുതുന്നു: "ആ പടനിലത്തിൽ ദിവാൻ ഭരണത്തിന്റെ ഇടിവാളേറ്റ് മനോരമ ചാമ്പലായി, അതിന്റെ പത്രാധിപർ മാമ്മൻമാപ്പിള കൽതുറുങ്കിലും."

രജതജൂബിലിയും വജ്രജൂബിലിയും പ്ലാറ്റിനം ജൂബിലിയും കൊണ്ടാടിയപ്പോഴൊന്നും സ്വന്തം ചരിത്രത്തെ ഇത്ര വികാര വായ്പോടെ അവതരിപ്പിക്കുവാൻ മനോരമയുടെ അന്നത്തെ സാരഥികൾ മിനക്കെട്ടില്ല. മനോരമ മുദ്രവെച്ചതും കെ സി മാമ്മൻമാപ്പിളയെയും പുത്രൻ കെ എം ഈപ്പനെയും അറസ്റ്റ് ചെയ്തതും സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ ചരടിൽ കോർത്തെടുത്തു കാഴ്ചവെക്കാൻ കെ എം മാത്യുവിന്റെ ക്രാന്തദർശിത്വം തന്നെ വേണ്ടി വന്നു. മനോരമ മുദ്രവെച്ചതിന്റെ തുടർ നടപടിയായി മുഖ്യ പത്രാധിപർ കെ സി മാമ്മൻമാപ്പിളയെയും പുത്രൻ കെ എം ഈപ്പനെയും ദിവാൻ കാരാഗൃഹത്തിലടച്ചു എന്ന് തോന്നും ഇത് വായിച്ചാൽ.

1937 സെപ്തംബർ പത്ത് ശനിയാഴ്ച രാത്രി പത്തു മണിക്കായിരുന്നു മലയാള മനോരമ മുദ്രവെച്ചത്. മാമ്മൻമാപ്പിള അന്ന് ദൽഹിയിലും. പത്രാധിപർ കെ സി മാത്യൂ (മാമ്മൻമാപ്പിളയുടെ ഇളയസഹോദരൻ) അടക്കം നിരവധി പേർ മുദ്രവെക്കുന്നതിന് സാക്ഷിയായിരുന്നെങ്കിലും ദിവാ

ന്റെ പൊലീസ് ആരെയും അലോസരപ്പെടുത്തിയില്ല. ദൽഹിയിൽ നിന്ന് മടങ്ങിയെത്തിയ മാമ്മൻമാപ്പിളയെയും ദിവാൻ ഭരണം തൊട്ടില്ല. നിരവധി പത്രാധിപന്മാരെയും പത്ര ഉടമകളെയും കയ്യാമം വക്കുകയും തുറുങ്കിലടക്കുകയും ചെയ്ത ദിവാൻ ഭരണം മനോരമയുടെ കാര്യത്തിൽ മാത്രം സ്വയം നിയന്ത്രണം പാലിച്ചു. മനോരമ മുദ്രവെച്ച് നാൽപത്തിരണ്ടാം ദിവസം കെ സി മാമ്മൻമാപ്പിളയെയും മറ്റും മദിരാശിയിൽ തുറുങ്കിലടച്ചത് നേരാണ്. പക്ഷെ അതെന്തു കുറ്റത്തിനായിരുന്നു? മനോരമയുടെ പഴയ താളുകൾ തന്നെ അതു പറയട്ടെ:

"മദ്രാസ് സ്റ്റേറ്റ്സ് റസിഡണ്ട് മെ. സി പി സ്ക്രീൻ എക്സ്ട്രഡീഷൻ ആക്ട് ഏഴാം വകുപ്പനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള വാറണ്ടു പ്രകാരം തിരുവിതാംകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് ഡയറക്ടർമാരായ കെ സി മാമ്മൻമാപ്പിള, സി പി മാത്തൻ, കെ വി വർഗീസ്, കെ എം ഈപ്പൻ എന്നിവരെ ഇന്നലെ വൈകുന്നേരം അറസ്റ്റ് ചെയ്തിരിക്കുന്നു. മി. കെ സി ഈപ്പൻ, കെ എസ് രാമാനുജം എന്നിവർകും വാറണ്ടുണ്ടെങ്കിലും മി. കെ സി ഈപ്പൻ ഇവിടെ ഇല്ലാത്തതുകൊണ്ടും മി. കെ എസ് രാമാനുജം പിടികൊടുക്കാതെ ഒളിച്ചു നടക്കുന്നതുകൊണ്ടും അവരെ അറസ്റ്റ് ചെയ്തിട്ടില്ല. "അറസ്റ്റ് ചെയ്യപ്പെട്ടവരെ ഇന്നലെ എഗ്മൂർ ജയിലിൽ പാർപിക്കുകയും ഇന്ന് രാവിലെ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട് മി. അബാസ് അലിയുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്തു."

ഈ സന്ദർഭത്തിൽ മിസ്റ്റർ വി ടി രംഗസ്വാമി അയ്യങ്കാർ ഹൈക്കോർട്ടിൽ നിന്നുള്ള ഒരു സ്റ്റേ ഓർഡർ ഹാജരാക്കി. ആ ഉത്തരവിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"കാര്യം ഏറ്റവും ഗൗരവമായതുകൊണ്ട്, അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളവരെ ഹൈക്കോടതിയിൽ നിന്ന് ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട് മദ്രാസിൽ നിന്നയക്കാതെ തന്റെ അധീനത്തിൽ വെച്ചുകൊണ്ടിരിക്കേണ്ടതാണ്."

(മലയാള മനോരമ, 23..10..1938).

തിരുവിതാംകൂറിൽ ലൈസൻസ് നിരോധിച്ചതിനെ തുടർന്ന് കുന്നംകുളത്തു നിന്നിറക്കിക്കൊണ്ടിരുന്ന മനോരമയിൽ 1938 ഒക്ടോബർ 23ന് പ്രത്യേക ലേഖകന്റെ പേരിൽ പ്രസിദ്ധീകരിച്ചിരുന്ന ഈ വാർത്തയുടെ തലക്കെട്ട് 'മാമ്മൻമാപ്പിളയും മാത്തനും അറസ്റ്റിൽ' എന്നായിരുന്നു. കാലചക്രം തിരിഞ്ഞ് കടിഞ്ഞാൺ കെ എം മാത്യുവിന്റെ കരങ്ങളിലെത്തിയപ്പോൾ 'പത്രാധിപർ കെ സി മാമ്മൻമാപ്പിളയുടെയും പുത്രൻ കെ എം ഈപ്പന്റെയും അറസ്റ്റി'നായി പ്രാമുഖ്യം ! ഇതേ കേസിൽ പിതാവിന്റെ ഇളയ സഹോദരൻ കെ സി ഈപ്പൻ തുറുങ്കിലടക്കപ്പെട്ടത് കെ എം മാത്യുവിന്റെ കണ്ണിൽ പെടുന്നുമില്ല !

"ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്കിലെ നിക്ഷേപകരെ വഞ്ചിക്കുകയും വ്യാജ ബാലൻസ് ഷീറ്റ് അടിച്ചിറക്കി ലക്ഷക്കണക്കിന് രൂപ തിരിമറി നടത്തുകയും ചെയ്തു" എന്ന ആരോപണത്തിന്മേലായിരുന്നു ഈ അറസ്റ്റ്. മനോരമ മുദ്രവെച്ചിട്ടും അതിന്റെ അധിപന്മാരെ ആരെയും ദിവാൻ ഭരണം തൊട്ടില്ല എന്ന നഗ്ന സത്യം മറച്ചു പിടിക്കാനുള്ള വെമ്പലിൽ ഈ അറസ്റ്റ് മനോരമയുടെ ചെലവിലാക്കുകയാണിപ്പോൾ. ബാങ്ക് പൂട്ടിയതിനെ തുടർന്ന് ജോയിന്റ് ലിക്വിഡേറ്റർ ആർ എഫ് വിഷാർട്ട് 1938 ഒക്ടോബർ 18ന് തിരുവനന്തപുരം ജില്ലാ മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ച കുറ്റപത്രം അനുസരിച്ചായിരുന്നു അറസ്റ്റ് വാറണ്ട്. അറസ്റ്റിനെ കുറിച്ച് ദിവാൻ പേഷ്കാർ എം പി ജോസഫ് മുൻകൂട്ടി വിവ

രം ചോർത്തികൊടുത്തിരുന്നത് കാരണം ബാങ്ക് ഡയറക്ടർമാർ തിരുവിതാംകൂറിൽനിന്ന് കൂട്ടത്തോടെ മദിരാശിയിലേക്ക് നാടുവിട്ടു. ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായ മദിരാശിയിൽ അറസ്റ്റിന് വിധേയമായാൽ നാട്ടുരാജ്യമായ തിരുവിതാംകൂറിൽ കുറ്റ വിചാരണക്ക് ഇരയാകാതിരിക്കാമെന്ന ആശ്വാസമായിരുന്നു ഡയറൗൺസിൽ അപ്പീൽ കൊടുത്തെങ്കിലും ഫലമുണ്ടായില്ല. പ്രിവി കൗൺസിലിന്റെ തീരുമാനം അറിയും വരെ നാല് മാസത്തോളം കെ സി മാമ്മൻമാപ്പിളയും സി പി മാത്തനും കെ എം ഈപ്പനും കെ വി വർഗീസും മദിരാശി സെൻട്രൽ ജയിലിൽ കഴിഞ്ഞു. ഇതിനിടെ തടവ് പുള്ളിയായി കഴിയുമ്പോൾതന്നെ മാമ്മൻമാപ്പിളക്ക് അർശസിന് മദിരാശി ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തി. മദിരാശിയിൽ നിന്ന് തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് മാറ്റിയത് സി.പി മാത്തൻ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്:

"വാറണ്ട് നിയമ സാധുത ഉള്ളതാണെന്നും ആ നിലക്ക് ഇതിൽ ഇടപെടാനാകില്ലെന്ന് പ്രിവി കൗൺസിൽ തീർപ്പ് കൽപിച്ചതു കാരണം ഞങ്ങളെ മദിരാശിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് അയച്ചു. 1939 ഏപ്രിൽ 4ന് തിരുവനന്തപുരം എക്സ്പ്രസ് തീവണ്ടിയിൽ ഞങ്ങൾ മദിരാശി വിട്ടു. ഉച്ചയോടെ ചെങ്കോട്ട സ്റ്റേഷനിൽ എത്തിയപ്പോൾ, തിരുവിതാംകൂർ പൊലീസുകാർ തീവണ്ടിയിൽ നിന്ന് ഞങ്ങളെ ഏറ്റുവാങ്ങി മോട്ടോർകാറിൽ തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി. പരമാവധി പബ്ളിസിറ്റിക്ക് വേണ്ടിയായിരുന്നു ഇത്. വഴി നീളെ മാത്രമല്ല തിരുവനന്തപുരത്തും" (ഞാൻ ഏറെ സഹിച്ചു– സി പി മാത്തൻ അധ്യായം 11 – പേജ് 110). മാമ്മൻ മാപ്പിളയുടെ ഇളയ സഹോദരനും ബാങ്ക് വൈസ് ചെയർമാനുമായ കെ സി ഈപ്പൻ അറസ്റ്റ് ഭയന്ന് മൈസൂറിൽ കെ എം ജേക്കബിന്റെ തോട്ടത്തിൽ ഒളിവിൽ കഴിയുകയായിരുന്നു. ബാങ്കിന്റെ ജനറൽ മാനേജരും ദിവാൻ സി പി രാമസ്വാമി അയ്യരുടെ ശിങ്കിടിയുമായ കെ എസ് രാമനുജത്തിനും വാറണ്ടുണ്ടായിരുന്നെങ്കിലും പിടികൊടുത്തില്ല.

തിരുവിതാകൂർ സ്വാതന്ത്ര്യസമര പ്രക്ഷോഭകർ രാഷ്ട്രീയ തടവുകാരായി സെൻട്രൽ ജയിലിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുന്ന ഘട്ടത്തിലായിരുന്നു കെ സി മാമ്മൻമാപ്പിളയും മറ്റും ക്രിമിനൽപുള്ളികളായി ജയിലിലെത്തിയത്. കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി കൃഷ്ണപിള്ള, കെ സി ജോർജ്, പട്ടം താണുപിള്ള, കുമ്പളത്ത് ശങ്കുപിള്ള, പി കേശവദേവ് തുടങ്ങിയ ഒട്ടേറെ സമര ഭടന്മാർ ജയിൽ അന്തരീക്ഷത്തിന് സ്വാതന്ത്ര്യസമരത്തിന്റെ തീവ്രത പകർന്ന് നൽകിയിരുന്നു. ക്രിമിനൽ പുള്ളികളായിരുന്നെങ്കിലും മാമ്മൻമാപ്പിളക്കും മറ്റും ദിവാൻ സി പി രാമസ്വാമി അയ്യർ ജയിലറയിൽ എല്ലാ സൗകര്യങ്ങളും നൽകി. ഭക്ഷണം പുറത്തു നിന്ന് കൊണ്ടുവരാൻ അനുവദിച്ചിരുന്നു. സാധാരണ ക്രിമിനൽ പുള്ളികളെ പാർപ്പിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ജയിലിന്റെ പ്രവേശന കവാടത്തിന് സമീപമുള്ള 'യൂറോപ്യൻ കെട്ടി'ലായിരുന്നു മാമ്മൻമാപ്പിളയുടെയും മറ്റും താമസം.

അന്ന് സെൻട്രൽ ജയിലിലുണ്ടായിരുന്ന എഴുന്നൂറിലേറെ തടവുകാരിൽ നൂറ്റമ്പതോളം പേർ സ്വാതന്ത്ര്യ സമര ഭടന്മാരായിരുന്നു. കെ സി മാമ്മൻമാപ്പിള നിവർത്തന പ്രക്ഷോഭത്തെയും ഉത്തരവാദ ഭരണ പ്രക്ഷോഭത്തെയും പിന്നിൽ നിന്ന് കുത്തിയ അനുഭവങ്ങൾക് സാക്ഷ്യം വഹിച്ചവരായിരുന്നു ഇവരിൽ പലരും. ബാങ്കും പത്രവും പൊളിഞ്ഞ ശേഷമെങ്കിലും മാമ്മൻമാപ്പിള നേർവഴി ചിന്ത തുടങ്ങിയോ എന്ന് പലരും സാകൂതം ഉറ്റുനോക്കി. മാമ്മൻമാപ്പിള തടവറയിലെത്തിയതിന്റെ തൊട്ടടുത്ത ദിവസം ജ

യിലിൽ അരങ്ങേറിയ അണിയറ നീക്കങ്ങൾ മണത്തറിഞ്ഞ സമര ഭടന്മാർക്ക് പഴയ ധാരണകൾ തിരുത്തേണ്ടി വന്നില്ല. തിരുവിതാകൂറിൽ നിവർതന പ്രക്ഷോഭത്തിന്റെ സഹയാത്രികനും അതേസമയം ദിവാൻ സി പി രാമസ്വാമി അയ്യരുടെ കൂട്ടാളിയുമായ ഇ ജെ ഫിലിപ്പോസ് ഏപ്രിൽ ആറിന് (ജയിലിൽ എത്തിയതിന്റെ തൊട്ടടുത്ത ദിവസം) തടവറയിൽ ദൂതുമായി എത്തിയതിന്റെ പൊരുൾ സമരഭടന്മാർക്ക് വ്യക്തമായിരുന്നു. തിരുവിതാകൂറിലെ പ്രക്ഷോഭത്തിന്റെ തീച്ചൂളയിൽ നിന്ന് സി എം സ്റ്റീഫൻ അടക്കം പലരെയും മാനസാന്തരപ്പെടുത്തി തടവറയിൽ നിന്ന് ജീവിതത്തിന്റെ തുറന്ന വിഹായസിലേക്ക് കുട്ടിക്കൊണ്ട് പോകുന്നതിന് സാക്ഷ്യം വഹിച്ചവരാണവർ.

കെ സി മാമ്മൻമാപ്പിള ജയിലിൽ എത്തിയതിന്റെ രണ്ടാം ദിവസം തന്നെ രാമസ്വാമി അയ്യരുടെ ദൂതൻ എത്തി. മാമ്മൻമാപ്പിളയോടൊപ്പം തടവറയിൽ കിടന്ന് സി പി മാത്തന്റെ ഓർമയിൽ നിന്ന് ആ രംഗം ഇതാ:

"ജയിലിൽ എത്തിയതിന്റെ അടുത്ത ദിവസം ദിവാന്റെ ദൂതൻ (തിരുവനന്തപുരത്തെ പ്രമുഖ അഭിഭാഷകനും വ്യവസായ പ്രമുഖനുമായ ഇ ജെ ഫിലിപ്പോസ്)ഞങ്ങളെ കാണാൻ വന്നു. കെ സി മാമ്മൻമാപ്പിളയെയും അദ്ദേഹത്തിന്റെ പുത്രനേയും എന്നെയും കണ്ട് സംസാരിച്ചു. ഞങ്ങൾ കുറ്റം തുറന്ന് സമ്മതിച്ചാൽ ജില്ലാ മജിസ്ട്രേട്ടിനെ കൊണ്ട് നാമമാത്ര ശിക്ഷ എന്ന നിലയിൽ വെറും തടവുമാത്രം നൽകാം. ഈ ശിക്ഷ കിട്ടിക്കഴിഞ്ഞ ശേഷം മഹാരാജാവിന് മാപ്പ് എഴുതികൊടുത്താൽ ഉടനെ അതും അനുവദിക്കും". (ഞാൻ ഏറെ സഹിച്ചു – സി പി മാത്തൻ, അധ്യായം 11, വിചാരണ, പേജ് 111). ദൂതന്റെ ഈ ഓഫർ ഡയറക്ടർമാർകിടയിൽ ആശയക്കുഴപ്പവും പരസ്പര വിശ്വാസമില്ലായ്മയും വളർത്തി. ഈ വാഗ്ദാനത്തിന് വഴങ്ങുന്നില്ലെങ്കിൽ ഏഴുവർഷം കഠിന തടവിന് ശിക്ഷിക്കപ്പെടുമെന്ന ദൂതന്റെ മുന്നറിയിപ്പ് മാമ്മൻമാപ്പിള ഉൾകിടിലത്തോടെയാണ് കേട്ടത്. ഈ നിർദേശം മാത്തൻ കർശ്ശനമായി തള്ളി. ആരെയും കൂസാത്ത ദൃഢപ്രകൃതം, രാമസ്വാമി അയ്യരുടെ മുമ്പിൽ അടിയറവ് പറയുന്നതിന് മാത്തനെ അനുവദിച്ചില്ല. മാമ്മൻമാപ്പിളയുടെയും മകൻ കെ എം ഈപ്പന്റെയും മനസ് ചാഞ്ചാടി തുടങ്ങിയപ്പോൾ കുറ്റം ഏറ്റു പറഞ്ഞ് ജയിലിൽ നിന്ന് മോചനം നേടാൻ മാത്തൻ ഉപദേശിച്ചു. ഈപ്പന്റെ ഗൃഹാതുരത്വം കണ്ടാണ് ഇതിന് വഴങ്ങാൻ താൻ സമ്മതിച്ചതെന്ന് മാത്തൻ അനുസ്മരിക്കുന്നു. മാത്തൻ ജയിലറയിലെ രംഗം വിശദീകരിക്കുന്നത് നോക്കുക:

"ബാങ്കിന്റെ സെക്രട്ടറി കെ വി വർഗീസോ ഞാനോ ഇതിന് വഴങ്ങികൊടുക്കരുതെന്ന് ഞാൻ വർഗീസിനോട് തറപ്പിച്ച് പറഞ്ഞു. നേരത്തെ കായിലോൺ ബാങ്കിന്റെ സെക്രട്ടറിയായിരുന്ന വർഗീസ് പിന്നീടാണ് സംയോജിത ബാങ്കിന്റെയും സെക്രട്ടറിയായത്. മറ്റ് രണ്ട് പേരെ പോലെ നമുക്ക് യാതൊരു ന്യായവും പറയാൻ ഇല്ലാത്തതുകൊണ്ട് അഭിമാന ബോധത്തോടെ ഇത് തള്ളിക്കളയണമെന്ന് വർഗീസിനെ ഉപദേശിച്ചു. പക്ഷെ വർഗീസ് ഇതിൽ എന്നോട് യോജിച്ചില്ല". (ഞാൻ ഏറെ സഹിച്ചു – സി പി മാത്തൻ അധ്യായം 11 വിചാരണ പേജ് 112).

മാത്തൻ ഒഴികെയുള്ളവർ ഇതിന് വഴങ്ങി എങ്കിലും ദിവാൻ മനസ് മാറ്റിയതുകൊണ്ട് ദൗത്യം വിജയിച്ചില്ല. എല്ലാവരും കുറ്റം ഏറ്റുപറഞ്ഞാലെ മാപ്പ് നൽകൂ എന്ന് ദിവാൻ വാശിപിടിച്ചു. മാമ്മൻ മാപ്പിളക്കും മറ്റും തടവറയിൽ നിന്ന് രക്ഷപ്പെടാനുള്ള മോഹം തൽകാലം സഫലമായില്ല. മാത്തനും മാമ്മൻമാപ്പിളയും തമ്മിൽ ഇക്കാര്യത്തിൽ സ്വരച്ചേർചയില്ലാതെതായി. മാത്തന്റെ പിടിവാശിയാണ് എല്ലാ ദുരന്തത്തിനും വഴിയൊരുക്കി

യതെന്ന് മാമ്മൻ മാപ്പിള ആരോപിച്ചു.

അതിനിടെ മാമ്മൻമാപ്പിളയുടെ അനുജൻ കെ സി ഈപ്പനും ജനറൽ മാനേജർ കെ എസ് രാമാനുജവും പൊലീസിന് കീഴടങ്ങി. ഈപ്പനും മാമ്മൻ മാപ്പിളയോടൊപ്പമായിരുന്നു ജയിലിൽ താമസം.

ഒരേ തടവറയിൽ ആയിരുന്നെങ്കിലും ഏതു നിമിഷവും പൊട്ടിത്തെറിക്കുന്ന ഓരോ അഗ്നി പർവതങ്ങൾ പോലെയായിരുന്നു ഈ അഞ്ചു തടവു പുള്ളികൾ. പരസ്പരം പഴി പറഞ്ഞ് ഓരോരുത്തരും സ്വയം ആശ്വസിക്കാൻ ശ്രമിച്ചു. ബാങ്കിന്റെ തകർച്ചക്ക് കാരണം സി പി മാത്തനാണെന്ന് എഴുതി കൊടുത്താൽ വിട്ടയക്കാമെന്ന ദൗത്യവുമായി പൊലീസ് ഇൻസ്പെക്ടർ ജനറൽ കരീം കെ സി ഈപ്പനെ സമീപിച്ചെങ്കിലും ആസ്ത്മാരോഗം മൂർഛിച്ച് അവശനായിട്ടും ഈപ്പൻ വഴങ്ങിയില്ല. പിന്നീട് ഈപ്പനെ ജനറൽ ആശുപത്രിയിലേക്ക് മാറ്റി.

സെപ്തംബർ 18ന് കേസ് വിചാരണ ആരംഭിച്ചതോടെ ജനറൽ മാനേജർ കെ എസ് രാമാനുജം മാപ്പുസാക്ഷിയായി. ദിവാൻ സി പി രാമസ്വാമി അയ്യരുടെ ആഗ്രഹപ്രകാരമായിരുന്നു നേരത്തെ രാമാനുജത്തെ ജനറൽ മാനേജരായി നിയമിച്ചത്. പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് കയ്യാമം വെച്ച് ചടാക്ക് ബസിൽ കൊണ്ടു വരുന്ന പ്രതികളെ കാണാൻ കോടതി വളപ്പിൽ എന്നും തിക്കും തിരക്കുമായിരുന്നു. രാമാനുജം ഒഴികെയുള്ള അഞ്ച് പ്രതികളും കുറ്റക്കാരാണെന്ന് 1939 ആഗസ്റ്റ് രണ്ടിന് ജില്ലാ മജിസ്ട്രേട്ട് കെ പരമേശ്വരപണിക്കർ വിധിച്ചു. തുടർന്ന് സെഷൻസ് ജഡ്ജി കെ ഗോവിന്ദപിള്ളയുടെ കോടതി അഞ്ച് പ്രതികൾക് തടവും പിഴയും ശിക്ഷ നൽകി. വിധിന്യായം വായിച്ചു തീർകാൻ ജഡ്ജി മൂന്നേമുക്കാൽ മണിക്കൂർ എടുത്തു. ഒന്നാം പ്രതി കെ സി മാമ്മൻ മാപ്പിള (8 വർഷം വെറും തടവ് 500 രൂപ പിഴ). കെ സി ഈപ്പൻ (ഒന്നേമുക്കാൽ വർഷം വെറും തടവ് 500 രൂപ പിഴ). കെ എം ഈപ്പൻ (8 വർഷം കഠിന തടവ് 2000 രൂപ പിഴ). കെ വി വർഗീസ് (ഒന്നേമുക്കാൽ വർഷം വെറും തടവ്, 500 രൂപ പിഴ) എന്നിങ്ങനെയാണ് ശിക്ഷ. ഇതിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഇതിനിടെ കെ സി ഈപ്പന് രോഗം മൂർചരിച്ചു. 1940 ഏപ്രിൽ 27ന് വെള്ളിയാഴ്ച അർധരാത്രി തടവറയിൽ ഈപ്പൻ അന്ത്യശ്വാസം വലിച്ചു. 1940 ഡിസംബർ 9ന് ഹൈക്കോടതി വിധി പ്രഖ്യാപിച്ചപ്പോൾ ആറാം പ്രതി കെ വി വർഗീസിനെ മാത്രമെ കുറ്റ വിമുക്തനാക്കിയുള്ളു. മാമ്മൻ മാപ്പിളക്ക് (മൂന്ന് വർഷം വെറും തടവും 500 രൂപ പിഴയും). സി പി മാത്തനും കെ എം ഈപ്പനും (അഞ്ച് വർഷം വീതം കഠിന തടവും രണ്ടായിരം രൂപ പിഴയും) ഹൈക്കോടതി ശിക്ഷ വിധിച്ചു.

കെ എം മാത്യുവിന്റെ 'കേട്ടെഴുത്തുകാർ' എഴുതിവിട്ട കുടുംബേതിഹാസങ്ങളിലെങ്ങും മാമ്മൻ മാപ്പിളയും മകൻ കെ എം ഈപ്പനും എങ്ങിനെ ജയിലിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് മഷിയിട്ട് നോക്കിയാൽ കാണില്ല. ജന്മശതാബ്ദിയുടെ പ്രഭാപൂരത്തിൽ ഡോ. കെ എം തരകനെക്കൊണ്ട് എഴുതിച്ച ചരിത്ര ഗ്രന്ഥത്തിൽ ഇതേകുറിച്ച് പറയുന്നത് നോക്കൂ:

"സമയമായപ്പോൾ ദൈവാനുഗ്രഹം ഡയറക്ടർമാരെ തുണച്ചു. അവരെല്ലാം മോചിതരായി." ഭേഷ്. ഇതിലും വലിയ യജമാന ഭക്തി എങ്ങനെ പ്രകടിപ്പിക്കും. ഈ 'ദൈവാനുഗ്രഹ'ത്തിന്റെ പൊരുളറിയാൻ ദിവാൻ സി പി രാമസ്വാമി അയ്യർ 1941 സെപ്തംബർ 11ന് മദിരാശി സ്റ്റേറ്റ് റസിഡന്റ് ലഫ്റ്റനന്റ് കേണൽ ജി പി മർഫിക്കെഴുതിയ റിപ്പോർട്ടിലൂടെ ഒന്ന് കണ്ണോടിക്കാം:

"സെൻട്രൽ ജയിലിൽ തടവിൽ കഴിയുന്ന മൂന്ന് പേരിൽ രണ്ടാളുകൾ


എഴുതുന്ന ഹർജിയിൽ തങ്ങളുടെ കുറ്റം കൊണ്ടാണ് ബാങ്ക് തകർന്നതെന്ന് സമ്മതിച്ചിരിക്കുന്നു. ഇരുവരുടെയും ആരോഗ്യനില മോശമായതിനാൽ (മാമ്മൻമാപ്പിള അർശസ് രോഗിയാണെന്ന് പറയുന്നു) അവർക് മാപ്പ് നൽകി വിട്ടയച്ചാലും......സംസ്ഥാനത്തിനകത്തു മാത്രമല്ല പുറത്തും ശ്രദ്ധയാകർഷിക്കുകയും ബ്രിട്ടീഷ് ഇന്ത്യയിൽ ഇവരുടെ ഇടപാടുകളെക്കുറിച്ച് ഇന്ത്യാ ഗവർമെണ്ടിന്റെ ഫിനാൻസ് മെമ്പറും റിസർവ് ബാങ്ക് തലവനും ആരായുകയും ചെയ്തിരുന്ന നിലക്കാണ് ഞാൻ ഈ പശ്ചാത്തലം താങ്കളുടെ ശ്രദ്ധയിൽ പെടുത്തുന്നത്. ഇരുവരെയും മോചിപ്പിക്കുന്ന വിവരം ഇന്ത്യാ ഗവർമെണ്ടിനെയും ഫിനാൻസ് – പൊളിറ്റിക്കൽ വകുപ്പുകളെയും അറിയിച്ചാലും......ഇതോടൊപ്പം മറ്റൊന്നു കൂടി അറിയിക്കട്ടെ. മാത്തനെ മോചിപ്പിക്കുന്നില്ല. ധിക്കാരവും മുട്ടാളത്തവും നിറഞ്ഞ നിലപാട് ഇയാൾ എടുത്തു എന്നു മാത്രമല്ല, ഇന്ത്യയാകമാനം ആയിരക്കണക്കായ കുടുംബങ്ങളെ നശിപ്പിച്ച തട്ടിപ്പുകളുടെയും ക്രമക്കേടുകളുടെയും മുഖ്യ സൂത്രധാരകനും കൂടിയാണ് ഇയാൾ".

(നാഷണൽ ആർകൈവ്സ് പൊളിറ്റിക്കൽ ഡിപ്പാർട്മെന്റ് പി ബ്രാഞ്ച് എഫ് നമ്പർ 1 (35) – പി(സെൽ) 14, 1941). ജയിലിൽ നടന്ന നാടകീയ നീക്കങ്ങളെ സി പി മാത്തൻ മറനീക്കികാണിക്കുന്നതും നോക്കൂ:

"രാഷ്ട്രീയ തടവുകാരനും ഇപ്പോൾ കൊല്ലത്ത് സർകാർ അഭിഭാഷകനുമായ എം ജി കോശി വഴി ഈ ഓഫർ (കുറ്റം സമ്മതിച്ച് മാപ്പ് എഴുതി കൊടുക്കുന്നതിന്) മാമ്മൻമാപ്പിള എന്നെ അറിയിച്ചു. ഞാൻ വൈസ്രോയിക്ക് കൊടുത്ത അപ്പീൽ തള്ളിയതായും അദ്ദേഹം എന്നെ ധരിപ്പിച്ചു. ഞാൻ എന്തായാലും വഞ്ചിച്ചില്ല. ഞാൻ ഓഫർ സ്വീകരിക്കാൻ സന്നദ്ധമല്ലെന്ന് അറിയിച്ചു. പക്ഷെ അവർ മാപ്പ് എഴുതിക്കൊടുക്കുന്നതിൽ എതിർപ്പില്ലെന്നും വ്യക്തമാക്കി........ദിവാൻ വച്ച ഉപാധിക്കനുസരിച്ച് തന്നെ അവർ മാപ്പ് എഴുതിക്കൊടുത്തു. ഒരാഴ്ചയോളം ഇതിന്മേൽ തീരുമാനമെടുക്കാതെ ദിവാൻ മാറ്റിവച്ചു. ബാങ്കിന്റെ തകർച്ചക്ക് അവർ ഇരുവരും മാത്രമാണ് മറ്റാരുമല്ല ഉത്തരവാദികൾ എന്നു കൂടി എഴുതിക്കൊടുക്കണമെന്ന് ദിവാൻ ശഠിച്ചു. ഇത്രയും ചെയ്ത സ്ഥിതിക്ക് മറ്റ് വഴികളൊന്നും കാണാത്തതിനാൽ അതും കൂടെ അവർ എഴുതിക്കൊടുത്തു. [illegible]

[illegible]ും നായയെപ്പോലെയല്ല, സിംഹത്തെപ്പോലെ ജീവിക്കുന്നതാണ് പൗരുഷലക്ഷണം എന്ന തത്വത്തിന്റെ പ്രായോഗിക നിദർശനമായിരുന്നു മാമ്മൻമാപ്പിള' (മാമ്മൻ മാപ്പിള ഒരു പഠനം പേജ് 196). കൂടപ്പിറപ്പായ കെ സി ഈപ്പൻ രോഗം മൂർഛിച്ച് മരണവക്രത്തിൽ ജയിലറയിൽ കിടന്ന് പിടയുമ്പോൾ കാട്ടിയ പൗരുഷലക്ഷണം പോലും മാമ്മൻ മാപ്പിളക്ക് മാതൃകയായില്ല. ജയിലിൽ നിന്നിറങ്ങിയ മാമ്മൻ മാപ്പിള തിരുവിതാംകൂറിന്റെ മണ്ണിൽ തലയുയർത്തി നടക്കാനാകാതെ മദിരാശിയിലേക്ക് താമസം മാറ്റി.

തിരുവിതാംകൂർ സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ തീച്ചൂളയിൽ തിളച്ചുമറിഞ്ഞ നാൽപതുകളിൽ മനോരമ കുടുംബത്തിന്റെ അധിപന്മാർ മദിരാശിയിൽ വ്യവസായ സാമ്രാജ്യം പുതുക്കി പണിയുന്നതിന്റെ തത്രപ്പാടിലായിരുന്നു. സ്വാതന്ത്ര്യം യാഥാർഥ്യമാകുകയും ചരിത്രം വഴിതിരിഞ്ഞൊഴുകുകയും ചെയ്തശേഷമേ അവർ തിരുവിതാംകൂറിൽ തിരിച്ചെത്തിയുള്ളു. കാലം മാറി. താൽപര്യങ്ങൾ മാറി. തലമുറകൾ മാറി. പുതിയ ഭരണാധികാരിവർഗത്തിന്റെ അപദാനങ്ങളുമായി മലയാള മനോരമ പിന്നെയും ജനങ്ങൾകിടയിൽ ഇറങ്ങി. ഇതാ നാലുപതിറ്റാണ്ടു കഴിഞ്ഞപ്പോൾ ചരിത്രമാറ്റങ്ങളുടെ അവകാശികൾ തന്നെ തങ്ങളാണെന്ന നാട്യവും തുടങ്ങി. ഈ കപട വ്യവസായം കണ്ടില്ലെന്ന് നടിക്കുന്നത് ചരിത്രത്തോടും, സത്യത്തോടും ചെയ്യുന്ന കടുത്ത അപരാധമായിരിക്കും.


വിഷവൃക്ഷത്തിന്റെ
1888
1988
വില
5 രൂപ
ജി.ശക്തിധരൻ